www.
khur-aan
sunnath
society.com

2013 ഒക്ടോബർ

# വേദ ദർശനം

Vedadarsanam Monthly, Volume 04, Issue No. 02, E-mail: vedadarsanam@mail.com. Don: ₹15




## മൃഗബലി:
## മൃഗങ്ങളുടെ ത്യാഗമോ,
## മനുഷ്യരുടെ ത്യാഗമോ?

## ഇബ്രാഹിം മില്ലത്ത്
## മൃഗബലിയോ?

## അറബികല്ല്യാണവും വിവാഹപ്രായ വിവാദവും

## നോമ്പ് ഫസാദാക്കിയ 'തനിയാവർത്തനവും',
## സുന്നികളുടെ ജീവിതം ഫസാദാക്കിയ അബൂഹുറൈറയും

## മതഭീകരത വാരാചരണ ഉദ്ഘാടനച്ചടങ്ങിൽനിന്ന് ചില ദൃശ്യങ്ങൾ
## (2013 ജൂലൈ 21 – സ്പോർട്സ് കൗൺസിൽ ഹാൾ)

















# താളുകൾ മറിക്കുമ്പോൾ


5 മുസ്‌ലിം വിവാഹപ്രായം ചില കാണാപ്പുറങ്ങൾ

7 അറബിക്കല്ല്യാണം

9 മൃഗബലി: മൃഗങ്ങളുടെ ത്യാഗമോ, മനുഷ്യരുടെ ത്യാഗമോ?

11 ബലി

16 നോമ്പ് ഫസാദാക്കിയ 'തനിയാവർത്തനവും',
സുന്നികളുടെ ജീവിതം ഫസാദാക്കിയ അബൂഹുറൈറയും

22 അനുഷ്ഠാനം കയറിവരുന്ന വഴികൾ

25 വേദസംഹിതകളുടെ സമകാലിക വായന

33 മുസ്‌ലിം വിവാഹപ്രായം; കൂരിരുട്ടിലേക്കുള്ള തിരിച്ചുപോക്ക്

36 എന്നാണ് തിരിച്ചറിവുണ്ടാവുക?

41 ഇബ്രാഹിം മില്ലത്ത് മൃഗബലിയോ?

43 സ്വലാത്തിനെ പരിഹസിക്കുന്നവർ

44- 50 പ്രസ്ഥാന വാർത്തകൾ



വേദ ദർശനം

ഖുർആൻ സുന്നത്ത് സൊസൈറ്റി പ്രസിദ്ധീകരണം

Vedadarsanam Monthly. Volume 04, Issue No. 02, 2013 October, Don: ₹15

ചീഫ് എഡിറ്റർ : മുതൂർ അബൂബക്കർ
പബ്ലിഷർ : കെ.കെ. സാലിം ഹാജി
കോ-ഓർഡിനേറ്റർ : എൻ.ടി.എ. കരീം

Printed & Published by: K.K. Salim Haji, Printed at Clt. Co-ordinator: NTA Kareem, (The editors, publisher and co-ordinator are not responsible for the views and opinions expressed in articles.)
Chief Editor: Muthur Aboobacker,
Tirur - 676101, Malappuram Dist. Mob: 9446297007 (Private circulation only)

# ദൈവത്തിന് മനുഷ്യരെപ്പോലെ വീടുണ്ടാക്കുകയോ?

മുസ്‌ലിംകൾ ദൈവത്തിന് വീടുണ്ടാക്കുവാൻ പാടുപെടുന്നവരാണ്. വീടിന്റെ ആവശ്യം തന്നെ പ്രകൃതിപ്രതിഭാസങ്ങളായ മഴ, മഞ്ഞ്, കാറ്റ്, വെയിൽ എന്നിവയിൽ നിന്നും സംരക്ഷണം ലഭിക്കുന്നതിന് വേണ്ടിയാണ്. വിഗ്രഹങ്ങൾക്ക് പ്രകൃതിപ്രതിഭാസങ്ങളിൽ നിന്ന് സംരക്ഷണം ലഭിക്കുന്നതിന് വേണ്ടിയുള്ള ദൈവത്തിന്റെ വീട് എന്ന ആശയം വിഗ്രഹാരാധനയുടെ ഭാഗമാണ്. പ്രപഞ്ചത്തെ മുഴുവൻ സംരക്ഷിച്ച് നിയന്ത്രിക്കുന്ന മഹശ്ശക്തിക്ക് ദുർബലരായ മനുഷ്യരെപ്പോലെ 'ഷെൽട്ടർ' ആവശ്യമാണ് എന്ന വിശ്വാസം തന്നെ അബദ്ധമാണ്. മാത്രമല്ല 'മൻ ബനാ ലീ ബയ്ത്തൻ ബനാലഹു ബയ്ത്തൻ ഫിൽജന്ന" (എനിക്ക് ഒരു വീടുണ്ടാക്കി തരൂ അവന് സ്വർഗ്ഗത്തിൽ ഒരു വീടുണ്ടാക്കി തരാം) എന്ന് വിലപിക്കുന്ന ദൈവം എത്ര ദുർബലനാണ്. ഇത്തരം വിശ്വാസങ്ങളൊക്കെ ഖുർആൻ വിഭാവനം ചെയ്യുന്ന ദൈവവിശ്വാസത്തിന് കടകവിരുദ്ധമാണ്. ദൈവത്തെ മനസ്സിലാക്കേണ്ട രീതിയിൽ ഗ്രഹിക്കാത്തതിന്റെ അപകടമാണിതെല്ലാം.

ഇബ്രാഹിം നബിയോ ഇസ്മായിൽ നബിയോ പോയിട്ട് മുഹമ്മദ് നബിക്ക് മുമ്പ് അറേബ്യയിൽ ഒരൊറ്റ പ്രവാചകന്മാരും വന്നിട്ടില്ലെന്ന് യാസീൻ: 6, സബഅ്: 44, സജദ: 3 എന്നീ സൂക്തങ്ങളിൽ ഖുർആൻ വ്യക്തമാക്കുന്നു. എന്നിട്ടും ഖുർആൻ അവതരണത്തിന് മുമ്പു ഒരു ദേവാലയം ഇബ്രാഹിം നബിയും ഇസ്മായിൽ നബിയും അറേബ്യയിൽ പടുത്തുയർത്തി എന്നത് അടിസ്ഥാനരഹിതമായ വാദമാണ്. പള്ളി നിർമ്മാണം അഥവാ ദൈവത്തിന് വീടുണ്ടാക്കൽ എന്ന പ്രവണതയിൽ നിന്ന് മുസ്‌ലിംകൾ പിന്മാറുകയും ഖുർആനിൽ വ്യക്തമാക്കിയ മസ്ജിദ്, ബയ്ത്ത്, ഖിബ്‌ല, മസ്ജിദുൽ ഹറാം എന്നിവയുടെ യഥാർത്ഥ സാരം ഖുർആൻ കൊണ്ട് തന്നെ ഗ്രഹിക്കുകയും ചെയ്യുന്നതുവരെ ദൈവത്തിന് വീടുണ്ടാക്കൽ തുടരുക തന്നെ ചെയ്യും.

– എഡിറ്റർ

prathikaranam

# മുസ്‌ലീം വിവാഹപ്രായം
# ചില കാണാപ്പുറങ്ങൾ

**സ്വന്തം ലേഖകൻ**

മുസ്‌ലിം വിവാഹപ്രായം ചൂടേറിയ ചർച്ചക്ക് കളമൊരുക്കിയിരിക്കയാണ്. കോഴിക്കോട് ജില്ലയിലെ മുജാഹിദ് പ്രസ്ഥാനത്തിന് കീഴിലുള്ള ഒരു യതീംഖാനയിൽ നടന്ന അറബികല്യാണത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ട് മുസ്‌ലിം സംഘടനകൾ സുപ്രീംകോടതിയെ സമീപിക്കാൻ തയ്യാറെടുക്കുന്നു. കർമ്മശാസ്ത്രഗ്രന്ഥങ്ങളെ ആസ്പദമാക്കി 1937ൽ ബ്രിട്ടീഷുകാർ ഉണ്ടാക്കിയ മുഹമ്മദൻസ് ലോ അനുസരിച്ച് വിവാഹം, വിവാഹമോചനം, സ്വത്തവകാശം എന്നിവ ഞങ്ങൾക്ക് അനുവദിച്ചുതരണമെന്നാണ് ഇവർ പരമോന്നത നീതിപീഠത്തോട് ആവശ്യപ്പെടാൻ ശ്രമിക്കുന്നത്. ആറാം നൂറ്റാണ്ടിലെ അറബികളുടെ ആചാരങ്ങളും വിശ്വാസങ്ങളും പ്രചരിപ്പിച്ച ഹദീസുകൾക്കനുസരിച്ചുള്ള കർമ്മശാസ്ത്രഗ്രന്ഥങ്ങളെ ആസ്പദമാക്കി ബ്രിട്ടീഷുകാർ തയ്യാറാക്കിയ മുഹമ്മദൻസ് ലോ ഞങ്ങൾക്കനുവദിക്കണമെന്ന് ആവശ്യപ്പെടുന്നവരുടെ മുൻനിരയിൽ കേരളത്തിൽ നവോത്ഥാനം നടത്തിയവരെന്ന് അവകാശപ്പെടുന്നവർകൂടി ഉണ്ടെന്നുള്ളതാണ് ഇതിലെ രസകരമായ അവസ്ഥ. ഇത്രയും കാലം സ്ത്രീവിമോചനം, സ്ത്രീസമത്വം, സ്ത്രീവിദ്യാഭ്യാസം എന്നൊക്കെ പറഞ്ഞിരുന്ന "ചങ്കരന്മാർ തെങ്ങിന്മേൽ"തന്നെയാണെന്ന് കേരളസമൂഹത്തിന് ഇതിലൂടെ ബോധ്യപ്പെടുന്നു.

മുസ്‌ലിം വിവാഹത്തെ കുറിച്ച് ഖുർആൻ ദൃഢമായ കരാറാണെന്നും, കരാറുകളെ സംബന്ധിച്ചുള്ള വ്യക്തമായുള്ള നിർദ്ദേശങ്ങളും നല്കുന്നു. ഇതിനൊന്നും ഇന്നത്തെ മുസ്‌ലിംകൾ യാതൊരുവിലയും കല്പിക്കുന്നില്ല. കർമ്മശാസ്ത്രഗ്രന്ഥങ്ങളിൽ എഴുതിവെക്കപ്പെട്ടത് വിവാഹം വധുവിന്റെ രക്ഷിതാവും വരനും തമ്മിലുള്ള കരാറാണെന്നാണ്. അതിലെ കരാർവ്യവസ്ഥ ഇങ്ങനെ: "ഉസവിജുക്ക മാ അമറല്ലാഹു തഅലാ ബി ഇമസാക്കിൻ ബി മഅ്‌റൂഫിൻ ഔ തസ്‌രീഹിൻ ബി ഇഹ്‌സാൻ."



അർത്ഥം: അല്ലാഹു കല്പിച്ച പ്രകാരം നിനക്ക് ഇണയാക്കി തരുന്നു. നല്ലനിലയിൽ ഇവളെ പിടിച്ചുനിർത്തുക. അല്ലെങ്കിൽ നല്ലനിലയിൽ ഇവളെ പറഞ്ഞുവിടുക. വിവാഹത്തോടൊപ്പം വിവാഹമോചനവും വ്യവസ്ഥചെയ്യുന്ന ഈ നിയമം ആറാം നൂറ്റാണ്ടിലെ അടിമക്കച്ചവടത്തിന്റെ പകർപ്പാണ്. ഇതിൽ ഒരു കക്ഷിയായ സ്ത്രീക്ക് യാതൊരു പങ്കാളിത്തവുമില്ല. വധുവിന്റെ രക്ഷിതാവും വരനും തമ്മിലുള്ള ഒരു കൈമാറ്റച്ചടങ്ങ്. രക്ഷിതാവ് ആരാണ് എന്നന്വേഷിച്ച് കർമ്മശാസ്ത്രഗ്രന്ഥങ്ങളിലേക്ക് ഇറങ്ങിയാൽ അതിലേറെ രസകരമാണ്. സ്ത്രീയെ അടിമത്വത്തിൽ ആഴ്ത്തി



മുസ്‌ലിം പെൺകുട്ടികളുടെ വിവാഹപ്രായം: ഇളവിന് സുപ്രീംകോടതിയെ സമീപിക്കും

നിയമജ്ഞരുടെ സമിതി ഹരജി തയാറാക്കും

(മാധ്യമം- സെപ്തംബർ 22, 2013)

പർദ്ദയിൽ പൊതിഞ്ഞ് ഇരുട്ടുമുറിയിൽ അടച്ച് കന്നു കാലികളെപ്പോലെ പരസ്പരം കൈമാറ്റം ചെയ്യുന്ന ഈ നിക്കാഹിനെ വിവാഹം എന്ന് വിശേഷിപ്പിക്കാൻ സാധ്യമല്ല. ഇത് ഖുർആൻ വിരുദ്ധവും ഇസ്‌ലാമിക വിരുദ്ധവുമാണ്.

വിവാഹത്തിലെ കക്ഷികളായ വരനും വധുവും തമ്മിൽ നേരിട്ട് നിയമത്തിന്റെ പിൻബലത്തോടെ റജിസ്ട്രർ ഓഫീസുകളിൽ വെച്ച് നടത്തുന്ന അവസ്ഥയിലേക്ക് മുസ്‌ലിം വിവാഹങ്ങൾ മാറണം. വിവാഹം നടത്താനുള്ള അധികാരം മതമേലാളന്മാരിൽനിന്നും, മതസ്ഥാപനങ്ങളിൽനിന്നും എടുത്തുകളയണം. അവ സർക്കാർ സംവിധാനത്തിലൂടെ മാത്രം നടക്കണം. പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും വിവാഹത്തിനുള്ള മിനിമം പ്രായം 21 വയസ്സാക്കി ഉയർത്തണം. 18 വയസ്സ് എന്നുള്ളത് സ്കൂൾ വിദ്യാഭ്യാസമേ ആവുന്നുള്ളൂ. സ്വയം കാര്യങ്ങൾ തീരുമാനിക്കാനുള്ള പക്വത വന്ന സ്ത്രീപുരുഷന്മാർ തമ്മിൽ അവരാഗ്രഹിക്കുന്ന വിവാഹം സ്വതന്ത്രമായി നടത്താനുള്ള സാഹചര്യം ഇവിടെ ഉണ്ടാവണം. അത്തരം സാഹചര്യം ഒരുക്കി അവരെ സഹായിക്കുന്ന അവസ്ഥയിലേക്ക് രക്ഷിതാക്കൾ മാറണം. സ്ത്രീധനവും ആഭരണഭ്രമവും വിവാഹധൂർത്തും ഇല്ലാതെ വിവാഹങ്ങൾ മത വിഭാഗീയ ചിന്താഗതികൾക്കതീതമായി നടക്കണം. ആരോഗ്യകരവും വിദ്യാസമ്പന്നരും പരിഷ്കൃതരുമായ ഒരു സമൂഹത്തെ വാർത്തെടുക്കുവാൻ ഇത്തരം കാര്യങ്ങളിലൂടെ മാത്രമേ മാത്രമേ സാധിക്കൂ.

## മുസ്‌ലിം സ്ത്രീകളോട് ഗൗരവപൂർവ്വം

മുസ്‌ലിംസ്ത്രീകൾ അവർക്ക് മതം നല്കുന്ന സ്ഥാനം തിരിച്ചറിയുക തന്നെ വേണം. വിവാഹത്തിൽ സ്ത്രീകളെ ഒരു വ്യക്തിയായിപോലും അംഗീകരിക്കുന്നില്ല. വിവാഹത്തിൽ യാതൊരു പങ്കാളിത്തവുമില്ല. വിദ്യാഭ്യാസത്തിനുള്ള അവകാശമാണ് ഇവിടെ നഷ്ടപ്പെടുന്നത്. എപ്പോൾ വേണമെങ്കിലും മൊഴിചൊല്ലാവുന്ന വ്യവസ്ഥയോടെയാണ് ഇന്നത്തെ വിവാഹങ്ങൾ നടക്കുന്നത്. "ഞങ്ങൾക്ക് വേണ്ടത് വിവാഹമല്ല, പുസ്തകങ്ങളാണെ''ന്ന് പറഞ്ഞ മലാലയുടെയും നുജൂദിന്റെയും വിലാപങ്ങൾക്ക് കാരണമായവരുടെ ചിന്താഗതികൾ തന്നെയാണ് വിവാഹപ്രായം കുറക്കാൻ പ്രയത്നിക്കുന്നവർക്കുമുള്ളത്. മുപ്പത് വയസ്സാകുമ്പോഴേക്കും മുത്തശ്ശിയാകുന്ന ഈ ദുരവസ്ഥ മുസ്‌ലിം സ്ത്രീകൾക്ക് മാത്രമാണ് ഇവിടെയുള്ളത്. ഗർഭസ്ഥ ശിശു സ്ത്രീയാണെങ്കിൽ അതിനെ ഗർഭാവസ്ഥയിൽപോലും വിവാഹം ചെയ്തുകൊടുക്കാൻ വ്യവസ്ഥയുള്ള പ്രമാണങ്ങളുടെ പിൻബലമുള്ള മതത്തിലാണ് ഇപ്പോൾ മുസ്‌ലിം സ്ത്രീകൾ നിലകൊള്ളുന്നത്. ഒന്നാംക്ലാസ്സിലെ കുട്ടിയെ (6-ാം വയസ്സിൽ) വിവാഹം ചെയ്തുവെന്ന നബിയുടെ 'സുന്നത്താണ്' ഇവരുടെ തുറുപ്പ്ശീട്ട്. ഖുർആൻ അവതരണത്തിന് മുമ്പുള്ള ആറാം നൂറ്റാണ്ടിലെ അന്ധവിശ്വാസങ്ങളുടെ ഇരകളാവുകയാണ് കേരളത്തിലെ മുസ്‌ലിംസ്ത്രീകൾ. ഇങ്ങനെ ജാഹിലീയ കാലത്തെ നിയമങ്ങളുടെ ബലിമൃഗങ്ങളാക്കി മാറ്റുന്നതിന് വേണ്ടിയാണ് മുസ്‌ലിം സംഘടനകൾ ശ്രമിക്കുന്നത്. ഷബാനുബീഗം കേസിൽ സുപ്രീംകോടതി രണ്ടാം അദ്ധ്യായത്തിലെ 241 സൂക്തം വിധിയായി വിധിച്ചപ്പോൾ "ഞങ്ങളുടെ ശരീഅത്ത് പൊളിഞ്ഞേ' എന്ന് അലമുറയിട്ടവർ ഇതാ ഒന്നിച്ച് കൂടി വീണ്ടും സ്ത്രീകൾക്ക് നേരെ തിരിഞ്ഞിരിക്കുന്നു. ഇതിൽ നിന്നും രക്ഷപ്പെടാൻ ഖുർആനിക വെളിച്ചത്തിലേക്ക് വരിക മാത്രമേ പരിഹാരമുള്ളൂ. മനുഷ്യാവകാശങ്ങളുടെ മോചനവും സംരക്ഷണവും ലക്ഷ്യംവെച്ച വിശ്വമാനവമോചന ദൈവിക ഗ്രന്ഥത്തിലെ ഉദ്ബോധനങ്ങൾക്ക് വില കല്പിക്കുന്ന സമൂഹത്തിൽ മാത്രമേ നിങ്ങൾക്ക് രക്ഷയുള്ളൂ.

പ്രതികരണം

# അറബിക്കല്ല്യാണം

**സൈനുദ്ദീൻ തിരൂർ**

അത്വാഅ് നിവേദനം: ജാബിർ ഇബ്നു അബ്ദുല്ല ഉംറ നിർവഹിക്കാനായി വന്നു. ഞങ്ങൾ അദ്ദേഹത്തിന്റെ താമസസ്ഥലത്ത് ചെന്നു. അങ്ങനെ ജനങ്ങൾ അദ്ദേഹത്തോട് പല കാര്യങ്ങളും അന്വേഷിച്ചു. പിന്നെ അവർ താൽകാലിക വിവാഹത്തെപ്പറ്റിയും ചോദിച്ചു. അദ്ദേഹം പറഞ്ഞു: 'അതെ, ഞങ്ങൾ നബിയുടെ കാലത്തും അബൂബക്കറിന്റെയും ഉമറിന്റെയും (ഭരണ) കാലങ്ങളിലും താൽകാലിക വിവാഹം ചെയ്തിട്ടുണ്ട്. (സ്വഹീഹ് മുസ്ലിം, വാല്യം 2, ഭാഗം 16, ഹദീസ് നമ്പർ 15)

അബു സുബൈർ നിവേദനം: ജാബിർ ഇബ്നു അബ്ദുല്ല പറയുന്നതായി ഞാൻ കേട്ടു: 'നബിയുടെ കാലത്ത് ഏതാനും ദിവസത്തേക്ക് ഒരു പിടി കാരക്കക്കും, ഒരു പിടി ഗോതമ്പ് പൊടിക്കും ഞങ്ങൾ താൽകാലിക വിവാഹം നടത്തിയിരുന്നു. അബൂബക്കറിന്റെ (ഭരണ)കാലത്തും ചെയ്തിരുന്നു. അങ്ങനെ അത് അംറു ബ്നു ഹുറൈസിന്റെ കാര്യത്തിൽ ഉമർ നിരോധിക്കുന്നത് വരെയും അപ്രകാരം ചെയ്തിരുന്നു).' (സ്വഹീഹ് മുസ്ലിം, വാല്യം 2, ഭാഗം 16, ഹദീസ് നമ്പർ 16)...

കോഴിക്കോട്ടെ ഒരു യതീംഖാനയിലെ പ്രായപൂർത്തിയാകാത്ത അന്തേവാസിനിയെ ഒരു യു. എ. ഇ. പൗരൻ വിവാഹം കഴിച്ചതും ഏതാനും ദിവസങ്ങൾക്കു ശേഷം മൊഴിചൊല്ലിയതും ആ പെൺകുട്ടി നീതിക്കുവേണ്ടി നിയമ സഹായം തേടിയതും ഇന്ന് കേരളത്തിൽ ഒരു ചർച്ചാവിഷയമാണല്ലോ?

ഈ ചർച്ചയിൽ പ്രധാനമായും രണ്ട് വ്യത്യസ്ത നിലപാടുകളാണ് സ്വീകരിക്കപ്പെട്ടു കാണുന്നത്. ഒന്ന്, സാമൂഹ്യമായി ഇതുണ്ടാക്കുന്ന പ്രത്യാഘാതത്തെക്കുറിച്ചുള്ളതും മറ്റൊന്ന് മുസ്ലിംകൾക്കും അവരുടെ സ്ഥാപനങ്ങൾക്കും എതിരായി യാതൊരടിസ്ഥാനവുമില്ലാതെ ചില തല്പര കക്ഷികൾ കരുതിക്കൂട്ടി നടത്തുന്ന ഉപജാപങ്ങളുടെ ഭാഗമാണിത് എന്നുള്ളതുമാണ്. എന്നാൽ ചർച്ചയിൽ മുന്നിട്ടു നിൽക്കുന്ന മേൽപറഞ്ഞ രണ്ടുവാദങ്ങളും യഥാർത്ഥ വസ്തുതയെ സ്പർശിക്കുക പോലും ചെയ്യാത്ത കേവലം ഉപരിപ്ലവങ്ങളായ വാചക കസർത്തുകൾ മാത്രമാണ് ഈ വിഷയത്തിന്റെ മൂന്നാമത്തേതും അടിസ്ഥാനപരവുമായ പ്രശ്നം ആരും തന്നെ ഉന്നയിച്ചു കാണുന്നില്ല. പുരോഹിതവർഗം അതിവിദഗ്ദമായി ഒളിച്ചുകളിക്കുകയുമാണ്.

മുകളിൽ കൊടുത്തിട്ടുള്ള രണ്ടു ഹദീസുകൾ പരിഷ്കൃത സമൂഹത്തിന് സമരസപ്പെടാനാകാത്ത അനേകായിരം ഹദീസുകളിൽ രണ്ടെണ്ണം മാത്രമാണ്. മനുഷ്യസംസ്കാരത്തിനോ മനുഷ്യന്റെ നീതിബോധത്തിനോ നിരക്കാത്ത ധാർമികതയെ ചോദ്യം ചെയ്യുന്ന ഇത്തരം ഹദീസുകളെ ഇസ്ലാമിന്റെ പ്രമാണങ്ങളാണെന്ന് വിശ്വസിക്കുകയും വിശ്വസിക്കാൻ നിർബന്ധിക്കുകയും ചെയ്യുന്ന കാലത്തോളം മറ്റനേകം കാര്യങ്ങളിലെന്നപോലെ അറബിക്കല്ല്യാണത്തിലും എന്താണ് തകരാറുള്ളത്?

പിന്നെ ആർക്കാണ് ഇതിൽ പ്രതിഷേധമുള്ളത്? എന്താണ് ആ പ്രതിഷേധത്തിന്റെ കാരണം? ഇതിൽ ആദ്യമായി പ്രതിഷേധമുള്ളവർ ഖുർആനെ മാത്രം പ്രമാണമാക്കിയവർ തന്നെയായിരിക്കും. രണ്ടാമത് നീതിബോധവും ധർമബോധവുമുള്ള പൊതുസമൂഹം മുഴുവനുമായിരിക്കും. എന്താണ് ഖുർആൻ മാത്രം പ്രമാണമാക്കിയവർക്ക് ഇതിൽ കാര്യം? ഇസ്ലാമും മുസ്ലിമിന്റെ ജീവിതവും ഖുർആനെയായിരിക്കണം പ്രതിഫലിപ്പിക്കേണ്ടത് എന്നു ചിന്തിക്കുന്നതുകൊണ്ടാണത്. പ്രാകൃത കാലത്ത് ലോകത്തിന്റെ ഏതെങ്കിലും മൂലയിൽ ഏതെങ്കിലും ഗോത്രസമൂഹം അന്ധമായി ആചരിച്ചിരുന്നതിനെ അതേപടി അനുകരിക്കുക എന്നുള്ളത് പരിഷ്കൃത സമൂഹത്തിനോ ഖുർആനെ ഇസ്ലാമിന്റെ അടിസ്ഥാന പ്രമാണമായി കണക്കാക്കുന്നവർക്കോ ചിന്തിക്കാൻപോലും സാധ്യമല്ല. ഖുർആ

ൻ മാത്രം മനസ്സിലാക്കിയാൽ ഇസ്ലാമികത പൂർണമാകില്ല നബിചര്യ എന്നപേരിൽ പ്രചാരത്തിലുള്ള വ്യാജകഥകൾകൂടി വിശ്വസിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്താലേ പൂർണ ഇസ്ലാമാവുകയുള്ളൂ എന്ന് അന്ധമായും അക്രമാസക്തമായും വിശ്വസിക്കുന്നവർക്ക് ഒരു പെൺകുട്ടിയോട് കാണിക്കുന്ന ഈ അനീതിയെക്കുറിച്ച് പറഞ്ഞാൽ മനസ്സിലായെന്നു വരില്ല. അതു സമൂഹത്തിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ദീർഘദർശനം ചെയ്യാനും കഴിയില്ല.

ഖുർആനിൽ സ്ത്രീപുരുഷ ബന്ധത്തെക്കുറിച്ച് പരാമർശിക്കുന്നത് അത് സമൂഹത്തിന്റെ വിശാല താല്പര്യങ്ങൾക്കും നീതിനിഷ്ഠക്കും ധാർമിക വ്യവസ്ഥക്കും അനുസൃതമായിരിക്കണം എന്ന വിശാല കാഴ്ചപ്പാടിലാണ്. അങ്ങനെ നോക്കുമ്പോൾ താല്ക്കാലിക സംതൃപ്തിക്കുവേണ്ടി ( അതും പുരുഷന്റെ മാത്രം) സ്ത്രീപുരുഷന്മാർ തമ്മിൽ മറ്റു സാമൂഹ്യ ബാധ്യതകളൊന്നും കണക്കിലെടുക്കാതെ ബന്ധപ്പെടുന്നത് നിഷിദ്ധം തന്നെയാണ്. എന്തുകൊണ്ടെന്നാൽ മറ്റു നാനാതരത്തിലുള്ള മനുഷ്യന്റെ ബന്ധങ്ങൾക്കൊന്നുമില്ലാത്ത ചില പ്രത്യേകതകളും പ്രത്യാഘാതങ്ങളും പ്രായപൂർത്തിയായ സ്ത്രീപുരുഷന്മാരുടെ സ്വകാര്യബന്ധങ്ങളിൽ ഉണ്ടാവാൻ ഇടയുണ്ട് എന്നതാണത്. അത് സമൂഹത്തെ ബാധിക്കുന്നതും അതുകൊണ്ടു തന്നെ സമൂഹത്തിന് അതിന്മേൽ ഉത്തരവാദിത്വമുള്ളതുമാണ്.

താല്ക്കാലിക സുഖത്തിനുവേണ്ടി ചെറിയ സമ്മാനങ്ങളെന്തെങ്കിലും നല്കി ഏതാനും ദിവസം ഒരു സ്ത്രീയുമായി ബന്ധപ്പെടുന്ന പ്രവൃത്തിക്ക് വ്യഭിചാരം എന്നാണ് പരിഷ്കൃതസമൂഹം പേരു നല്കിയിട്ടുള്ളത്. ഈ ലേഖനത്തിന്റെ ഇടക്കത്തിൽ ഉദ്ധരിച്ച ഹദീസുകൾപ്രകാരം അതിൽ വിശ്വസിക്കുന്നവർക്ക് മേൽപറഞ്ഞ പ്രവൃത്തി ഒരു പുണ്യകർമവുമാണ്. വ്യഭിചാരം പുണ്യപ്രവൃത്തിയാണെന്ന് വിശ്വസിക്കുന്നവർ ഏതായാലും ഇസ്ലാം എന്ന പേരിന് അർഹരല്ല. മുകളിൽ കൊടുത്തതും അതേ ഇനത്തിൽപെടുന്നതുമായ മറ്റനേകായിരം ഹദീസുകളും വിശ്വാസപ്രമാണമാക്കിയ ഒരു ജനതയിൽ നിന്ന് ഇതൊക്കെയല്ലാതെ മറ്റെന്താണ് പ്രതീക്ഷിക്കാനാവുക? ഖുർആൻ പ്രാവർത്തികമാക്കുന്ന ജനതയെയാണ് മുസ്ലിംകൾ എന്നു വിളിക്കുക. അറബികളുടെ പ്രാകൃത പാരമ്പര്യം പിൻപറ്റാൻ വാശിപിടിക്കുന്നവരെ അവരിൽ പെട്ട ആളുകളായിട്ടേ കാണാൻ കഴിയുകയുള്ളൂ.



മുകളിൽ കൊടുത്ത ഹദീസുകളിൽ രണ്ടാമത്തേതിൽ ഉമർ നിരോധിക്കുന്നതുവരെ എന്നൊരു വാക്കുണ്ട്. ഇതിനു രണ്ടുവശങ്ങളുണ്ട് ഒന്നാമത്തേത് നബിയുടേയും അബൂബക്കറിന്റേയും കാലത്ത് അംഗീകരിക്കപ്പെട്ട ഒരു കാര്യം ഉമറിന് എങ്ങനെ നിരോധിക്കാനാകും? രണ്ടാമത് ഉമർ നിരോധിച്ചു എന്നു പറയുമ്പോൾ അതിനു ശേഷവും ഈ ഏർപ്പാട് ഈ കഴിഞ്ഞ കോഴിക്കോട്ട് സംഭവം വരെക്കും എങ്ങനെ നിലനിന്നു?

**കവർസ്റ്റോറി**

# മൃഗബലി: മൃഗങ്ങളുടെ ത്യാഗമോ, മനുഷ്യരുടെ ത്യാഗമോ?




സ്റ്റാഫ് റിപ്പോർട്ടർ

ദൈവപ്രീതിക്കുവേണ്ടി മൃഗങ്ങളെ ബലിയർപ്പിക്കുന്നവർ ഒട്ടും ചിന്തിക്കാത്ത കാര്യങ്ങളാണ് ഇവിടെ പ്രതിപാദിക്കുന്നത്. ത്യാഗസ്മരണയുടെ ഭാഗമായുള്ള മറ്റൊരു ത്യാഗമായാണല്ലോ ബലി പരിഗണിക്കപ്പെടുന്നത്. എന്നാൽ ഈ ത്യാഗം മനുഷ്യരുടേതോ അതോ മൃഗങ്ങളുടേതോ? മനുഷ്യർക്ക് ഇതൊരു ത്യാഗമേ അല്ല. ദൈവത്തിന്റെ മഹത്വം (അല്ലാഹു അക്ബർ) വിളംബരം ചെയ്തുകൊണ്ട് ബലിയറുക്കുകയും അവയുടെ മരണവെപ്രാളം കണ്ടാനന്ദിക്കുകയും സുഭിക്ഷമായി അത് ഭക്ഷിക്കുകയും ചെയ്യുന്നത് എങ്ങനെയാണാവോ ത്യാഗത്തിന്റെ ഗണത്തിൽ പെടുക?

ജീവൻ നഷ്ടപ്പെട്ടത് മൃഗങ്ങൾക്കാണ്. അവയുടെ രക്തമാണ് ദൈവപ്രീതിക്കായി ഒഴുകിയത്. അപ്പോൾ ത്യാഗം സഹിച്ചത് മനുഷ്യരോ അതോ മൃഗങ്ങരോ? ഇവിടെ കാര്യങ്ങൾ വ്യക്തമാണ്. ത്യാഗം മൃഗങ്ങളുടേത് മാത്രമാണ്. അവിടെ ത്യാഗത്തിന്റെ പേരിൽ പ്രതിഫലം ചോദിക്കാൻ മനുഷ്യനു അവകാശമോ അർഹതയോ ഇല്ല. പണം ചെലവിടുന്നത് മനുഷ്യനാണ്. അഥവാ പണക്കാരനാണ്. പണമുള്ളവർക്ക് മാത്രം സ്വന്തമാക്കാൻ പറുന്ന ഒന്നാണോ പുണ്യം? രണ്ടരലക്ഷം കയ്യിലുള്ളവന് ചെയ്യാവുന്ന ഹജ്ജ് കർമ്മത്തിലൂടെ ലഭ്യമാകുന്ന പുണ്യം, ലക്ഷങ്ങൾ കയ്യിലുള്ളവർ പള്ളിയുണ്ടാക്കിയാല് ലഭിക്കുന്ന സ്വർഗീയ ഭവനം, ഒരു മൃഗത്തിനെ കശാപ്പു ചെയ്താൽ ലഭിക്കുന്ന ത്യാഗത്തിന്റെ പുണ്യം- ഇതൊക്കെ പരിശോധിക്കുമ്പോൾ പണമുള്ളവർക്ക് മാത്രം സ്വന്തമാക്കാൻ കഴിയുന്ന അവസ്ഥയിലാണോ ദൈവത്തിന്റെ പുണ്യങ്ങൾ എന്ന സംശയത്തിന് ഉത്തരം ലഭിക്കേണ്ടതായും വരുന്നു.

കേരളത്തിൽ മാത്രം പതിനായിരക്കണക്കിന് കാലികൾ അറുക്കപ്പെടുന്നു. രാജ്യവും ലോകവും കണക്കിലെടുത്താൽ അത് പതിന്മടങ്ങാവും. ഹജ്ജ് വേളയിലെ ബലി വേറെയും. ദൈവത്തിന് കുരുതി നല്കുന്ന ഈ ജീവികളും മനുഷ്യരെപ്പോലെ ഭൂമിയിലെ ദൈവത്തിന്റെ സൃഷ്ടികൾ തന്നെയാണ്.

ദൈവീക നിയമങ്ങൾക്ക് വിധേയമായി മാത്രം ജീവിക്കുന്ന മനുഷ്യർക്ക് ഭക്ഷണത്തിനും കൃഷിക്കും യാത്രക്കും മറ്റു ജീവിതാവശ്യങ്ങൾക്കും ഉപയോഗിക്കാവുന്ന ഈ ജന്തുക്കളെ കാരുണ്യവാനും കരുണാനിധിയുമായ ദൈവ

ത്തിന്റെ നാമം ഉരുവിട്ടു കൂട്ടത്തോടെ കശാപ്പുചെയ്യുന്നുവെന്നതു തന്നെ ഖുർആനിക വചനങ്ങളുടെ ദുർവ്യാഖ്യാനമാണ്. ഈ മൃഗീയതയുടെ ന്യായീകരണങ്ങളെന്നത് സത്യനിഷേധവുമാണ്. ഇത്തരത്തിൽ അന്ധരായി ഇരുട്ടിൽ തപ്പുന്നവർക്ക് ദൈവിക ദർശനത്തിന്റെ യഥാർത്ഥ വെളിച്ചം എത്തിക്കേണ്ടത് ഓരോ വിശ്വാസിയുടെയും ബാധ്യതയാണെന്ന സത്യം പലരും തിരിച്ചറിയുന്നേയില്ല എന്നതാണ് ഈ മൃഗീയത തഴച്ചുവളരാൻ കാരണം.

ഇബ്രാഹിം നബി ആദർശപ്രബോധനത്തിന്റെ മാതൃകയാണ്. ദൈവത്തിന്റെ കൂട്ടുകാരൻ എന്ന വിശേഷണത്തിന് സർവഥാ യോഗ്യൻ. തന്റെ സ്വപ്നങ്ങൾ അദ്ദേഹത്തിന് സാക്ഷാത്കരിക്കാൻ സാധിച്ചു. യാതൊരുവിധ കൈകടത്തലുകളും, ബഹുദൈവവിശ്വാസവും ഇല്ലാത്തവിധത്തിൽ ദൈവിക വ്യവസ്ഥിതിയെ (ഇസ്‌ലാം) സംരക്ഷിക്കുന്നതിനും, തന്റെ അനുയായികളെയും ബന്ധുക്കളെയും ഈ വ്യവസ്ഥിതിയിൽ നിലനിർത്തുന്നതിനും പ്രബോധനപ്രവർത്തനത്തിൽ സഹകരിച്ചുകൊണ്ട് കൂടെ പ്രയത്നിക്കുവാൻ തന്റെ മകന്റെ ജീവിതംകൂടി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടപ്പോൾ അവൻ തയ്യാറായതും തുടങ്ങിയ അദ്ദേഹത്തിന്റെ സ്വപ്നങ്ങൾ അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ അദ്ദേഹത്തിന് സാക്ഷാത്കരിക്കുവാൻ സാധിച്ചു. ആദർശപ്രബോധനത്തിൽ ഇബ്രാഹീമിന്റെ നിലപാട് കർത്തവ്യബോധമായി (സ്വലാത്ത്) നാം സ്വീകരിക്കണമെന്ന് ദൈവിക ഗ്രന്ഥത്തിലൂടെ ഉണർത്തുകയും ചെയ്തു. ഇത്തരം വിശാലമായ ഉദ്ബോധനങ്ങളാണ് പിന്നീട് അട്ടിമറിക്കപ്പെട്ടത്.

അറേബ്യയിൽ ആറാം നൂറ്റാണ്ടിൽ നിലനിന്ന ആചാരങ്ങൾ ദൈവിക വചനങ്ങളുടെ ദുർവ്യാഖ്യാനങ്ങളിലൂടെ ഭരണത്തിന്റെയും പൗരോഹിത്യത്തിന്റെയും സ്വാധീനത്തിലൂടെയും ഇവിടെ പുനരാവിഷ്കരിപ്പെടുകയാണ് ചെയ്തിട്ടുള്ളത്. അത് ഇസ്‌ലാമാണെന്നും ഖുർആനിക ആദർശമാണെന്നും നബിയുടെ ചര്യയാണെന്നും പ്രചരിപ്പിക്കുകവഴി യഥാർത്ഥ ഇസ്‌ലാമും, ദൈവവിശ്വാസവും ആർക്കും തിരിച്ചറിയാൻ സാധിക്കാത്തവിധം വികൃതമാക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ കൂരിരുട്ടിന്റെ കരിമ്പടം മാത്രം കെട്ടിനില്ക്കുന്ന ഈ അന്ധകാരത്തിൽനിന്നും രക്ഷപ്പെടാൻ ദൈവികദർശനങ്ങളുടെ യഥാർത്ഥ സത്യങ്ങൾ ഗ്രഹിക്കുക തന്നെ വേണം. ഖുർആനിക സത്യങ്ങളുടെ ഒരു പുലരി കേരളത്തിൽ ഉയരുന്നു. ഖുർആൻ സുന്നത്ത് സൊസൈറ്റിയുടെ ഖുർആനിക നവോത്ഥാനത്തിലൂടെ ആ സൂര്യോദയത്തിന്റെ നാളുകളാണ് കൈരളിയെ കാത്തിരിക്കുന്നത്. അതിനുവേണ്ടി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കുകതന്നെ വേണം. എങ്കിൽമാത്രമേ സഹജീവികളെ കശാപ്പുചെയ്യുന്ന ഈ മൃഗീയതക്ക് ശമനമുണ്ടാവുകയുള്ളൂ.


**നമ്മുടെ മുമ്പിൽ**
**എത്രയെത്ര**
**മതങ്ങൾ,**
**എത്രയെത്ര**
**വിഭാഗങ്ങൾ,**
**ചിന്താഗതികൾ,**
**ഹദീസുകൾ,**
**കർമ്മശാസ്ത്രങ്ങൾ,**
**നാട്ടാചാരങ്ങൾ,**

**ഇതിലേതാണ് ശരി?**

**യഥാർത്ഥ**
**സത്യത്തിലേക്ക്**
**നിങ്ങൾക്ക് വെളിച്ചം**
**നൽകുന്ന**
**ഈ സൈറ്റുകൾ**
**സന്ദർശിക്കൂ**
**യാഥാർത്ഥ്യം തിരിച്ചറിയൂ....**

http://www.thequranicvision.in/
www.khur-aansunnathsociety.com
www.chekanoormoulavi.com

കവർസ്റ്റോറി

# ബലി

അബ്ദുറഹ്മാൻ കൂത്തുപറമ്പ്

**ബ**ലിപെരുന്നാൾ മുസ്ലിംകളുടെ പ്രധാനപ്പെട്ട ഒരു ആഘോഷമാണല്ലോ? ദുൽഹജ്ജ് പത്തിലെ ഹജ്ജുമായി ബന്ധപ്പെട്ടാണ് അതു കൊണ്ടാടുന്നത്. ആഘോഷത്തിന്റെ പേരു സൂചിപ്പിക്കുന്നതുപോലെ മൃഗബലിയാണ് അതിലെ പ്രധാന അനുഷ്ഠാനം. ഇബ്രാഹീം നബിക്ക് അല്ലാഹു സ്വപ്നത്തിലൂടെ നിർദേശം നൽകി തന്റെ പുത്രനെ അല്ലാഹുവിനു ബലിയർപ്പിക്കണമെന്ന്. ഇബ്രാഹീം നബിയെ ഖലീലുല്ലാഹി എന്നാണ് ബഹുമാനപൂർവ്വം അദ്ദേഹത്തിന്റെ ഭക്തന്മാരായ മുസ്ലിംകൾ വിളിക്കുന്നത്. തന്റെ സുഹൃത്തായ അല്ലാഹു അവൻ തനിക്കു തന്ന സന്താനത്തെ അവനു തന്നെ ബലിയായി തിരികെ വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഇബ്രാഹീം നബിക്ക് മറുത്തു പറയാൻ കഴിയുമായിരുന്നില്ല. ഈ വിവരം അറിഞ്ഞ മകൻ ഇസ്മാഈലും എന്നെ വേഗം അല്ലാഹുവിന് അറുത്തുകൊടുക്കു വാപ്പാ എന്ന് അപേക്ഷിച്ചു. ചുരുക്കത്തിൽ അല്ലാഹുവിന് എന്തോ കനിവ് തോന്നി മകനു പകരം ഒരു ആടിനെ ഇറക്കികൊടുത്തു അതിനെ അറുത്താലും മതി ഒരു ഇളവ് അനുവദിച്ചു. അതിലൂടെ രക്ഷപ്പെട്ടത് ഇബ്രാഹീം നബിയുടെ മകൻ ഇസ്മാഈൽ മാത്രമായിരുന്നില്ല. പിൽക്കാലത്ത് ഇബ്രാഹീം നബിയുടെ മില്ലത്ത് പിന്തുടരാൻ നിർബന്ധിതരായ കോടിക്കണക്കിനു മുസ്ലിം പയ്യൻമാരുമാണ്.

ബലിയെക്കുറിച്ച് മുസ്ലിംകൾക്കിടയിൽ പ്രചാരത്തിലുള്ള ഐതീഹ്യമാണ് മുകളിൽ കൊടുത്തത്. ഇസ്ലാമിക അനുഷ്ഠാനങ്ങളിൽ പ്രധാനപ്പെട്ട പലതിനെക്കുറിച്ചും അവാന്തര വിഭാഗങ്ങൾക്കിടയിൽ അഭിപ്രായ ഭിന്നതകൾ നിലനിൽക്കുമ്പോഴും മൃഗബലിയെക്കുറിച്ച് പറയത്തക്ക ഭിന്നാഭിപ്രായങ്ങളൊന്നുമില്ല. മുസ്ലിംകൾ നൂറ്റാണ്ടുകളായി നിലനിർത്തിപ്പോരുന്ന ഈ ആചാരത്തിന്റെ ഖുർആനിക മാനം എന്താണെന്നും ഒരു സമൂഹമെന്ന നിലയിൽ മറ്റു സമൂഹങ്ങൾക്കിടയിൽ ഇത് ഇസ്ലാമിനെയും മുസ്ലിംകളേയും എങ്ങനെ അടയാളപ്പെടുത്തുന്നു എന്നുള്ള ആലോചനയുമാണ് ഇത്.

ബലി, ത്യാഗം, ആത്മാർപ്പണം, എന്നൊക്കെ പരിഷ്കൃത സമൂഹങ്ങൾക്കിടയിൽ ആലങ്കാരികമായി സാധാരണ പ്രയോഗിക്കാറുള്ളതാണ്. സമൂഹത്തിന്റെ പൊതുവായ നന്മക്കുവേണ്ടി വ്യക്തികളോ, സമൂഹങ്ങളോ പ്രതിഫലേച്ഛ കൂടാതെ നിർവ്വഹിക്കുന്ന മഹത്തായ പ്രവർത്തനങ്ങളെയാണ് പരിഷ്കൃത സമൂഹം ഈ വാക്കുകൾ കൊണ്ടു ഉദ്ദേശിക്കുന്നത്. എന്നാൽ പ്രാകൃത കാലത്തെ സ്ഥിതി അതല്ല. ഈ പറഞ്ഞതിനൊക്കെ വളരെ ക്രൂരവും പൈശാചികവും ചൂഷണോപാധിയുമായ അർത്ഥങ്ങളാണ് കൽപിക്കപ്പെട്ടിരുന്നത്. ബലിയെന്നാൽ നരബലിയും ത്യാഗം ആത്മാർപ്പണം എന്നൊക്കെ പറഞ്ഞാൽ അധികാര സ്ഥാനത്തുള്ളവന് അതിൽ തുടരാൻ വേണ്ടിയുള്ള അടിമകളുടെ നരമേധവും കൂട്ടക്കൊലകളുമായിരുന്നു. പിൽക്കാലത്ത് നടന്ന നിരവധി പരിഷ്കരണ പ്രവർത്തനങ്ങളുടെ ഫലമായി മിക്കസമൂഹങ്ങളും പരിണാമത്തിനു വിധേയമാവുകയും ഇത്തരം തിന്മകളെല്ലാം അവരിൽ നിന്ന് വേരറ്റു പോകുകയും ചെയ്തു. എന്നാൽ ചുരുക്കം ചില വിഭാഗങ്ങളിലെങ്കിലും ഇതേ കാര്യങ്ങൾ ചില്ലറ ഭേദഗതികളോടെ ഇന്നും പിന്തുടർന്നു വരുന്നു.

മുസ്ലിംകളുടെ ആഗോള സംഗമമായ ഹജ്ജിലെ ഒരു പ്രധാന കർമം മൃഗബലിയാണ്. ഹജ്ജിനു പോയവർ ഓരോരുത്തരും മക്കയിൽ ലക്ഷക്കണക്കിനു മൃഗങ്ങളെ കൂട്ടബലി

നടത്തുമ്പോൾ ലോകത്തെമ്പാടുമുള്ള കോടാനകോടി മുസ്ലിംകൾ കോടിക്കണക്കിനു മൃഗങ്ങളെ അവരവരുടെ പ്രദേശങ്ങളിലും ബലിയർപ്പിക്കുന്നു. ഒറ്റ സമയത്ത് ഇത്രയും മൃഗങ്ങളെ ഒന്നിച്ച് അറുക്കുന്നതുമൂലം ലോകത്തിന്റെ മാംസ ഉപഭോഗത്തിന് ഇതുകൊണ്ട് പ്രയോജനമൊന്നുമില്ല ( ബലിയർപ്പിക്കുന്നവരുടെ ലക്ഷ്യവും അതല്ല. ബലിർപ്പിക്കുന്നവരുടെ വാദപ്രകാരം തന്നെ അല്ലാഹുവിന് മൃഗങ്ങളുടെ മാംസമോ രക്തമോ ആവശ്യവുമില്ല ). ഖുർആൻ പ്രകാരം ഹജ്ജിന്റെ മുഖ്യഉദ്ദേശങ്ങളിലൊന്ന് ആഗോള മാനവരാശിയുടെ അവകാശപ്രശ്നങ്ങൾ ആഗോളതലത്തിൽ ചർച്ച ചെയ്തു പരിഹരിക്കാനുള്ള ഒരു വേദിയായിരിക്കണം ഹജ്ജ് എന്നുള്ളതാണ്.(ഈ വിഷയം ഹജ്ജ് എന്ന പുസ്തകത്തിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്). മക്കയിൽ ഹജ്ജിനോടനുബന്ധിച്ച് ലക്ഷക്കണക്കിനു മൃഗങ്ങളെ ഒരേസമയത്ത് ബലിയുടെ പേരിൽ അറുത്തു തള്ളുമ്പോൾ അതിന്റെ ഏതാണ്ട് ഒരു ശതമാനം സമീപത്തെ ചില പട്ടിണി രാജ്യങ്ങൾക്ക് ഈയിടെയായി അയച്ചുകൊടുക്കാൻ തുടങ്ങിയിട്ടുണ്ടെന്നു കേൾക്കുന്നു. വളരെ നല്ല കാര്യം. 99% പാഴായി പോയാലും ഒരുശതമാനമെങ്കിലും ആ പേരിൽ പാവങ്ങൾക്കു ലഭിക്കുമല്ലോ? (എത്രലക്ഷം കോടികൾ മുസ്ലിം ലോകത്തിന്റേതായി ഹജ്ജിന്റെ പേരിൽ ചിലവഴിക്കപ്പെടുമ്പോഴാണ് പാവങ്ങൾക്ക് ഈ നിസ്സാര സഹായം ലഭിക്കുന്നത് എന്ന കാര്യം നമുക്കു തൽക്കാലം വിടാം.)

ലോകജനതക്ക് പൊതുവായോ, മുസ്ലിംകൾക്ക് പ്രത്യേകമായോ, ഭൗതികമായി യാതൊരു പ്രയോജനവും ഇല്ല ഇന്ന് നടക്കുന്ന ഹജ്ജ്കൊണ്ട് (അതുവരെ ചെയ്ത പാപങ്ങൾ പൊറുത്തുകിട്ടുമല്ലോ ) എന്നു തീർത്തു പറയാമെങ്കിലും ആർക്കും ഒരു പ്രയോജനവും ഇല്ല എന്നു പറയാനാകില്ല.യൂറോപ്യൻ രാജ്യങ്ങളിലെ വൻകിട ഫാമുടമകൾക്കും, വിമാന കമ്പനികൾക്കും, മനുഷ്യന്റെ ആഡംബര ജീവിതത്തിനു ആവശ്യമായ സാധന സാമഗ്രികൾ തയ്യാർ ചെയ്യുന്ന കുത്തക കമ്പനികൾക്കും നല്ല കൊയ്ത്തുകാലമാണ് ഹജ്ജുകാലം. മറ്റൊരു വശത്ത് നിന്നു നോക്കിയാൽ പ്രത്യേകിച്ച് നമ്മുടെ നാട്ടിലെ സ്ഥിതി വെച്ചുനോക്കിയാൽ കന്നുകച്ചവടക്കാർക്കും നല്ല കോളാണ്. മഹത്തായ ഒരു ആത്മീയ പ്രവർത്തനം എന്ന പേരിൽ നടത്തപ്പെടുന്ന ഒരു കർമം ആഗോള കുത്തകകൾക്കും, ഏതാനും കന്നുകച്ചവടക്കാർക്കും ലാഭമുണ്ടാക്കുന്ന ഒരു ഏർപ്പാടായി ചുരുങ്ങിപോയത് വിധി വൈപരീത്യം എന്നല്ലാതെ എന്തു പറയാൻ.

എല്ലാ അനുഷ്ഠാനങ്ങളിലും എല്ലാ മതങ്ങൾക്കും സമാനതകൾ ഏറെയാണ്. മറ്റു പലതുമെന്നപോലെ എല്ലാ മതങ്ങൾക്കുമുണ്ട് അവരവരുടേതായ ബലിസമ്പ്രദായങ്ങൾ. ചിലർക്ക് പുരാതന കാലത്ത് സുന്ദരികളായ സ്ത്രീകളും കുഞ്ഞുങ്ങളുമായിരുന്നു ബലി വസ്തുക്കളെങ്കിൽ പിൽക്കാലത്ത് ആടും കോഴിയുമൊക്കെയായി അതിൽ അയവു വന്നിട്ടുണ്ട്. എന്നിരുന്നാലും ആധുനിക കാലത്ത് ഇത്ര കണിശമായും നിർബന്ധമായും നിശ്ചിത ദിനത്തിലും ബലിഅർപ്പിക്കുന്ന സമ്പ്രദായം മുസ്ലിംകളിലല്ലാതെ മറ്റു സമൂഹങ്ങളിലൊന്നും തന്നെയില്ല. അതിപുരാതനമായൊരു മതാചാരത്തെ മുറതെറ്റാതെ ഇന്നും പിൻപറ്റുന്നു എന്ന കാര്യത്തിൽ മുസ്ലിംകൾക്ക് അഭിമാനിക്കാം. ലോകത്തിന്റെ ഏതുഭാഗത്ത് ജീവിക്കുകയാണെങ്കിലും അവിടങ്ങളിലെല്ലാം രണ്ടാംതരക്കാരനും പിന്നോക്കക്കാരനുമായിട്ടാണ് മുസ്ലിംകൾ ജീവിക്കുന്നതെങ്കിലും വർഷത്തിൽ ലക്ഷോപലക്ഷം കോടികൾ തീർത്ഥാടനത്തിനുവേണ്ടി ചിലവഴിക്കുന്ന സമുദായം മുസ്ലിംകൾ മാത്രമാണ് എന്ന കാര്യത്തിലും ആർക്കും എതിരഭിപ്രായമുണ്ടാവില്ല.

മൃഗങ്ങളുടെ കശാപ്പ് മനുഷ്യന്റെ ത്യാഗമാകുന്നതെങ്ങനെ? ഒരു പിടിയുമില്ല. മതങ്ങൾ യുക്തിക്ക് അതീതം തന്നെ!!

ഇനി ബലിയോടനുബന്ധിച്ച് സാമാന്യബുദ്ധിക്ക് വഴങ്ങാത്ത ചില കാര്യങ്ങൾകൂടി : ഹജ്ജിനുവേണ്ടി ഇഹ്റാം കെട്ടിയാൽ ഹജ്ജ് കഴിയുന്നതുവരെ മൃഗങ്ങളെ വേട്ടയാടാൻ പാടില്ല എന്നാണ് നിയമം. (മസ്ജിദുൽ ഹറമിന്റെ പരിസരത്ത് എന്തിനെയാണാവോ വേട്ടയാടുക ) അഥവാ ആരെങ്കിലും വേട്ടയാടി കൊന്നാൽ അതിനുള്ള പ്രായശ്ചിത്തം അതേ രൂപത്തിലുള്ള മറ്റൊരു മൃഗത്തെ ബലി (കൊല്ലുക) നൽകുക എന്നതാണ്. ഒരു മൃഗത്തെ കൊന്ന പാപം തീരാൻ അതേ രൂപത്തിലുള്ള മറ്റൊരു മൃഗത്തെ കൊല്ലുക എന്നതാണ്. മാത്രവുമല്ല രണ്ടാമത് പ്രതിക്രിയായി കൊല്ലേണ്ട മൃഗം ആദ്യത്തെ മൃഗത്തെപ്പോലെ തന്നെയാണെന്ന് ഉറപ്പുവരുത്താൻ രണ്ടു ജഡ്ജിമാരുടെ സേവനവും അനിവാര്യമാണ്. ഒരാൾ ഹജ്ജിനു പോകുന്ന വഴിയിൽ ശത്രുരാജ്യത്ത് ജയിലിലകപ്പെട്ടാൽ അയാൾക്ക് മക്കയിലെത്താൻ കഴിഞ്ഞില്ലെങ്കിലും ബലിമൃഗത്തെ മക്കയിലേക്ക് അയക്കൽ നിർബന്ധമാണ്. ( ശത്രുരാജ്യത്ത് ജയിലിൽ കിടന്നുകൊണ്ട് അതെങ്ങനെ സാധിക്കും എന്ന ചോദ്യത്തിന് പ്രസക്തിയില്ല). അയച്ച മൃഗം ലക്ഷ്യസ്ഥാനത്ത് എത്തുന്നതുവരെ മുടികളയാൻ പാടുള്ളതല്ല. ആരെങ്കിലും ഉംറചെയ്ത് ഹജ്ജിനിടയിൽ സുഖമെടുത്താൽ അതിനും കൊടുക്കണം മൃഗബലി. ആർക്കെങ്കിലും സന്താനമുണ്ടായാൽ മൃഗത്തെ ബലികൊടുക്കേണ്ടത് അത്യാവശ്യമാണ്.

> **നമുക്ക ഇപ്രാവശ്യം കൂടുതൽ ആടുകളേയും പോത്തുകളേയും അറുത്ത് ഹജ്ജ് പെരുന്നാൾ ഗംഭീരമാക്കാം. വിവിധ ഇസ്ലാമിക രാജ്യങ്ങളിൽനിന്നും വരുന്ന കൂട്ടക്കൊലകളെക്കുറിച്ചുള്ള വാർത്തകളോട്ട് നമുക്ക് നമ്മാലാകുന്നവിധം മൃഗങ്ങളെ അറുത്ത് പ്രതികരിക്കാം**

മൃഗങ്ങളുടെ കശാപ്പ് മനുഷ്യന്റെ ത്യാഗമാകുന്നതെങ്ങനെ? ഒരു പിടിയുമില്ല. മതങ്ങൾ യുക്തിക്ക് അതീതം തന്നെ!! മൃഗങ്ങളെ കശാപ്പ ചെയ്യുമ്പോൾ ത്യാഗം ചെയ്യുന്നത് മൃഗങ്ങളല്ലേ? മനുഷ്യന് അവനുള്ള ആഹാരത്തിന് ഒരു മൃഗത്തെ കശാപ്പ് ചെയ്യുന്നത് എങ്ങനെ അവന്റെ ത്യാഗമാകും?

മുസ്ലിം ഭൂരിപക്ഷ പ്രദേശങ്ങളിലും മുസ്ലിം രാഷ്ട്രങ്ങളിലും മുസ്ലിംകളുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും സംഘർഷങ്ങളും രക്തച്ചൊരിച്ചിലുകളും നടന്നുകൊണ്ടിരിക്കുന്നു. ഇതിനിടക്ക് ഒരു ഹജ്ജ് കൂടി ആഗതമാകുകയാണ്. മുസ്ലിം പള്ളികളിൽ മൃഗബലിയുടെ മഹത്വത്തെക്കുറിച്ചും ഇബ്രാഹീം നബിയുടെ ത്യാഗത്തെക്കുറിച്ചുമെല്ലാം പ്രഭാഷണപരമ്പരകൾ ആരംഭിച്ചു കഴിഞ്ഞു. മുസ്ലിംകൾ ആഗോള തലത്തിൽ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികളൊന്നും തന്നെ ഇസ്ലാമിനെ താങ്ങിനിറുത്തുന്നു എന്നവകാശപ്പെടുന്നവർ അറിഞ്ഞഭാവം പോലുമില്ല. അല്ലാഹുവിന്റെ ഗ്രന്ഥത്തെ രണ്ടാം സ്ഥാനത്താക്കുകയും അവന്റെ മാർഗദർശനത്തിൽ നിന്ന് വ്യതിചലിക്കുകയും ചെയ്യുതാണ് എല്ലാ പ്രശ്നങ്ങൾക്കും കാരണം എന്നു തിരിച്ചറിയാൻ പോലും കഴിയാതായിരിക്കുന്നു. നമുക്ക ഇപ്രാവശ്യം കൂടുതൽ ആടുകളേയും പോത്തുകളേയും അറുത്ത് ഹജ്ജ് പെരുന്നാൾ ഗംഭീരമാക്കാം. ഡമസ്കസിൽ നിന്നും, കൈറോയിൽനിന്നും, കാബൂളിൽ നിന്നും, ബാഗ്ദാദിൽ നിന്നും, ഇസ്ലാമാബാദിൽ നിന്നും ഒക്കെ വരുന്ന കൂട്ടക്കൊലകളെക്കുറിച്ചുള്ള വാർത്തകളോട്ട് നമുക്ക നമ്മാലാകുന്ന വിധം മൃഗങ്ങളെ അറുത്ത് പ്രതികരിക്കാം. കാരണം സ്ത്രീകളേയും കുഞ്ഞുങ്ങളേയും രോഗികളേയും വൃദ്ധരേയും വികലാംഗരേയുമെല്ലാം രാസായുധം ഉപയോഗിച്ച് കൊല്ലാനുള്ള സൗകര്യം ഇന്ത്യപോലെയുള്ള ഒരു അനിസ്ലാമിക രാജ്യത്ത് നമുക്ക് ഇല്ലാതെ പോയല്ലോ?

കവർസ്റ്റോറി

## പാവം മൃഗങ്ങൾ ചോദിക്കുന്നു...

# ഇതെന്തു നീതി? ഇതിലെന്തു പുണ്യം?

**മെർജീന വെള്ളിപറമ്പ്**

സർവ്വലോക പരിപാലകനായ സൃഷ്ടാവേ...

നീ മനുഷ്യരേയും ഞങ്ങളേയും സൃഷ്ടിച്ചു. മനുഷ്യർ ഞങ്ങളെ കയറെടുത്തു ബന്ധിച്ചു കൊലനടത്തിയാൽ നീ എന്തു പുണ്യമാണ് അവർക്കു നൽകുന്നത്?

എങ്കിൽ, എങ്ങനെയാണു നീ കാരുണ്യവാനും കരുണാവാരിധിയും (റഹ്മാനും റഹീമും) ആകുന്നത്?

ഞങ്ങളുടെ ജീവനും നീ സൃഷ്ടിച്ചതല്ലെ? ഞങ്ങളെ കൊല്ലുന്നതു വഴി എന്തു പ്രതിഫലമാണ് നീ മനുഷ്യർക്കു നൽകാൻ പോകുന്നത്?

സൃഷ്ടി-സ്ഥിതി-സംഹാരം എല്ലാം നിന്റെ പ്രകൃതി നിയമത്തിൽ പെടുന്നതല്ലെ? പിന്നെയെന്തിനു മനുഷ്യർ ഞങ്ങളെ സംഹരിക്കുന്നു?

ഇബ്രാഹിം നബി ഒരു സ്വപ്നം കണ്ടുവത്രെ, ഇസ്ഹാഖിനെ (ഇസ്മായീലിനെയല്ല) വിജനമായ ഒരു സ്ഥലത്തു കൊണ്ടുപോയി ദൈവപ്രീതിക്കു ബലിയർപ്പിക്കാനൊരുങ്ങുന്നത്. പക്ഷെ, മാലാഖ പ്രത്യക്ഷപ്പെട്ടു ഒരാട്ടിൻകുട്ടിയെ ബലിയറുത്താൽ മതിയെന്നു കൽപിച്ചുവത്രെ.

അതിനെയും ദൈവം സൃഷ്ടിച്ചതല്ലേ? സൃഷ്ടിച്ചു വിടുന്നത് ബലിയറുക്കാനാണോ?

ഇബ്രാഹിം നബിയുടെ ആദർശം സ്വീകരിച്ച മറ്റൊരു ജനതയും ഇത്തരമൊരു ബലി നടത്തുന്നുമില്ല.

ഒരു സ്വപ്നം യാഥാർത്ഥ്യമെന്ന് വിശ്വസിച്ച് നടപ്പാക്കാൻ ഇറങ്ങിപ്പുറപ്പെടുന്നതു തന്നെ വിഡ്ഢിത്തമല്ലേ? ഇത്തരത്തിൽ ഒരു ബലിയെക്കുറിച്ചു ഖുർആനിൽ ഒരു പരാമർശവുമില്ല.

ഒരു സ്വപ്നത്തിന്റെ പേരിൽ കാലാകാലവും കോടാനുകോടി മൃഗങ്ങളെ ബലിയറുത്തു പ്രീതിനേടേണ്ടവനാണോ ദൈവം? എന്തൊരു ക്രൂരതയാണിത്.

1968ൽ കേരളത്തിൽ ജന്തുപ്രാണി ഹിംസ നിരോധനനിയമം പ്രാബല്യത്തിലായിട്ടും ഇത്തരം ക്രൂരതകൾക്കെതിരെ ആരും നടപടികൾ സ്വീകരിക്കുന്നില്ല.

എസ്.പി.സി.എക്കു ഇതു തടയാൻ ബാധ്യതയുണ്ട്.

**ഞങ്ങളുടെ ജീവനും നീ സൃഷ്ടിച്ചതല്ലെ? ഞങ്ങളെ കൊല്ലുന്നതു വഴി എന്തു പ്രതിഫലമാണ് നീ മനുഷ്യർക്കു നൽകാൻ പോകുന്നത്? സൃഷ്ടി-സ്ഥിതി-സംഹാരം എല്ലാം നിന്റെ പ്രകൃതിനിയമത്തിൽ പെടുന്നതല്ലെ? പിന്നെയെന്തിനു മനുഷ്യർ ഞങ്ങളെ സംഹരിക്കുന്നു?**

പക്ഷെ അവൻ അനങ്ങാപാറ നയം സ്വീകരിക്കുന്നു.

ബലിക്കല്ല, ഭക്തിക്കാണ് സ്ഥാനമെന്ന് ഖുർആൻ 22-37ൽ അനുശാസിക്കുന്നുണ്ടെന്നു പറയുന്നവരും ബലിയെ നിരുത്സാഹപ്പെടുത്തുകയല്ല, പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത്.

യഥാർത്ഥ വിശ്വാസത്തിന്റെ സത്യം തിരിച്ചറിയുന്നതിൽ നിന്നും മതവ്യാപാരം കുലത്തൊഴിലാക്കിയ പുരോഹിതന്മാർ ജനതയെ തടയുന്നു. അതുവഴി നാടൊട്ടുക്കും പാവം മൃഗങ്ങളെ ഹീനമായി വകവരുത്തി സംഹാരതാണ്ഡവമാടുന്നു. ഇതാണോ ശാന്തിയുടെ ദർശനം?

പുരോഹിതന്മാരെ ഭയക്കുന്ന-മതവോട്ടുകൾ ലക്ഷ്യമാക്കുന്ന അധികാരികൾ കണ്ണടച്ച് ഇതിനു കൂട്ടുനിൽക്കുന്നു. നിയമം കാറ്റിൽ പറത്തുന്നു.

എല്ലാ മതങ്ങളും ശാന്തിയും സമാധാനവുമാണ് ആഹ്വാനം ചെയ്യുന്നത്. ഇന്നദ്ദീന ഇന്ത




ല്ലാഹിൽ ഇസ്‌ലാം- നിശ്ചയം ശാന്തിയാണ് സ്വീകാര്യം എന്നു ഖുർആൻ വ്യക്തമാക്കുന്നു. ഹിംസ എങ്ങനെയാണ് ശാന്തിയാവുക?

ബലിക്കെതിരെ ശബ്ദിക്കുന്നവരെ മതവിരോധികളായി മുദ്രകുത്തി അടച്ചാക്ഷേപിക്കുന്നതിനു മുമ്പ് ഖുർആനിൽ ഇത്തരം ഒരു ബലിദാനം അനുശാസിക്കുന്നുണ്ടോ എന്നു ചിന്തിക്കാൻ തയ്യാറാവുക. എല്ലാ ജീവനും വിലപ്പെട്ടതാണ്, ദൈവം സൃഷ്ടിച്ചതാണ് എല്ലാം. ജീവനറുത്തു ഒരു ഭക്തിയും ഉണ്ടാകുന്നില്ല, എവിടെയും ജീവൻ സംരക്ഷിച്ചുകൊണ്ടാവണം ഭക്തിയും വിശ്വാസവും അരക്കിട്ടുറപ്പിക്കേണ്ടത്.

ഇത്തരം ഹീനകൃത്യങ്ങൾക്കെതിരെ ശബ്ദിക്കുകയും വിശുദ്ധഖുർആന്റെ യഥാർത്ഥ സന്ദേശം പ്രചരിപ്പിക്കുകയും ചെയ്യുന്നതിനു കൈകോർക്കാൻ ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

# അറിയിപ്പ്

വേദദർശനം മാസിക പല കാരണങ്ങളാലും പല ലക്കങ്ങളും നമുക്ക് പ്രസിദ്ധീകരിക്കാൻ സാധിക്കുന്നില്ല. അതിനു കാരണമായ പ്രശ്നങ്ങൾ ചർച്ചചെയ്ത് കേരളത്തിലെ ഖുർആനിക നവോത്ഥാനത്തിന്റെ വെളിച്ചമായ വേദദർശനം മാസിക മുടങ്ങാതെ പ്രസിദ്ധീകരിക്കുന്നതിന് ചില സുപ്രധാന തീരുമാനങ്ങൾ കൈകൊള്ളുന്നതിനുവേണ്ടി 2013 ഒക്ടോബർ 6 ഞായറാഴ്ച രാവിലെ 10 മണിക്ക് കോഴിക്കോട് ഖുർആൻ റിസർച്ച് സെന്ററിൽ ഖുർആൻ സുന്നത്ത് സൊസൈറ്റി പ്രവർത്തകരുടെ ഒരു യോഗം ചേരുന്നു. പ്രസ്തുത യോഗത്തിലേക്ക് എല്ലാ ഖുർആൻ വിശ്വാസികളും ഇതൊരു അറിയിപ്പായി പരിഗണിച്ച് നിർബന്ധമായും പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

– എഡിറ്റർ

# നോമ്പ് ഫസാദാക്കിയ
# 'തനിയാവർത്തനവും',
# സുന്നികളുടെ ജീവിതം ഫസാദാക്കിയ അബൂഹുറൈറയും



ഡോ. അബ്ദുൽ ജലീൽ പുറ്റേക്കാട്

നോമ്പ് ഫസാദാക്കിയ 'തനിയാവർത്തനം' എന്ന ശീർഷകത്തിൽ ഇനാമുറഹ്മാൻ ഗൾഫ് മാധ്യമം റമദാൻ വിശേഷാൽ പതിപ്പിൽ (അഹ്ലൻ റമദാൻ) എഴുതിയ ലേഖനമാണ് ഈ കുറിപ്പിന്നാധാരം. ഇന്ത്യൻ സിനിമയിലെ മെഗാസ്റ്റാറായ മമ്മൂട്ടി, സുമാർ 27 വർഷം മുമ്പ് മണ്ണാർക്കാട്ട്, ഒരു റമദാനിൽ തന്റെ ഏറ്റവും മികച്ച സിനിമകളിലൊന്നായ 'തനിയാവർത്തനം' ഷൂട്ടുചെയ്യാൻ വേണ്ടി സഹപ്രവർത്തകർക്കൊപ്പം കുന്തിപ്പുഴയുടെ സമീപമുള്ള ലൊക്കേഷനിൽ വന്നതും, മമ്മൂട്ടിയോടുള്ള 'ആരാധനമൂത്ത്' സ്ത്രീകളും കുട്ടികളും നോമ്പും നിസ്കാരവുമൊക്കെ മറന്ന് ഒരു മാസത്തോളം മമ്മുട്ടി എന്ന താരരാജാവിന്റെ പിറകേ കൂടിയതുമാണ് പരാമർശ വിഷയം. ഒരു റമദാൻ മാസം മുഴുവൻ അല്ലാഹുവിനെ മറന്നു ജീവിച്ചു എന്നും അങ്ങിനെ നോമ്പ് 'ഫസാദായി' (കുഴപ്പത്തിലായി) എന്നൊക്കെയാണ് ലേഖകൻ തട്ടിവിടുന്നത്. മാത്രമല്ല ഒരു വെള്ളിയാഴ്ച ജുമുഅക്ക് മമ്മുട്ടി പള്ളിയിൽ എത്തിയപ്പോൾ നമസ്കാരത്തിന് ഇഹ്റാം കെട്ടിയ ഇമാമിന്റെയും 'മഅ്മൂമുകളുടെയും' തല ഒന്നടങ്കം ഖിബ്ലയിൽ (പടിഞ്ഞാറ്) നിന്നും നേരെ വലത്തോട്ടു തിരിഞ്ഞുവത്രേ...! ചുരുക്കിപ്പറഞ്ഞാൽ മമ്മൂട്ടിയെ അവർ കുറച്ചു നേരത്തേക്ക് 'ഖിബ്ല'യാക്കി എന്നു സാരം..! പാവം മമ്മൂട്ടിയുണ്ടോ ഇതൊക്കെ അറിയുന്നു. ഇസ്ലാം എന്നാൽ അഞ്ചുനേരത്തെ നമസ്ക്കാരവും, നോമ്പും, ഹജ്ജുമാണല്ലോ. ആ പ്രാർത്ഥനകൾ ഫസാദായാൽ (കുഴപ്പമായാൽ) ഇസ്ലാം തകരും-പിന്നെ നരകശിക്ഷ ഉറപ്പ്, എന്നൊക്കെ അടിയുറച്ചു വിശ്വസിക്കുന്ന ഒരു സുന്നി മുസ്ലിമാണ് ഇനാമുറഹ്മാൻ. ഇതല്ല ഇതിലപ്പുറം അദ്ദേഹം എഴുതിയില്ലെങ്കിലേ അത്ഭുതമുള്ളൂ. നോമ്പ് ഫസാദാക്കിയ 'മമ്മുട്ടി' എന്നു പറയുന്നതിനു പകരമാവാം ലേഖകൻ നോമ്പു ഫസാദാക്കിയ 'തനിയാവർത്തനം' എന്നു പറഞ്ഞു തടിതപ്പിയത്. യഥാർത്ഥത്തിൽ ഇനാമുറഹ്മാനെപ്പോലെയുള്ള നിഷ്ക്കളങ്കരായ സുന്നി മുസ്ലിംകളുടെ ഇസ്ലാമിക ജീവിതം തന്നെ 'ഫസാദാക്കിയ' അബൂഹുറൈറയെ മറന്നുകൊണ്ടാണ് മമ്മൂട്ടിയെയും അദ്ദേഹത്തിന്റെ സിനിമയേയും കുറ്റപ്പെടുത്തുന്നത്. വിശുദ്ധഖുർആനെയും മുഹമ്മദുനബിയേയും ധിക്കരിച്ചു അബൂഹുറൈറയുണ്ടാക്കിയ 'അഹ്ലുസ്സുന്നത്തി വൽജമാഅത്ത്' എന്ന അറേബ്യൻ ജാഹിലീ മതത്തിന്റെ മുഖമുദ്രയായ, അഞ്ചുനേരത്തെ അറബിഭാഷയിലുള്ള സംഘടിത നമസ്ക്കാരം, സ്വന്തം ശരീരത്തെയും സാമൂഹ്യ വ്യവസ്ഥയെയും തകിടം മറിച്ചുകൊണ്ടുള്ള റമദാനിലെ ഒരു മാസത്തെ പകൽ പട്ടിണി (നോമ്പ്), കല്ലെറിഞ്ഞും കല്ലു ചുംബിച്ചും കൊണ്ടുള്ള ഹജ്ജ്, ചേലാകർമ്മം, സുന്നത്തു നമസ്ക്കാരങ്ങൾ, സുന്നത്തു നോമ്പുകൾ, ജൂത-കൃസ്ത്യൻ പ്രാർത്ഥനാമൊഴിയായ 'ആമീൻ' എന്നിവയെല്ലാം ഖുർആനികമായ യഥാർത്ഥ ഇസ്ലാമിനെ തകർത്തെറിഞ്ഞ് പ്രതിഷ്ഠിച്ചവയാണ്. മാത്രമല്ല ഖുർആനികമായി ദൈവനിന്ദയുമാണ്. ഈ സത്യങ്ങൾ മനസ്സിലാവേണമെങ്കിൽ അൽപസ്വൽപം ഖുർആനും, ഹദീസും, അറേബ്യൻ ചരിത്രവുമൊക്കെ പഠിക്കണം. അതിനുശേഷം മതി ഐൻസ്റ്റിൻ, അബ്ദുൽകലാം,മമ്മൂട്ടി തുടങ്ങിയ ജീനിയസ്സുകളെ വിമർശിക്കുന്നത്. അബൂഹുറൈറ കുളമാക്കിയ ഇസ്ലാമിനെക്കുറിച്ച് ഒന്നു പരിശോധിക്കാം.

## നമസ്ക്കാരം, നോമ്പ്, ഹജ്ജ് യാഥാർത്ഥ്യമെന്ത്? അംഗസ്നാനത്തിന്റെ സത്യം (വുളുവിന്റെ സത്യം)

ജാതി, മതം, വർഗം, ദേശം, ഭാഷ തുടങ്ങിയ സങ്കുചിതമായ അതിർവരമ്പുകൾക്കതീതമായി ചുറ്റുമുള്ള ജനങ്ങളെ തന്നിലേക്കടുപ്പിച്ച് ആത്മമിത്രങ്ങളാക്കി മാറ്റുന്ന ഉപകരണങ്ങളായി മാറേണ്ടതിന്ന്, നിങ്ങൾ, നിങ്ങളുടെ കർമ്മങ്ങളും, വീക്ഷണങ്ങളും ശുദ്ധിയാക്കിവെക്കുക എന്ന് ഖുർആനും, മുഹമ്മദ് നബിയും പഠിപ്പിച്ചപ്പോൾ, അതിന്റെ അർത്ഥവും ആശയവും അട്ടിമറിച്ചു 'നിങ്ങൾ അഞ്ചുനേരം അറബിഭാഷയിൽ പ്രാർത്ഥിക്കാൻ വേണ്ടി (അഞ്ചുനേരവും) കയ്യും, മുഖവും കഴുകുക' എന്നാണ് സുന്നീ പണ്ഡിതന്മാർ വ്യാഖ്യാനിച്ചത് (5:6)

'നിങ്ങളിൽ (നിങ്ങൾ ഉൾക്കൊള്ളുന്ന വിശ്വാസികളുടെ സമൂഹത്തിലെ) മുതിർന്നവർക്കും, താഴെയുള്ളവർക്കും അർഹമായ പരിഗണന പരിപൂർണ്ണമായും (എല്ലാ സന്ദർഭങ്ങളിലും) നൽകുക എന്നതിനെ 'തലതടവുകയും, കാൽകഴുകുകയും ചെയ്യുക' എന്നും അവർ അർത്ഥം മാറ്റിമറിച്ചു. അങ്ങിനെയാണ് നബി തിരുമേനിയുടെ മരണം കഴിഞ്ഞു സുമാർ അമ്പതു വർഷം കഴിഞ്ഞപ്പോൾ അബൂഹുറൈറയും, മുആവിയയും 'അംഗസ്നാനം' (വുളു) എന്ന ആചാരത്തിന് ഇസ്ലാമിൽ തുടക്കമിട്ടത്. ഇസ്ലാം ഒരു പ്രാർത്ഥനാ പ്രസ്ഥാനമല്ല. മുഹമ്മദ് നബി അറേബ്യയിൽ കൊണ്ടുവന്നത് ഒരു നമസ്ക്കാര പ്രസ്ഥാനവുമല്ല. ജാതി, മതം, വർഗം, ഗോത്രം, ഭാഷ, ദേശം എന്നിങ്ങനെയുള്ള അതിർവരമ്പുകൾക്കതീതമായി, മാനവരാശിയെ ഒരൊറ്റ കുടുംബം പോലെ കാണുക. അതിനു വിശ്വാസികളെ പ്രാപ്തരാക്കുക എന്നതാണ് ഖുർആൻ ലക്ഷ്യംവെക്കുന്നത്. ഒരാളും മറ്റൊരാളെ ചൂഷണം ചെയ്യാൻപാടില്ല എന്നതാണ് അതിന്റെ ആത്യന്തികമായ പ്രമേയം തന്നെ. ദൈവവിശ്വാസികളുടെ ഒരു സമൂഹത്തിൽ മുതലാളി, തൊഴിലാളിയെയോ, തൊഴിലാളി മുതലാളിയെയോ, ഉള്ളവൻ ഇല്ലാത്തവനെയോ ചൂഷണം ചെയ്യാൻ പാടുള്ളതല്ല. ഓരോരുത്തരും അവരവരുടെ അവകാശങ്ങളും, ഉത്തരവാദിത്വങ്ങളും പരിമിതികളും പരസ്പരം മനസ്സിലാക്കി, സ്നേഹത്തോടെയും, സഹകരണത്തോടെയും തന്നിൽ അർപ്പിതമായ കർമ്മങ്ങൾ നിർവഹിച്ചുകൊണ്ട് ഈ ഭൂമിയിലെ ജീവിതം സ്വർഗ്ഗതുല്യമാക്കുക. 'ഭൂമിയിലെ മർദ്ദിതരോട് ഔദാര്യം കാണിക്കുവാനും, അവരെ ഈ ഭൂമിയുടെ അന്തരാവകാശികളാക്കാനും' അവർക്ക് സ്വർഗീയമായ ജീവിതം പ്രദാനം ചെയ്യാനുമാണ്, വേദഗ്രന്ഥങ്ങളും ദൈവദൂതന്മാരും വന്നതെന്ന് ഖുർആൻ സാക്ഷ്യപ്പെടുത്തുന്നു. ലോകസമാധാനമുണ്ടാക്കാൻ, മനുഷ്യർക്കിടയിൽ ശത്രുതയില്ലാതാക്കാൻ അവശ്യം ആവശ്യമായ ഒരു മഹാസിദ്ധാന്തമാണ് ഖുർആനും മുഹമ്മദ് നബിയും പഠിപ്പിക്കുന്നത്. നമ്മുടെ കരങ്ങൾ (കർമ്മങ്ങൾ) ശുദ്ധിയാക്കിവെക്കുക. നമ്മുടെ ചിന്തകളാണ് നമ്മുടെ കർമ്മങ്ങളായി മാറുന്നത്. നാം ഉൾക്കൊള്ളുന്ന സമൂഹത്തിലെ മുതിർന്നവർക്കും, തന്നേക്കാൾ താഴെയുള്ളവർക്കും അർഹമായ പരിഗണന പരിപൂർണ്ണമായും നൽകുക. ചുരുക്കത്തിൽ നമ്മുടെ കർമ്മങ്ങളാണ് ശത്രുക്കളെയും, മിത്രങ്ങളെയും സൃഷ്ടിക്കുന്നത്. അതുകൊണ്ട് ഖുർആനിക അടിസ്ഥാനത്തിൽ ഒരു മാതൃകാസമൂഹം കെട്ടിപ്പടുക്കുക.

## സ്വലാത്തിന്റെ സത്യം

### (നമസ്ക്കാരത്തിന്റെ യാഥാർത്ഥ്യം)

ദൈവം ഒന്നുമാത്രം. ആ മഹാപ്രതിഭാസത്തിന്റെ പ്രതിനിധിയായി മനുഷ്യസമൂഹം ഒറ്റക്കെട്ടായി നിൽക്കണം. മാനവരാശി ഒരൊറ്റ ആത്മാവിൽ നിന്നുണ്ടായതാണ്. മനുഷ്യരെല്ലാം ഒരേ മാതാപിതാക്കളുടെ സന്താന പരമ്പകൾ. (2:62), (5:68), (2:213), (21:92), (39:6), (7:159), (23:52).(49:13), 7:157), (23:96), (16:90), (5:2). ഈ വേദ തത്വം എപ്പോഴും ഓർത്തുകൊണ്ട് മാനവരാശിയുടെയും പ്രപഞ്ചത്തിന്റെയും നന്മക്കുവേണ്ടി ഓരോ വിശ്വാസിയും സ്വന്തം ശരീരവും, തനിക്കു ചുറ്റുമുള്ള സമൂഹവും, ആ സമൂഹത്തെ ആവാഹിച്ചു നിൽക്കുന്ന അല്ലാഹുവിന്റെ (ദൈവത്തിന്റെ) കാണുന്ന ഭാഗമായ പ്രകൃതിയും പരിശുദ്ധമായി നിലനിർത്തുക. അവിടെ കഷ്ടപ്പെടുന്ന മനുഷ്യരോ, ചൂഷണം ചെയ്യപ്പെടുന്ന പ്രകൃതിയോ ഉണ്ടാവാൻ പാടില്ല. ഇതാണ് വിശുദ്ധ ഖുർആന്റെ ആകെത്തുക. ഇതാണ് തസ്ബീഹ്. ഇതാണ് ഖുർആനും, മുഹമ്മദ് നബിയും പഠിപ്പിക്കുന്ന സ്വലാത്ത്. ഇതിനെയാണ് – ദൈവിക നിയമങ്ങളെ നിരന്തരം പിൻതുടർന്ന് ജീവിക്കുക – അഥവാ ജീവിതത്തിൽ വേദഗ്രന്ഥം (സ്വലാത്ത്) നിലനിർത്തുക എന്ന് വിവക്ഷിക്കുന്നത്. ഇതിനെയാണ് അബൂഹുറൈറയും, സുന്നികളും അഞ്ചുനേരം അറബിഭാഷയിൽ നബിയെ വിളിച്ചു പ്രാർത്ഥിക്കുക എന്ന ആചാര നമസ്ക്കാരമാക്കി മാറ്റി അട്ടിമറിച്ചത്.

ഗോത്രമഹിമയുടെയും, ഗോത്രദൈവങ്ങളുടെയും, പേരിൽ ഖുറൈശികൾ (അന്നത്തെ ബൂർഷകൾ) ഭിന്നിപ്പിച്ചു നിർത്തിയ അറേബ്യയിലെ മുപ്പതോളം ഗോത്രങ്ങളെ, ഖുർആൻ എന്ന പൊൻചരട് കൊണ്ട് മുഹമ്മദ് നബി ഏകീകരിച്ചു. ഖുർആൻ എന്ന പുണ്യതീർത്ഥംകൊണ്ട് ദൈവദൂതൻ അവരുടെ മന

സ്സിലെ പൈശാചിക ചിന്തകളെ കഴുകി, അവരിലെ ശത്രുത ഇല്ലാതാക്കി അറബികളെ ഒന്നിപ്പിച്ചതായി ഖുർആൻ സാക്ഷ്യപ്പെടുത്തുന്നു. അതായിരുന്നു നബിയുടെ ദൗത്യവും (സ്വലാത്ത്).

## നോമ്പിന്റെ സത്യം

വിശുദ്ധ ഖുർആന്റെ (ഇസ്ലാമിന്റെയും മുഹമ്മദ് നബിയുടെയും) ഏറ്റവും വലിയ നേട്ടമായി ചരിത്രത്തിൽ നമുക്കു കാണാൻ കഴിയുന്നത് അറേബ്യയിലെ - ലോകത്തിലെ അന്ധകാരയുഗം (ജാഹിലിയ്യാ കാലഘട്ടം -AD 450-570) അവസാനിപ്പിച്ചു എന്നതാണ്. നൂറ്റാണ്ടുകളോളം നീണ്ട ഗോത്രയുദ്ധങ്ങളുടെയും രക്തച്ചൊരിച്ചിലിന്റെയും പരിണതഫലമായി രാഷ്ട്രീയമായും, സാമൂഹികമായും, സാംസ്കാരികമായും തകർന്നുപോയ നാടായിരുന്നു അറേബ്യ. പട്ടിണിയും, ലൈംഗിക അരാജകത്വവും, വാഗ്ദത്തലംഘനവും, മദ്യാസക്തിയും, കൊള്ളയും, കൊലപാതകങ്ങളും, കൊള്ളപലിശയും, അടിമക്കച്ചവടവും, പെൺശിശുഹത്യയും, മറ്റു മനുഷ്യാവകാശലംഘനങ്ങളും കൊണ്ടു പൊറുതിമുട്ടിയ ഒരു കാലഘട്ടത്തിലാണ് ഖുർആൻ എന്ന വേദഗ്രന്ഥവുമായി മുഹമ്മദ് എന്ന ദൈവദൂതൻ അറേബ്യയിലേക്ക് കടന്നുവരുന്നത്.



അന്ധവിശ്വാസങ്ങൾകൊണ്ടും, അനാചാരങ്ങൾകൊണ്ടും, അതിഭീകരമായ മനുഷ്യാവകാശ ലംഘനങ്ങൾകൊണ്ടും, 'നിങ്ങൾക്കെല്ലാം സുപരിചിതമായ ഒരു ചൂടുപിടിച്ച കാലഘട്ടത്തിലാണ്' (ശഹറു റമദാൻ) 'കുപ്രസിദ്ധമായ ഒരു കൊടും വേനലിലാണ്' (അന്ധകാര യുഗത്തിലാണ്) ഈ ഖുർആൻ അവതരിച്ചതെന്നും, അതിനാൽ അത്തരം അനാചാരങ്ങൾക്കും, അന്ധവിശ്വാസങ്ങൾക്കും, മനുഷ്യാവകാശ ലംഘനങ്ങൾക്കും, നിങ്ങളുടെ സമൂഹത്തിൽ സാക്ഷികളായാൽ, നിങ്ങൾ അതിനെ തടഞ്ഞു നിർത്തണം. ഒരു വ്രതമെന്നോണം അത്തരം തിന്മകളെ തടഞ്ഞു നിർത്താൻ വേണ്ട പരിശീലനം, ഏതാനും ദിവസങ്ങളിൽ നിങ്ങൾ നേടണം എന്നു ഖുർആനും മുഹമ്മദു നബിയും പഠിപ്പിച്ചപ്പോൾ 'ഒരു മാസം പകൽ മുഴുവൻ വെള്ളവും ഭക്ഷണവും ശരീരത്തിനു നൽകാതെ തടഞ്ഞു നിർത്തണം' എന്നാണ് അബൂഹുറൈറ ഹദീസിലൂടെ പഠിപ്പിച്ചത്.

പരിസരമലിനീകരണത്തിനും വനനശീകരണത്തിനും മണൽ മാഫിയക്കുമെതിരെ പ്രതികരിക്കുന്നവരും, പോരാടുന്നവരും, അനീതിക്കും അക്രമത്തിനും, ചൂഷണത്തിനും ഇരയായ പാവങ്ങൾക്കും, നിസ്സഹായർക്കും വേണ്ടി ശബ്ദിക്കുന്നവരും, ജാതിമത വ്യത്യാസമില്ലാത്ത കാരുണ്യപ്രവർത്തനത്തിൽ ഏർപ്പെടുന്നവരുമാണ് യഥാർത്ഥ മുസ്ലിംകൾ. ഖുർആനിനെയും മുഹമ്മദ് നബിയെയും ധിക്കരിച്ചു അഞ്ചുനേരം അറബി ഭാഷയിൽ പ്രാർത്ഥിക്കുകയും, അത്രയും നേരം ബാങ്ക് വിളിച്ചു ഒച്ചപ്പാടുണ്ടാക്കുകയും, ചേലാകർമ്മം ചെയ്യുകയും, ഒരു മാസം മുഴുവൻ പട്ടിണി കിടക്കുകയും, ബിംബാരാധനയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് മക്കത്തു പോയി കല്ലു ചുംബിച്ചും, കല്ലെറിഞ്ഞും ഹജ്ജ് ചെയ്യലുമാണ് ഖുർആനിക ദൃഷ്ട്യാ എറ്റവും വലിയ പാപം (ശിർക്ക്). കാരണം ഖുർആനിക നിയമങ്ങളിൽ മാറ്റം വരുത്തലാണ് ഏറ്റവും വലിയ പാപം. ഒരു ദൈവവിശ്വാസിക്കു ചുറ്റും കഷ്ടപ്പെടുന്ന മനുഷ്യരോ, ചൂഷണം ചെയ്യപ്പെടുന്ന അഥവാ മലിനമാക്കപ്പെടുന്ന പ്രകൃതിയോ ഉണ്ടാവാൻ പാടില്ല. നാം നമ്മുടെ ശരീരത്തെ എത്രമാത്രം ശ്രദ്ധാപൂർവ്വം പരിചരിക്കുന്നുവോ, അതുപോലെ അല്ലാഹു എന്ന ആ

മഹാശക്തിയെ- അല്ലാഹുവിന്റെ ചൈതന്യം നിറഞ്ഞുനിൽക്കുന്ന ഈ പ്രപഞ്ചമാകുന്ന - ആദ്യവും അവസാനവുമില്ലാത്ത ഈ പ്രകൃതിയാകുന്ന ശരീരത്തെയും നാം വൃത്തിയായി സൂക്ഷിക്കുകയും പരിചരിക്കുകയും വേണം. ആകാശത്തും ഭൂമിയിലുമായി - ഈ പ്രകൃതിയിൽ - അല്ലാഹു ഒരുക്കി വെച്ചിട്ടുള്ള ഒരിക്കലും അവസാനിക്കാത്ത അനുഗ്രഹങ്ങൾ വിനയപൂർവ്വം ഉപയോഗിച്ചുകൊണ്ട് സുഖവും, സംതൃപ്തിയും നിറഞ്ഞ ഒരു ജീവിതം നയിക്കുക-അതുപോലെ സുഖമായും സംതൃപ്തിയോടെയും ജീവിക്കാൻ തന്റെ സഹജീവികളെയും സഹായിക്കുക. ആരും ആരെയും ചൂഷണം ചെയ്യരുത്. അങ്ങിനെ സംഘടിച്ചു നിന്നുകൊണ്ട് ഈ ലോകവും വരാൻ പോകുന്ന ലോകവും സ്വർഗ്ഗമാക്കുക. ഇതാണ് ഖുർആനും മുഹമ്മദ് നബിയും മാനവരാശിക്കു നൽകുന്ന സന്ദേശം.

ഈ ഖുർആനിക സിദ്ധാന്തം എപ്പോഴും പ്രചരിപ്പിച്ചുകൊണ്ടിരിക്കുക. ഈ ഖുർആനിനുവേണ്ടി ന്യായവാദങ്ങളും, വെല്ലുവിളികളും, ചർച്ചകളും നടത്തുക. ആക്രമിക്കപ്പെടുന്ന - ചൂഷണം ചെയ്യപ്പെടുന്ന വ്യക്തികളെയോ, പ്രകൃതിയെയോ കണ്ടാൽ, അവർക്കുവേണ്ടി വാദിക്കുക, അതിനു വേണ്ട ഉപരോധങ്ങളും, നിയമയുദ്ധങ്ങളും ധർമ്മസമരങ്ങളും, വേണ്ടി വന്നാൽ യുദ്ധം തന്നെയും (ഹജ്ജുൽ അക്ബർ) നടത്തുക. മനുഷ്യാവകാശങ്ങൾ നിലനിർത്താൻ ഖുർആൻകൊണ്ട് ഉപരോധങ്ങളും പ്രതിരോധങ്ങളും നടത്താനുമുള്ള ഖുർആനിന്റെ ആഹ്വാനമാണ് 'അടിവസ്ത്രം ധരിക്കാതെ, മുറിമുണ്ടുടുത്ത് കല്ലെറിയലും, കല്ല് ചുംബനവുമൊക്കെയായി മുസ്ലിംകൾ ആഘോഷിക്കുന്ന' 'ഹജ്ജാ'യി മാറിയത്. അറഫയിൽ ഒത്തുകൂടേണ്ടത് ഖുർആൻ പ്രഭാഷണം നടത്താനും ഇസ്ലാമിക ലോകത്തെ പ്രശ്നങ്ങൾ (മാനവരാശിയുടെ പ്രശ്നങ്ങൾ) ചർച്ച ചെയ്യാനും പരിഹരിക്കാനുമാണ്. അല്ലാതെ പുരാതന അറബികളുടെ ജാഹിലിയ്യ ആചാരങ്ങൾക്കു ഓശാന പാടാനല്ല; ഇതു 'ഖുർആനിലെ ഹജ്ജ്' എന്ന ഗ്രന്ഥത്തിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

## അൽപം ചരിത്രം

നബിയുടെ വേർപാടിനു ശേഷം സുമാർ അമ്പത് വർഷം കഴിഞ്ഞപ്പോൾ ഖലീഫാ ഉമറും ഇമാം അലിയും തങ്ങളെ ആക്രമിച്ച പേർഷ്യ - റോമൻ സാമ്രാജ്യങ്ങൾ കീഴടക്കിയപ്പോൾ - നബിവിരോധികളായിരുന്ന ഖുറൈശികൾ ഇസ്ലാമിന്റെ അധികാര സ്ഥാനങ്ങളിൽ തന്ത്രപൂർവ്വം പ്രതിഷ്ഠിക്കപ്പെട്ടപ്പോൾ, അതേ നബിയെ ദൈവതുല്യനായ പുണ്യവാളനാക്കുകയും നബിയുടെ പേരിൽ അറബിഭാഷയിൽ ഒരു പ്രാർത്ഥനയുണ്ടാക്കുകയും, ആ അറബി പ്രാർത്ഥനക്കും, അറബിഭാഷക്കും അമിതപ്രാധാന്യം നൽകുകയും, ആ പ്രാർത്ഥനക്ക് അവർ സ്വലാത്ത് എന്നു പേര് നൽകുകയും, ആ പ്രാർത്ഥനയിലൂടെ തന്നെ നബി ഒന്നിപ്പിച്ച അറേബ്യൻ മുസ്ലിംകളെ ഭിന്നിപ്പിക്കുകും ചെയ്തു. അങ്ങനെ ഒരു ഒസ്യത്തെന്നോണം, അറബികളോടും, ലോകജനതയോടും നബി പഠിക്കാനും പ്രചരിപ്പിക്കാനും നിലനിർത്താനും പറഞ്ഞ ഖുർആൻ എന്ന സ്വലാത്ത്, സുന്നികളുടെ അഞ്ചുനേരത്തെ അറബിഭാഷയിൽ പ്രാർത്ഥിക്കുക എന്ന സ്വലാത്തായി മാറി. അങ്ങനെ ഇസ്ലാമിൽ ആദ്യമായി സുന്നി-ശിയാ പിളർപ്പുണ്ടായി. സിറിയൻ ഗവർണറായിരുന്ന മുആവിയയുടെ ദുർഭരണത്തെ ഖുർആൻ കൊണ്ടു തിരുത്തിയ ഇമാം അലിക്കു തന്റെ ഖലീഫാ സ്ഥാനം നഷ്ടപ്പെട്ടു. മദീനയിൽ പിടിച്ചുനിൽക്കാൻ സാധിക്കാതായപ്പോൾ അദ്ദേഹം പേർഷ്യൻ പ്രവിശ്യയിലെ (ഇറാഖിലെ) കൂഫയിലേക്കു പിൻമാറി. പിന്നീട് ഖുർആൻ കൊണ്ടു പോരാടിയ ഇമാം അലി തന്റെ ത്യാഗസന്നദ്ധരായ അനുചരന്മാരുടെ സഹായത്തോടെ കൂഫയിൽ ഇസ്ലാമിക ഭരണം (ഖുർആനിക ഭരണം) നടപ്പിലാക്കി. മുആവിയയുടെ നിരന്തരമായ അക്രമങ്ങളുടെ ഫലമായി ആ ഭരണം അവസാനിച്ചു. ഒടുവിൽ അലിയും മകൻ ഇമാം ഹുസൈനുമൊക്കെ വധിക്കപ്പെട്ടു.

എങ്കിലും ഇമാം അലിയുടെ അനുചരന്മാരുടെ സഹായത്തോടെ അബ്ബാസികൾ മുആവിയയുടെ ഖുർആൻ വിരുദ്ധ ഭരണത്തെ 92 വർഷങ്ങൾക്കു ശേഷം മറിച്ചിട്ടു. അങ്ങനെ അബ്ബാസികൾ ഭരണത്തിൽ വന്നു. പക്ഷെ ഇമാം അലി മുറുകെ പിടിച്ച ഖുർആൻ അബ്ബാസികൾക്കും ദഹിക്കുന്നതായിരുന്നില്ല. പാവപ്പെട്ടവനേയും പണക്കാരനേയും ഒരേ കണ്ണുകൊണ്ട് മാത്രം കാണുന്ന, എല്ലാവർക്കും നീതി, എല്ലാവർക്കും നന്മ എന്ന ഖുർആനിക സിദ്ധാന്തം അബ്ബാസികൾ ഉൾക്കൊണ്ടില്ല. മുഹമ്മദുനബിയെ മുആവിയ ദൈവമാക്കിയതുപോലെ ഇമാം അലിയെ ദൈവമാക്കിക്കൊണ്ടും അദ്ദേഹത്തിന്റെയും മകൻ ഇമാം ഹുസൈന്റെയും പേരിൽ അബ്ബാസി രാജാക്കന്മാർ അവരിലെ പുരോഹിതന്മാരുടെ ഒത്താശയോടെ മറ്റൊരു മതമുണ്ടാക്കി. അതാണ് ഇന്ന് കാണുന്ന 'ശിയാ മതം'. പഴയ പേർഷ്യൻ പ്രവിശ്യയിൽ മാത്രം (ഇറാൻ ഇറാഖ്, ബഹറൈൻ തുടങ്ങിയ നാടുകളിൽ) ശിയാക്കൾ അഭിവൃദ്ധിപ്പെടാൻ കാരണവും ഇതുതന്നെ. നബിയുടെ പേരിൽ ഖുർആൻ വിരുദ്ധ കള്ള ഹദീസുകളുണ്ടാക്കി (അഹ്ലുസ്സുന്നത്തി വൽജമാഅത്ത് എന്ന സുന്നിമതമുണ്ടാക്കി) തങ്ങളുടെ അറേബ്യൻ ചിന്താഗതികളും, ആചാരങ്ങളും താൽപ്പര്യങ്ങളും നടപ്പിലാക്കിയ സുന്നികളെപ്പോലെ, ഇമാം അലിയുടെയും മക്കളുടെയും പേരിൽ ഒരു ആചാര

മതമുണ്ടാക്കി, (ഖുർആനും അഹ്‌ലുൽബൈത്തും എന്ന ശിയാ മതം) പേർഷ്യക്കാരും തങ്ങളുടെ പഴയ ചിന്താഗതികളും, ആചാരങ്ങളും, താൽപ്പര്യങ്ങളും നിലനിർത്തി...!! ഖുർആനാകട്ടെ പാരായണം ചെയ്യാൻ മാത്രമുള്ള ഒരു 'ദിവ്യഗന്ഥ'വുമായി.

ഖുർആനിനു പകരം ഹദീസുകൾ (നബി വചനം) എന്ന പേരിൽ പ്രമാണഗ്രന്ഥങ്ങൾ എഴുതിയുണ്ടാക്കിയാണ് അവർ അവരുടെ ഖുർആൻ വിരുദ്ധ ആശയങ്ങൾക്കും ചിന്താഗതികൾക്കും പ്രചാരണത്തിനും തുടക്കമിട്ടത്. ഗോത്രം, ദേശം, ഭാഷ, ഗോത്രദൈവങ്ങൾ എന്നീ മതിൽക്കെട്ടുകൾക്കിടയിൽ കിടന്നു പരസ്പരം കലഹിക്കുകയും, വീർപ്പുമുട്ടുകയും ചെയ്ത ഒരു ജനതയെ (അറബികളെ) ഖുർആൻ കൊണ്ട് മുഹമ്മദ് എന്ന ദൈവദൂതൻ ഏകീകരിച്ചപ്പോൾ 'ഭിന്നിപ്പിച്ചു ഭരിക്കുക' എന്ന ഖുറൈശികളുടെ ബുർഷാ തന്ത്രം പരാജയപ്പെട്ടു. അതായിരുന്നു മദീന ആസ്ഥാനമായി നബിയും ഖലീഫാ ഉമറും ഇമാം അലിയുമൊക്കെ നടപ്പിലാക്കിയ ഇസ്ലാമിക (ഖുർആനിക) ഭരണം (AD 622-661).

പിന്നീട് അവർ (ഖുറൈശികൾ) കപടവിശ്വാസികളായി നബിയുടെ കൂടെ കൂടുകയും, ക്രമേണ ഇസ്ലാമികഭരണം കൈക്കലാക്കുകയും ചെയ്തു. അതാണ് മുആവിയ സ്ഥാപിച്ച അമവി ഭരണം. സുന്നികൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഭരണമാണ് മുആവിയ നടപ്പിലാക്കിയത്. അതിലൂടെ ഖുർആനും മുഹമ്മദ് നബിയും എതിർത്ത എല്ലാ അറേബ്യൻ ജാഹിലിയ്യ ആചാരങ്ങളും ചിന്താഗതികളും നടപടിക്രമങ്ങളും നബിയുടെ സുന്നത്തുകൾ എന്ന പേരിൽ അവർ നടപ്പിലാക്കി. (അഹ്ലുസ്സുന്നത്തി വൽജമാഅത്ത്) .(അമവീ ഭരണം (AD 667- 750).

അമവികൾക്ക് വേണ്ടി (അറബികൾക്ക് വേണ്ടി) അമവികളാൽ (അറബികളാൽ) തിരഞ്ഞെടുക്കപ്പെട്ട അമവികളുടെ (അറബികളുടെ) ഭരണം എന്ന ഖുർആൻ വിരുദ്ധ സിദ്ധാന്തം അനുസരിച്ച് ഭരിച്ച അമവീ ഭരണകൂടത്തെ 92 വർഷങ്ങൾക്കു ശേഷം ഇമാം അലിയുടെ അനുയായികളായ ശിയാക്കളുടെ സഹായത്തോടെ അബ്ബാസികൾ മറിച്ചിട്ടു എന്ന ചരിത്രസത്യം നാം കണ്ടുവല്ലോ. അങ്ങനെ ഇറാഖിലെ ബാഗ്ദാദ് ആസ്ഥാനമായി അബ്ബാസിയ ഭരണകൂടം നിലവിൽ വന്നു (AD 750-1258). അവർ ഇമാം അലിയുടെ പേരിൽ ഒരു മതമുണ്ടാക്കി (അഹ്‌ലുൽ ബയ്ത്ത് എന്ന ശിയാ മതം) മുസ്ലിംകളെ സുന്നികൾ, ശിയാക്കൾ എന്നിങ്ങനെ നടുപൊളിച്ചു. ഗോത്രങ്ങളുടെ പേരിലും ഗോത്രദൈവങ്ങളുടെ പേരിലും ഭിന്നിച്ചിരുന്ന അറബികളെ മുഹമ്മദ്നബി ഖുർആൻകൊണ്ട് ഒന്നിപ്പിച്ചപ്പോൾ അബ്ബാസികൾ കണ്ടെത്തിയ പുതിയ തന്ത്രമായിരുന്നു ആചാരമതങ്ങളുണ്ടാക്കി ആ മതങ്ങളുടെ പേരിൽ അറേബ്യൻ സമൂഹത്തെ (ലോക സമൂഹത്തെ) ഭിന്നിപ്പിച്ചു നിർത്തുക എന്നത്. അങ്ങനെ മുആവിയ ഉണ്ടാക്കിയ സുന്നീമതത്തെയും പിന്നീടുണ്ടായ ശിയാമതത്തെയും പ്രോത്സാഹിപ്പിച്ചുകൊണ്ട് 'ഭിന്നിപ്പിച്ചു ഭരിക്കുക' എന്ന ബൂർഷാ തന്ത്രം അവർ വീണ്ടും നടപ്പിലാക്കി. തങ്ങളുടെ ദുർഭരണത്തിൽ നിന്ന് സാധാരണക്കാരുടെ ശ്രദ്ധ തിരിച്ചുവിടാൻ അബാസി രാജാക്കന്മാർ കണ്ടുപിടിച്ച ഒരു മഹാ തന്ത്രമായിരുന്നു മനുഷ്യനിർമ്മിതമായ ആചാരമതങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നത്. നബി ഖുർആൻ കൊണ്ട് ഒന്നിച്ചു നിർത്തിയിരുന്ന അറബികളെ (മുസ്ലീംകളെ) സുന്നികൾ, ശിയാക്കൾ എന്നിങ്ങനെ രണ്ടു വിഭാഗമാക്കി തിരിച്ചതിലൂടെ അവർ അവരുടെ ലക്ഷ്യം നേടി. ഖുർ



ആനോ, മുഹമ്മദ് നബിയോ പഠിപ്പിക്കാത്ത ആരാധനകളുടെ പേരിൽ – ഹദീസുകളുടെ അടിസ്ഥാനത്തിലുള്ള (ചടങ്ങു പ്രാർത്ഥനകളുടെ പേരിൽ)

**'സംഗീതം ഹറാമാണെന്ന' ഫത്‌വ (മതവിധി) ഇന്നും മുസ്‌ലിം ലോകത്ത് നിലവിലുണ്ട്. ഭവനങ്ങൾ അലങ്കരിക്കുന്നതിന്റെ ഭാഗമായി ചിത്രപ്പണികളും ഫോട്ടോയും പ്രതിമകളും മനഃസാക്ഷിക്കുത്തില്ലാതെ വീട്ടിലെ 'ഷോകെയ്സിൽ' വെക്കാൻ ഒരു സുന്നി മുസ്‌ലിമിന്ന് സാധ്യമല്ല.**

മുസ്ലീംകൾക്കിടയിൽ ഭിന്നിപ്പുണ്ടാവാൻ തുടങ്ങി. ഖുർആൻ വിരുദ്ധമായ എല്ലാ മദ്ഹബുകളും (ചിന്താസരണികൾ-ശാഫി, ഹനഫി, ഹമ്പലി, മാലിക്കി എന്നിങ്ങനെയുള്ള മദ്ഹബുകൾ) ഉണ്ടാകുന്നത് അബാസിയ കാലഘട്ടത്തിലാണ്. ഖുർആനോ മുഹമ്മദ് നബിയോ പഠിപ്പിക്കാത്ത 'അഞ്ചുനേരം അറബി ഭാഷയിൽ പ്രാർത്ഥിക്കുക' എന്ന സുന്നീസ്വലാത്തിനെ ചുറ്റിപ്പറ്റിയാണ് ശാഖാപരമായ ഭിന്നിപ്പുകൾ എന്ന പേരിൽ മുസ്ലിംകളെ അമവി - അബ്ബാസി രാജാക്കൻമാരും അവരുടെ പുരോഹിതൻമാരും വിഘടിപ്പിച്ചതും നൂറുകണക്കിനു ഗ്രൂപ്പുകൾ ഉണ്ടാക്കിയതുമെന്ന ചരിത്ര സത്യം നാം മനസ്സിലാക്കണം. ഈസാ നബിയെ (യേശുക്രിസ്തുവിനെ) തോൽപ്പിച്ചുകൊണ്ട് വിശുദ്ധ പൗലോസും ബൈസാന്റിയൻ ചക്രവർത്തിമാരും ക്രിസ്ത്യാനികളുടെ കയ്യിൽ നൽകിയ 'കുരിശു'പോലെയുള്ള ഒരു കുരിശാണ് അമവി-അബ്ബാസി രാജാക്കന്മാർ സുന്നികളുടെയും ശിയാക്കളുടെയും കയ്യിൽ അവരറിയാതെ പിടിപ്പിച്ച 'അഞ്ചുനേര നമസ്ക്കാരം'എന്ന 'ഏടാകൂടം'!

അടിസ്ഥാനരഹിതവും, അബദ്ധജടിലവും ഖുർആൻ വിരുദ്ധവുമായ ചടങ്ങു പ്രാർത്ഥനകളും അനാചാരങ്ങളും വളർത്തിയെടുത്തുകൊണ്ട്, അതുമാത്രമാണ് ശരി എന്നു പാമരൻമാരെ പറഞ്ഞു പറ്റിച്ചുകൊണ്ടാണ് ലോകത്ത് എല്ലാ മതവിഭാഗങ്ങളും, അവരുടെ മതങ്ങളും മതഗ്രൂപ്പുകളും ഉണ്ടാക്കിയത്. ആ അനാചാരങ്ങളിലൂടെയും, ചടങ്ങു പ്രാർത്ഥനകളിലൂടെയും, മറ്റു മതക്കാരിൽ നിന്ന്, അകന്നു നിൽക്കാനും അവരോട് മാത്സര്യബുദ്ധി പ്രകടിപ്പിക്കാനും പുരോഹിതന്മാർ എക്കാലത്തും ശ്രമിപ്പിച്ചിട്ടുണ്ട്. ഇന്നും ശ്രമിക്കുന്നുണ്ട്. അതുകൊണ്ടാണ് അല്ലാഹുവിനോടുള്ള പ്രാർത്ഥന രഹസ്യമാക്കാൻ പ്രകൃതി മതമായ ഇസ്ലാം കൽപിച്ചത്.

ഏതു മതക്കാരനായാലും, വിശ്വാസികൾ രഹസ്യമായും ആത്മാർത്ഥതയോടു കൂടിയും പ്രാർത്ഥിക്കണമെന്ന ഖുർആനിന്റെയും മുഹമ്മദു നബിയുടെയും ശക്തമായ നിർദ്ദേശം കാറ്റിൽ പറത്തികൊണ്ടാണ് (7:55) (7:205) അബൂഹുറൈറയും മുആവിയയും (പിന്നീട് അമവി-അബ്ബാസി രാജാക്കൻമാരും) പരസ്യമായ കൂട്ടുപ്രാർത്ഥനകളും, സ്വലാത്തും നബി തിരുമേനി കേട്ടിട്ടുപോലുമില്ലാത്ത, ഖുർആൻ വിരുദ്ധമായ ബാങ്കു വിളിയുമൊക്കെയായി ഒരു അറേബ്യൻ ആചാരമതമുണ്ടാക്കിയത്. സുന്നി - മുജാഹിദ് - ജമാഅത്ത് - തബ്ലീഗ് എന്നിങ്ങനെ ഖുർആൻ വിരുദ്ധമായ ഹദീസുകളുടെ പിൻബലത്തിൽ മാത്രം വിഘടിച്ചുണ്ടായ, എല്ലാ ഗ്രൂപ്പുകളുടെയും, ഗ്രൂപ്പു വഴക്കുകളുടെയും അടിസ്ഥാന കാരണം ഖുർആൻ വിരുദ്ധമായ ഹദീസുകളും, ആ ഹദീസുകളുടെ അടിസ്ഥാനത്തിലുള്ള നമസ്ക്കാരവും മറ്റു ആരാധനകളുമാണെന്ന് കാണാം. ഈ സത്യം മനസ്സിലാക്കി സുന്നി - മുജാഹിദ് - ജമാഅത്ത് മൗലവിമാർ പരസ്പരം തർക്കിക്കുന്നതിൽ നിന്നും, പോരടിക്കുന്നതിൽ നിന്നും, തെറിയഭിഷേകം നടത്തുന്നതിൽ നിന്നും മാറി നിൽക്കണം എന്നും ഞങ്ങൾ വിനീതമായി അഭ്യർത്ഥിക്കുന്നു.

'സംഗീതം ഹറാമാണെന്ന' ഫത്‌വ (മതവിധി) ഇന്നും മുസ്‌ലിം ലോകത്ത് നിലവിലുണ്ട്. ഭവനങ്ങൾ അലങ്കരിക്കുന്നതിന്റെ ഭാഗമായി ചിത്രപ്പണികളും ഫോട്ടോയും പ്രതിമകളും മനഃസാക്ഷിക്കുത്തില്ലാതെ വീട്ടിലെ 'ഷോകെയ്സിൽ' വെക്കാൻ ഒരു സുന്നി മുസ്‌ലിമിന്ന് സാധ്യമല്ല. കാരണം അവന്റെ മതം പൂർണമായും ഖുർആൻ വിരുദ്ധമായ ഹദീസുകളുടെ അടിസ്ഥാനത്തിലുള്ളതാണ്. അത് 'അഹ്ലുസ്സുന്ന'യാണ്. ഒരു യഥാർത്ഥ സുന്നിയായി ജീവിക്കുന്ന കാലത്തോളം മാനസിക സംഘർഷമില്ലാതെ പത്രം വായിക്കാനോ, ടെലിവിഷൻ കാണാനോ, പാട്ടുകേൾക്കാനോ സാധ്യമല്ല എന്നത് ഒരു വസ്തുതയാണ്. അതുകൊണ്ട് മനഃസാക്ഷിക്കുത്തില്ലാതെ സംഗീതം ആസ്വദിക്കാൻ, ചിത്രം വരയ്ക്കാൻ, ഫോട്ടോ എടുക്കാൻ, സിനിമ കാണാൻ, സിനിമയിലഭിനയിക്കാൻ, സിനിമ സംവിധാനം ചെയ്യാൻ, സാനിയ മിർസക്കും നബീസക്കും പാത്തുമ്മക്കുമൊക്കെ ട്രാക്ക്സ്യൂട്ട് ധരിച്ച് ട്രാക്കിൽ ഓടാൻ, മനഃസാക്ഷിക്കുത്തില്ലാതെ ബാങ്കിടപാടുകൾ നടത്താൻ, ഖുർആൻ പഠിക്കുക; ഖുർആനിലേക്ക് മടങ്ങുക. കാരണം അത്തരം കലാ-കായിക-സാംസ്കാരിക വിനോദോപാധികൾ നടപ്പിലാക്കാൻ- അത് ആസ്വദിക്കുമ്പോൾ- തകർന്നുപോകുന്നതല്ല ഇസ്ലാം.

# അനുഷ്ഠാനം കയറിവരുന്ന വഴികൾ

**അബൂയാസീൻ**

റസൂലിന്റെ കാലശേഷം ഏതാണ്ട് ഇരുനൂറു വർഷങ്ങൾ കഴിഞ്ഞ് ബുഖാറ എന്ന സ്ഥലത്ത് ജനിച്ച അബൂ അബ്ദുല്ലാ മുഹമ്മദ്ബ്നു ഇസ്മാഈൽ അൽബുഖാരി തന്റെ പത്താം വയസ്സിൽ ഇസ്ലാമിനെക്കുറിച്ച് ഗവേഷണമാരംഭിച്ചു. തന്റെ ജന്മദേശത്തും പരിസരങ്ങളിലും അതിനുവേണ്ടി അലഞ്ഞുതിരിഞ്ഞു. ഇസ്ലാം അതിന്റെ മുഴുവൻ പ്രഭാവങ്ങളോടും കൂടി ഭൂവിഭാഗങ്ങളും വൻകരകളും കീഴടക്കിക്കൊണ്ടിരിക്കുന്ന സന്ദർഭമായിരുന്നു അത്. ഇസ്ലാമിന്റെ മാനിഫെസ്റ്റോ ആകട്ടെ ഖുർആനായിരുന്നു.

എന്നാൽ നമ്മുടെ കൊച്ചു ഗവേഷകന്റെ ശ്രദ്ധ താൻ അന്വേഷണമാരംഭിച്ച പ്രത്യശാസ്ത്രത്തിന്റെ അടിസ്ഥാന പ്രമാണമായ ഖുർആനിലല്ലായിരുന്നു. പ്രവാചകന്റേയും അനുയായികളുടേയും ദൈനംദിന ജീവിതത്തിലെ ഓരോ ചലനങ്ങളും അന്വേഷിച്ചു കണ്ടെത്തി രേഖപ്പെടുത്തുക എന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി. അതിനു് അദ്ദേഹം അവലംബിച്ച മാർഗം അതീവ സൂക്ഷ്മതയുള്ളതായിരുന്നു. എന്നുവെച്ചാൽ പ്രവാചകനേയോ അനുചരന്മാരേയോ കുറിച്ചുള്ള വിവരങ്ങൾ തരാൻ കഴിയുന്നവരിൽ തന്നെ വളരെ ചെറിയ ഒരു ന്യൂനപക്ഷത്തെ മാത്രമെ അദ്ദേഹം വിശ്വസിച്ചുള്ളൂ. എന്നിട്ടും ഏതാണ്ട് ആറുലക്ഷത്തോളം അനുഭവ വിവരണങ്ങൾ പ്രവാചകനെക്കുറിച്ചും അദ്ദേഹത്തിന്റെ സഹചാരികളെക്കുറിച്ചും അദ്ദേഹത്തിനു സമാഹരിക്കാൻ സാധിച്ചു. അദ്ദേഹം പ്രധാനമായും അന്വേഷിച്ചത് പ്രവാചകന് അവതരിച്ചു കിട്ടിയ ഖുർആൻ എന്ന സന്ദേശം പ്രവാചകൻ എങ്ങനെ പ്രാവർത്തികമാക്കി എന്നതല്ല. അതിലദ്ദേഹത്തിനു താൽപര്യവും ഇല്ലായിരു എന്നുവേണം കരുതാൻ.

അദ്ദേഹം പ്രധാനമായും പ്രവാചകന്റേയും അദ്ദേഹത്തിന്റെ കൂട്ടാളികളുടേയും സ്വകാര്യജീവിതത്തെക്കുറിച്ചും അവർ ഊണുകഴിച്ചതെങ്ങനെ? വിസർജിച്ചതെങ്ങനെ? ഇണചേർന്നതെങ്ങനെ? ആരെയൊക്കെ കല്യാണം കഴിച്ചു? ആരെയൊക്കെ അടിമകളാക്കി വെച്ചുകൊണ്ടിരുന്നു? കുളിക്കാൻ പോകുമ്പോൾ എന്തു പ്രാർത്ഥനയാണ് ചൊല്ലിയത്? എങ്ങനെയാണ് തല ചൊറിഞ്ഞത്? ജനങ്ങൾക്കു വിശന്നപ്പോൾ അവരെ തന്റെ അത്ഭുത ശക്തികൊണ്ട് എങ്ങനെയാണ് ഭക്ഷണം കഴിപ്പിച്ചത്? ഒറ്റരാത്രിയിൽ ഏതാനും നിമിഷങ്ങളിൽ ഏഴ് ആകാശങ്ങളും സന്ദർശിച്ച് മടങ്ങിയതെങ്ങനെ? ലൈംഗിക വേഴ്ചയിൽ അദ്ദേഹത്തിനു എത്ര കുതിരശക്തിയുണ്ടായിരുന്നു. ഒറ്റ മണിക്കൂർ കൊണ്ടു എല്ലാ ഭാര്യമാരോടും എത്ര പ്രാവശ്യം വേഴ്ച നടത്തി ചന്ദ്രനെ പിളർന്നു രണ്ടു കഷ്ണമാക്കിയതെങ്ങനെ? അന്യസ്ത്രീയുടെ അടുത്ത് കിടന്നതെങ്ങനെ? സിഹ്ർ ബാധിച്ചപ്പോൾ എന്തൊക്കെ കാട്ടിക്കൂട്ടി? യുദ്ധത്തിൽ എത്രാമത്തെ വെട്ടിലാണ് ശത്രുവിനെ കീഴടക്കിയത്? യുദ്ധ മുതൽ പങ്കുവെക്കുമ്പോൾ അവലംബിച്ച രീതി എന്ത്? കച്ചവട സംഘങ്ങളെ പതിയിരുന്ന് ആക്രമിച്ച് അവരുടെ സമ്പത്ത് കൈവശപ്പെടുത്തിയെങ്ങനെ?

ഇങ്ങനെ എണ്ണമറ്റ കാര്യങ്ങൾ അദ്ദേഹം ഗവേഷണം ചെയ്ത് നമുക്കു എത്തിച്ചുതന്നത് അദ്ദേഹത്തിന്റെ സൂക്ഷ്മത മൂലം അദ്ദേഹം ശേഖരിച്ച 99.5% ഹദീസുകളും ഉപേക്ഷിച്ച ശേഷം ബാക്കി വന്ന അരശതമാനത്തിൽ ഉൾപെട്ട കാര്യങ്ങളാണ് നാം മുകളിൽ പറഞ്ഞത് എന്നോർക്കണം.. ഇദ്ദേഹത്തിന്റെ സേവനം കൊണ്ട് ഇസ്ലാമിനുണ്ടായ നേട്ടമെന്താണെന്നുവെച്ചാൽ ഇദ്ദേഹത്തെ പിന്തുടർ

ന്ന് നിരവധിപേർക്ക് ഇദ്ദേഹത്തെപ്പോലെ ഹദീസ് ശേഖരിക്കാനുള്ള പ്രോത്സാഹനം ലഭിക്കുകയും ഇദ്ദേഹവും മറ്റുള്ളവരും കൂടി ശേഖരിച്ച അനേകായിരം ഹദീസുക ളുടെ വെളിച്ചത്തിൽ അനേകം കർമസരണികൾക്കും അനേകം കർമശാസ്ത്രങ്ങൾക്കും വഴിയൊരുങ്ങി.

വ്യത്യസ്തകർമശാസ്ത്രക്കാരും വ്യത്യസ്ത കർമസരണിക്കാരും തമ്മിൽ തുടങ്ങിവെച്ച രക്തച്ചൊരിച്ചിൽ ഇപ്പോൾ ഇതെഴുതുമ്പോഴും ലോകത്തിന്റെ പലഭാഗത്തും നടന്നുകൊണ്ടിരിക്കുന്നു. ഇസ്ലാം കടന്നു ചെന്നിട്ടുള്ള ഓരോ കുഗ്രാമങ്ങളിൽപോലും മേപ്പടി കർമസരണിക്കാരും കർമ ശാസ്ത്രക്കാരും തമ്മിലുള്ള രക്തരൂഷിത സംഘട്ടനങ്ങൾ ആരംഭിച്ചിട്ട് ഏതാണ്ട് ആയിരത്തി ഒരുനൂറിൽ പരം വർഷങ്ങളായി. ഇന്നും മുടക്കമില്ലാതെ തുടരുകയാണ്. ഇപ്പോഴത്തെ രീതിയിൽ സുന്നികൾ ശിയാക്കളേയും ശിയാക്കൾ സുന്നികളേയും കൊന്നൊടുക്കുന്നത് തുടരുകയാണെങ്കിൽ ഒരു പത്തിരുനൂറു കൊല്ലത്തേക്കു കൂടിയെ ഇവിടെ മുസ്ലിംകൾ ഉണ്ടാവുകയുള്ളൂ.

> ഖുർആൻ തമസ്കരിക്കരിക്കരിക്കപ്പെട്ടതിലൂടെ തിന്മയിൽ അധിഷ്ഠിതമായ ഒരു ലോകക്രമത്തെ നന്മയിലേക്കു പരിവർത്തിപ്പിക്കാനുള്ള മാർഗനിർദേശങ്ങൾ മാറ്റിനിർത്തപ്പെട്ടു.

മേൽപറഞ്ഞ ഹദീസു രിവായത്തുകാരെക്കൊണ്ട് കിട്ടിയ പ്രധാനഗുണം ഖുർആൻ തമസ്കരിക്കപ്പെട്ടു എന്നുള്ളതാണ്. തിന്മയിൽ അധിഷ്ഠിതമായ ഒരുലോകക്രമത്തെ നന്മയിലേക്കു പരിവർത്തിപ്പിക്കാനുള്ള അല്ലാഹുവിന്റെ മാർഗനിർദേശങ്ങൾ അങ്ങനെ മാറ്റിനിർത്തപ്പെട്ടു. അതിനുപകരം അനേകായിരം പ്രാർത്ഥനാ ക്രമങ്ങളും, മിനാരം, ഹിജാബ് തൊപ്പി, താടി, തുടങ്ങിയ ചിഹ്നങ്ങളും ഇസ്ലാമിന്റെ ഐഡന്റിറ്റി നിശ്ചയിച്ചു.

ഈ പശ്ചാതലത്തിൽ ലോകജനതയുടെ ക്ഷേമത്തിനായി അവതരിപ്പിക്കപ്പെട്ട മറ്റു പ്രത്യയശാസ്ത്രങ്ങളുടെ സ്ഥിതി ഇതുമായി ഒന്നു താരതമ്യം ചെയ്തു നോക്കുന്നത് രസകരമായിരിക്കും. ഉദാഹരണത്തിന് മാർക്സിസം, ഗാന്ധിസം, തുടങ്ങിയ ആശയങ്ങൾ ജനങ്ങൾക്കിടയിൽ സ്വീകാര്യത നേടിത്തുടങ്ങിയപ്പോൾ ആ ആശയങ്ങളെക്കുറിച്ചു പഠിക്കാൻ നാം മുകളിൽ പരാമർശിച്ച ബുഖാരിയുടെ ഗവേഷണ രീതി അവലംബിച്ചാൽ എങ്ങനെയിരിക്കും എന്നു നോക്കാം.

> ലോകജനതക്ക് അവരുടെ മോചനത്തിനായി അല്ലാഹു ഇറക്കി തന്നത് ഖുർആനോ ഫിഖ്ഹ് ഗ്രന്ഥങ്ങളോ?

മാർക്സിസം രംഗപ്രവേശം ചെയ്ത് ഇരുനൂറുകൊല്ലമാവുമ്പോൾ മാർക്സിന്റെ ജന്മദേശത്തു നിന്ന് ആയിരക്കണക്കിനു കിലോമീറ്റർ ദൂരത്തുള്ള മറ്റൊരു രാജ്യത്തെ പത്തുവയസ്സുകാരനായ ഒരു ബാലൻ മാർക്സിസത്തെക്കുറിച്ച് അന്വേഷിക്കാൻ ഇറങ്ങിപുറപ്പെടുന്നു. മാർക്സ് ജീവിച്ചിരുന്നതിന്റെ പരിസരത്തൊന്നുമല്ല വിദൂരമായ മറ്റുരാജ്യങ്ങളിലൂടെയാണ് അന്വേഷണം പുരോഗമിക്കുന്നത്. അന്വേഷണ വിഷയം മാർക്സിന്റെ ആശയമല്ല. മാർക്സു തന്നെയാണ്. അതായത് മാർക്സ് എങ്ങനെയാണ് ഊണുകഴിച്ചിരുന്നത്, അദ്ദേഹത്തിന്റെ കുടുംബ പശ്ചാതലമെന്ത്? അദ്ദേഹം ഏതു തരം വസ്ത്രങ്ങളാണ് ധരിച്ചിരുന്നത്? അദ്ദേഹം വിസർജിച്ചിരുന്നതെങ്ങനെയായിരുന്നു? ഭാര്യാ മക്കളെത്ര? അദ്ദേഹത്തിനു പരസ്ത്രീ ബന്ധമുണ്ടായിരുന്നോ? അദ്ദേഹത്തിന്റെ ലൈംഗിക ശേഷിയെങ്ങിനെ? എത്ര കുതിരശക്തിയുണ്ടായിരുന്നു ? തൊഴിലാളി വർഗത്തിന്റെ വക്താവായിരുന്നു അദ്ദേഹം എത്ര മുതലാളിമാരെ വെട്ടിക്കൊന്നു? വെട്ടി

ക്കൊല്ലാനുള്ള മാസങ്ങൾ ഏതെല്ലാം? അദ്ദേഹത്തിന് എന്തൊക്കെ അത്ഭുത വിദ്യകൾ അറിയാമായിരുന്നു? അദ്ദേഹത്തിന്റെ പ്രാർത്ഥനകൾ എങ്ങനെയായിരുന്നു?അദ്ദേഹത്തിന്റെ ഇഷ്ടഭക്ഷണങ്ങൾ എന്തൊക്കെയായിരുന്നു? അദ്ദേഹത്തിന്റെ വിസർജ്യവസ്തുക്കൾ അനുയായികൾക്കിടയിൽ എങ്ങനെയായിരുന്നു വിതരണം ചെയ്തിരുന്നത്? ഇതുപോലുള്ള കാര്യങ്ങളെല്ലാം അന്വേഷിച്ച് സ്വരൂപിച്ച ശേഷം അതൊരു പുസ്തകമാക്കുന്നു. ആ പുസ്തകത്തെക്കുറിച്ച് അനേകം പഠനങ്ങൾ ഇറങ്ങുന്നു. സോഷ്യലിസത്തിന്റെ ഗതി എങ്ങനെയിരിക്കും?

ഒന്നാമതായി ഉന്നതമായ ഒരാശയത്തിൽ ആകൃഷ്ടനാവണമെങ്കിൽ മുപ്പതു വയസ്സെങ്കിലും ആവണം. രണ്ടാമത് ആശയത്തിൽ അന്വേഷണം നടത്തുന്നയാൾ ആശയം കൊണ്ടുവന്ന ആളെക്കുറിച്ചല്ല അന്വേഷണം നടത്തേണ്ടത്. ആശയം കൊണ്ടുവന്നയാൾ ആശയവുമായി യാതൊരു ബന്ധവുമില്ലാത്ത സംഭവങ്ങളിൽ ഭാഗബാക്കായിട്ടുണ്ടെങ്കിൽ ആ സംഭവങ്ങളെക്കുറിച്ചുമല്ല അന്വേഷിക്കേണ്ടത് ആശയത്തെക്കുറിച്ചു തന്നെയാണ്. അതിനുപുറമെ ഒരു വ്യക്തി അയാൾ എത്ര ഉന്നതനാകട്ടെ അയാളുടെ ജീവിത കാലത്തു തന്നെ അയാളുടെ വീട്ടു പരിസരത്തിൽ അയാളെക്കുറിച്ച് അന്വേഷിച്ചാൽ കിട്ടുന്ന വിവരങ്ങൾ പത്തുശതമാനം പോലും ശരിയായിക്കൊള്ളണമെന്നില്ല. ഉദാഹരണത്തിന് നമ്മുടെ ഏതെങ്കിലും പ്രശസ്തനായ രാഷ്ട്രീയ നേതാവിനെക്കുറിച്ച് അയാളുടെ ഗ്രാമത്തിൽ ചെന്ന് അയാളെക്കുറിച്ച് അഭിപ്രായം ചോദിച്ചു എന്നു കരുതുക. ചോദിക്കപ്പെട്ടയാൾ മേൽപറഞ്ഞ രാഷ്ട്രീയ നേതാവിനോട് രാഷ്ട്രീയാഭിമുഖ്യം ഇല്ലാത്തയാളാണെന്നും കരുതുക. നമുക്കു കിട്ടുന്ന അഭിപ്രായം ഏതായാലും മേപ്പടി രാഷ്ട്രീയ നേതാവിന് അനുകൂലമായിരിക്കില്ല. ഇതേരീതിയിൽ ഒരാൾ മരിച്ച് കഴിഞ്ഞ് ഇറുന്നൂറു കൊല്ലത്തിനു ശേഷം (എത്ര തലമുറകൾ കഴിഞ്ഞിട്ടുണ്ടാവുമെന്നു ആലോചിക്കുക) ഒരു ബാലൻ -മുതിർന്ന ആളു തന്നെയാവട്ടെ, അയാളുടെ ഗ്രാമത്തിൽ ചെന്ന് അയാളുടെ മാനറിസങ്ങളും വ്യക്തിപരമായ പെരുമാറ്റ രീതികളും അന്വേഷിച്ചാൽ വല്ല തുമ്പും കിട്ടുമോ? അഥവാ പൊടിപ്പും തൊങ്ങലും വെച്ച വല്ല വിവരങ്ങളും കിട്ടിയാൽ തന്നെ അതിന്റെ പേരാണ് ഐതീഹ്യം നാടോടിക്കഥ എന്നൊക്കെയുള്ള വിശേഷണങ്ങൾ അർഹിക്കുന്നത്. അത്തരം ഐതീഹ്യങ്ങളുടേയും നാടോടിക്കഥകളുടെയും പിൻബലത്തിൽ മതനിയമങ്ങൾ ക്രോഡീകരിച്ചതുകൊണ്ടാണ് ഇസ്ലാം മതത്തിൽ അതിന്റെ ഒന്നാം തിയ്യതി തൊട്ട് ആരംഭിച്ച രക്തച്ചൊരിച്ചിൽ പരമ്പരകൾക്ക് ഇന്നും അറ്റം കാണാതിരിക്കുന്നത്.

> ആരാണ് പത്തുവയസ്സുള്ള ബാലനോട് ദൈവകൽപനകൾക്ക് ഭാഷ്യം ചമക്കാൻ ആവശ്യപ്പെട്ടത്?

ആരാണ് പത്തുവയസ്സുള്ള ബാലനോട് ദൈവകൽപനകൾക്ക് ഭാഷ്യം ചമക്കാൻ ആവശ്യപ്പെട്ടത്? ദൈവവചനങ്ങളടങ്ങിയ ഖുർആൻ കയ്യിലുള്ളപ്പോൾ ഐതീഹ്യങ്ങളുടേയും നാടോടിക്കഥകളുടേയും സഹായത്തോടെയാണോ കർമശാസ്ത്രങ്ങൾക്കും കർമസരണികൾക്കും രൂപം കൊടുക്കേണ്ടത്? സമൂഹത്തെ പുനക്രമീകരിക്കാൻ ആഹ്വാനം ചെയ്തുകൊണ്ടിറങ്ങിയ ദൈവ വചനങ്ങൾ പ്രാർത്ഥനകളെയും ആരാധനകളേയും പുനഃക്രമീകരിക്കാനാണോ പ്രയോജനപ്പെടുത്തേണ്ടത്? പാണ്ഡിത്യമെന്നാൽ ലോകവിജ്ഞാനീയങ്ങളിലുള്ള അവഗാഹമാണോ കേവലം ആരാധനാനുഷ്ഠാനങ്ങളുടെ നടത്തിപ്പിനെക്കുറിച്ചുള്ള വിജ്ഞാനമാണോ? ലോകജനതക്ക് അവരുടെ മോചനത്തിനായി അല്ലാഹു ഇറക്കി തന്നത് ഖുർആൻ എന്ന ഗ്രന്ഥമാണോ ഫിഖ്ഹ് ഗ്രന്ഥങ്ങളാണോ?

സത്യദർശനത്തിലെ യുക്തിവിചാരം-8

എം.എസ്. റഷീദ്, കോഴിക്കോട്

# വേദസംഹിതകളുടെ സമകാലിക വായന

സാമൂഹ്യ നവോത്ഥാന പ്രവർത്തനങ്ങളുടെ പ്രാധാന്യവും പ്രസക്തിയുമാണ് സർവ്വ ദൈവീക വേദഗ്രന്ഥങ്ങളും ഉണർത്തുന്നത്. കേവലാരാധനകളുടെ വായന വേദസംഹിതകളിൽ നിന്നു സാധ്യമാവുകയില്ല, സാമൂഹ്യനന്മയെ പ്രകീർത്തിക്കുകയും തിന്മയെ വിപാടനം ചെയ്യുന്നതിന് ഉപദേശിക്കുകയുമാണ് വേദങ്ങൾ ചെയ്തത്. ഇവയുടെ മതേതര വായന സാധ്യമാകുന്നതും ഈയൊരു പശ്ചാതലത്തിൽ മാത്രമാണ്.

പ്രപഞ്ചത്തിന്റെ സന്തുലിത വ്യവസ്ഥയെ സംവിധാനിച്ചു, നിർണ്ണയിച്ചു, പരിപാലിച്ചുപോരുന്ന അതീന്ദ്രിയ ശക്തിക്കു കീഴ്പ്പെട്ടു, സത്യസന്ധരായി ജീവിക്കുന്നവർക്കു അവരുടെ സൽപ്രവർത്തനം കൊണ്ടുള്ള ആത്യന്തിക ക്ഷേമവും സത്യവ്യവസ്ഥയെ തകിടംമറിച്ചു ദുഷ്പ്രവൃത്തികൾ ചെയ്യുന്നവർക്കു വന്നുഭവിക്കുന്ന വേദനകളും യാതനകളും യുക്തിവിചാരത്തിന്റെ തിണ്ണബലത്തിൽ തന്നെ സാക്ഷ്യപ്പെടുത്താവുന്നതാണ്.

ആചാരാനുഷ്ഠാനങ്ങളല്ല, മറിച്ച് പരോപകാരപ്രദമായ സൽപ്രവൃത്തികളാലാണ് സുകൃതങ്ങൾ സാധ്യമാകുന്നത്. ഒരാൾ ചെയ്യുന്ന പ്രവർത്തനം അയാൾക്കും പൊതുസമൂഹത്തിനും ഗുണകരമായി ഭവിക്കുമ്പോഴാണ് അവ നേട്ടങ്ങളിൽ കലാശിക്കുക.

ഇതു പറയുമ്പോൾ കേവലാരാധനകൾ കൊണ്ട് വ്യക്തിക്കോ സമൂഹത്തിനോ എന്തു ദോഷമാണുണ്ടാകുന്നതെന്ന് ചോദിക്കുന്നവരുണ്ടാകാം. യാതൊരു പ്രയോജനവും വ്യക്തിക്കോ സമൂഹത്തിനോ ലഭിക്കാത്ത കാര്യങ്ങളിൽ വ്യാപൃതനായി സമയം നഷ്ടപ്പെടുത്തുമ്പോൾ അതുവഴി ഉണ്ടായിത്തീരുന്നത് ദുഷ്ചിന്തകളും സങ്കുചിത വിചാരങ്ങളുമാണ്. സൽകർമ്മം അനുഷ്ഠിക്കേണ്ട സമയവും സന്ദർഭവും പാഴാക്കുന്നതിലുള്ള ഖേദവും. ഇത് തിരിച്ചറിയാത്തവരാണ് കേവലാചാരങ്ങളുടെ ദോഷമെന്തെന്ന് ചോദിക്കുന്നത്. അവർ യാഥാർത്ഥ്യം തിരിച്ചറിയുകയാണ് വേണ്ടത്.

കൽപ്പിത കഥകളെ പുണർന്നു അതിൽ ജീവിതം തളച്ചിടുന്നവർക്കു യഥാർത്ഥ ജീവിതധർമ്മം നിർവ്വഹിക്കാനാവില്ല. അതുവഴി അയാൾക്കു മാത്രമല്ല സമൂഹത്തിന്നാകെയും നഷ്ടമേ സംഭവിക്കൂ. അതുകൊണ്ടാണ് കാര്യങ്ങൾ വിവേചനബുദ്ധിയോടെ ഉൾക്കൊള്ളാൻ സർവ്വവേദങ്ങളും വിശിഷ്യ വിശുദ്ധ ഖുർആനും ആഹ്വാനം ചെയ്യുന്നത്. കൽപ്പിത കഥകളാൽ ബന്ധിതമായി ആചാരക്കസർത്തുകൾ നടത്തുക വഴി യഥാർത്ഥത്തിൽ വൻ നഷ്ടമാണ് സംഭവിക്കുന്നത്.

**സുകൃതങ്ങൾ ആകാശത്തുനിന്നു വന്നുവീഴുന്നതല്ല. കർമസാഫല്യമാണ് സുകൃതങ്ങളെല്ലാം. ഇതിനു പ്രചോദനം നൽകുന്നതാണ് ദൈവീക ഗ്രന്ഥങ്ങൾ.**

സുകൃതങ്ങൾ ആകാശത്തുനിന്നു വന്നുവീഴുന്നതല്ല. കർമസാഫല്യമാണ് സുകൃതങ്ങളെല്ലാം. ഇതിനു പ്രചോദനം നൽകുന്നതാണ് ദൈവീക ഗ്രന്ഥങ്ങൾ. ദൈവത്തെ പ്രീതിപ്പെടുത്തേണ്ട ഒരാചാരത്തെ സംബന്ധിച്ചും വേദങ്ങൾ പരാമർശിക്കുന്നില്ല, ഉദ്ബോധിപ്പിക്കുന്നുമില്ല. അങ്ങനെ ഉണ്ടെന്നുവന്നാൽ ദൈവീക ഗ്രന്ഥങ്ങളുടെ മേന്മയും മഹിമയും സുതാര്യതയും തന്നെയാണ് ചോദ്യംചെയ്യപ്പെടുക.

സമൂഹത്തെ നേർവഴി നടത്താൻ നിയുക്തരായ പ്രവാചകന്മാർ ഉൽപ്പതിഷ്ണുക്കളും സാമൂഹ്യപരിഷ്ക്കർത്താക്കളും സച്ചരിതരുമായിരുന്നു. എന്നാൽ പാരമ്പര്യ വ്യാഖ്യാനങ്ങൾ അവരെ കളങ്കിതരായിരിക്കുന്നു. യഥേഷ്ടം വിവാഹം ചെയ്തവർ, സങ്കുചിത വീക്ഷണം പുലർത്തിയവർ, നവോത്ഥാനത്തെ തകർത്തവർ, സ്ഥാപിത താൽപ്പര്യങ്ങൾക്കു സംരക്ഷണ വലയം തീർത്തവർ, അധി

കാര സോപാനങ്ങൾ കീഴടക്കാൻ ആർത്തിയോടെ യുദ്ധം ചെയ്തവർ, കാമലീലകളിൽ അഭിരമിച്ചവർ തുടങ്ങിയ ആരോപണങ്ങൾ ചൊരിഞ്ഞ് പ്രവാചക ശ്രേഷ്ഠരെ് പരിഹസിക്കുകയും നിന്ദിക്കുകയും മാത്രമല്ല അതാണ് ശ്രേഷ്ഠമാർഗ്ഗമെന്ന് കൂടി പ്രചരിപ്പിക്കുകയും ചെയ്യുകവഴി സത്യധർമ്മനിഷ്ഠയുടെ ശത്രുപക്ഷത്താണ് ഇത്തരം പാരമ്പര്യ വ്യാഖ്യാനങ്ങളും കൽപ്പിത കഥകളുടെ സ്രഷ്ടാക്കളും നിലയുറപ്പിച്ചിരിക്കുന്നത്.

പുരോഹിതന്മാർ സർവ്വസത്യദർശനങ്ങളെയും നഗ്നമായി വ്യഭിചരിച്ചതിന്റെ സാക്ഷ്യപത്രമാണിത്. ഈ കടുത്ത അപരാധങ്ങളിൽ നിന്ന് കൈകഴുകാൻ ഇവർക്കു കഴിയില്ല. എന്നാൽ ഇത്തരം ദുർവ്യാഖ്യാനങ്ങളെ അന്ധമായി അനുകരിക്കാൻ മാത്രം വിധിക്കപ്പെട്ട എല്ലാവരേയും കുറ്റപ്പെടുത്തുന്നുമില്ല. അവരിൽ സിംഹഭാഗവും സത്യദർശനങ്ങളെ തെറ്റിദ്ധരിച്ചവരാണ്. വേദസാരങ്ങളുടെ യഥാർത്ഥ പൊരുളറിയാത്തവരാണ്. അവർക്കാണ് പ്രഥമമായി വീണ്ടുവിചാരം വേണ്ടത്, വിവേചനബോധം ഉണ്ടാവേണ്ടത്.

കാതടപ്പിക്കുന്ന പ്രകീർത്തനങ്ങളിലും വർണ്ണാഭമായ ആഘോഷങ്ങളിലും മയങ്ങി പ്രസാദിക്കുന്നവനല്ല ഈശ്വരൻ. കരളലിയിക്കുന്ന കദനകഥകൾ കേട്ട് ഉറക്കമുണരുന്നവനുമല്ല, സത്യസന്ധമായ സേവനപ്രവർത്തനങ്ങൾ വഴി മാത്രമേ ദൈവപ്രീതി ആർജിക്കാനാവൂ. ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധിയായി വർത്തിക്കേണ്ടവർ ഹിംസയുടെയും അധർമ്മത്തിന്റെയും സർവ്വോപരി ചൂഷണത്തിന്റെയും ആൾരൂപമാകുമ്പോൾ യഥാർത്ഥ ധർമ്മത്തിൽ നിന്നുള്ള ഒളിച്ചോട്ടമാണത്. ഇതുവഴി സർവ്വസുകൃതങ്ങളെയും പുണരുകയല്ല മറിച്ച് അധർമ്മങ്ങളുടെ ആൾരൂപങ്ങളായി മാറുകയാണ് മനുഷ്യസമൂഹം.

## ശ്രദ്ധിക്കുക

**പ്രിയ വരിക്കാരെ,**

**വേദദർശനം മാസിക ചില സാങ്കേതിക കാരണങ്ങളാൽ 2013 ആഗസ്റ്റ്, സെപ്തംബർ ലക്കങ്ങൾ പ്രസിദ്ധീകരിക്കാൻ സാധിച്ചിട്ടില്ല. വരിസംഖ്യ അടച്ചവർക്ക് മുടങ്ങിയ ലക്കങ്ങൾക്കു പകരം രണ്ട് ലക്കങ്ങൾ അധികം അയക്കുന്നതാണ്.**

**- എഡിറ്റർ**

## വേദദർശനം വരിക്കാരുടെ പ്രത്യേക ശ്രദ്ധക്ക്

വേദദർശനം മാസിക കൂടുതൽ പേജുകളിൽ ഏറെ പഠനാർഹമായ ലേഖനങ്ങളോടെ 2012 ജൂലൈ ലക്കം മുതൽ പ്രസിദ്ധീകരിച്ചുവരുന്ന സാഹചര്യത്തിൽ മാസികയുടെ വില 12 രൂപയിൽ നിന്ന് 15 രൂപയായി വർദ്ധിപ്പിച്ചത് അറിഞ്ഞിരിക്കുമല്ലോ? മാസികയുടെ നടത്തിപ്പ് സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുന്നത്. വേദദർശനം കേരളക്കരയിൽ ഖുർആനിക ആദർശ പ്രചരണത്തിൽ ഒരു വിപ്ലവമായി മാറിയ ഈ സാഹചര്യത്തിൽ മാസികയെ സാമ്പത്തികമായി സഹായിക്കുമല്ലോ.

**ഒരു വർഷം 170 + 30 (തപാൽ) = 200 രൂപ**
(ബാങ്ക് കമ്മീഷൻ പുറമെ)

**A/C No. 32455236088**
Sainudheen. P
**State Bank of India**
Tirur Branch,
Malappuram Dist.

എന്ന അക്കൗണ്ടിലേക്ക് വരിസംഖ്യ അയക്കാവുന്നതാണ്.

**കത്തുകൾ അയക്കേണ്ട വിലാസം :**

**ഖുർആൻ സുന്നത്ത് സൊസൈറ്റി**
**C/o. ക്ലാസിക്ക് ലോഡ്ജ്,**
**ബസ്സ്റ്റാന്റ് ബിൽഡിംഗ്,**
**തിരൂർ - 676101, മലപ്പുറം ജില്ല.**

# ഈജിപ്തിൽ സംഭവിക്കുന്നത്

**നാസർ തലശ്ശേരി**

**അ**റബ് ലോകത്തെ ഏകാധിപതികൾക്കെതിരെ മുല്ലപ്പൂ വിപ്ലവമെന്നപേരിൽ അരങ്ങേറിയ വിപ്ലവത്തെ ലോകം വളരെ ഉൽക്കണ്ഠയോടെയാണ് നിരീക്ഷിച്ചത്. ടുണീഷ്യയിലും, ഈജിപ്തിലുമൊക്കെ അതിന്റെ ഫലമായി ഭരണാധികാരികൾ മാറി. സിറിയയിലും യമനിലുമൊക്കെ കാര്യങ്ങൾ എവിടെയും എത്തിയിട്ടില്ല. ലിബിയയുടെ വർത്തമാനങ്ങളൊന്നും കേൾക്കാനുമില്ല.

ഇതിൽ ഈജിപ്തിന്റെ കാര്യമാണ് ഇപ്പോൾ വാർത്തകളിൽ നിറഞ്ഞുനിൽക്കുന്നത്. അവിടെ നടക്കുന്ന കാര്യങ്ങൾ മനസ്സാക്ഷിയുള്ള ആരെയും ഞെട്ടിക്കുന്നതാണ്. എന്നാൽ ഇസ്ലാമിന്റെ ഇതേവരെയുള്ള ചരിത്രം അറിയാവുന്ന ആർക്കും തന്നെ ഇതിൽ അത്ഭുതം തോന്നാനിടയില്ല. പ്രത്യേകിച്ച് ഇസ്ലാമിന് ഖുർആനുമായിട്ടുള്ള ബന്ധം മനസ്സിലാക്കിയവർക്ക് ഇത് ഇങ്ങനെ സംഭവിച്ചില്ലെങ്കിലേ അത്ഭുതമുണ്ടാവുകയുള്ളൂ. കാരണം ഇസ്ലാമും ഖുർആനും വഴിപിരിഞ്ഞിട്ട് നൂറ്റാണ്ടുകളേറെയായി. അമവി കാലഘട്ടം മുതൽ ഇസ്ലാമിന്റെ മാനിഫെസ്റ്റോ ഖുർആൻ അല്ലല്ലോ? അന്നുമുതൽ മുസ്ലിംകൾ വിവിധ ഗ്രൂപ്പുകളായി വേർതിരിഞ്ഞ് കലഹത്തിലാണ്. ഖുർആൻ വിഭാവനം ചെയ്യുന്ന മാനവിക ഏകോപനം എന്ന തൗഹീദിൽ നിന്നു മാറി ഹദീസുകളുടെ ഏകദൈവ വിശ്വാസം എന്ന തൗഹീദിലേക്ക് പരിവർത്തിച്ചതാണ് ഈ പ്രശ്നങ്ങളുടെയെല്ലാം അടിസ്ഥാന കാരണം.

**ഇസ്ലാമും ഖുർആനും വഴി പിരിഞ്ഞിട്ട് നൂറ്റാണ്ടുകളേറെയായി**

ഖുർആനെ ഹദീസുകൊണ്ട് മനസ്സിലാക്കാനാണ് ഇന്നും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പ്രപഞ്ചരഹസ്യങ്ങളെ മുഴുവൻ മനസ്സിലാക്കാൻ ഖുർആനെയാണ് ആശ്രയിക്കേണ്ടത് എന്നിരിക്കെ ആ ഖുർആനെ ദുർബലമായ മനുഷ്യഭാവനകളിൽ നിന്ന് രൂപംകൊണ്ട ഹദീസുകളെന്ന പേരിലുള്ള ഐതിഹ്യങ്ങൾകൊണ്ട് വിലയിരുത്തിയതിന്റെ പരിണിതഫലമായിട്ടാണ് മുസ്ലിംലോകത്ത് മുഴുവൻ കഴിഞ്ഞ ആയിരക്കണക്കിനു വർഷമായി ഈ രീതിയിൽ സംഘർഷങ്ങൾ നിലനിൽക്കുന്നത്.

ഈജിപ്തിലെ സ്ഥാനഭ്രഷ്ടനാക്കപ്പെട്ട ഹുസ്നിമുബാറക്കിന്റെ കയ്യിൽ ഖുർആനുണ്ട്. അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കിയ മുസ്ലിം ബ്രദർഹുഡിന്റെ മുഹമ്മദ് മുർസിയുടെ കയ്യിലും ഖുർആനുണ്ട്. ഇപ്പോൾ മുഹമ്മദുമുർസിയെ കാരാഗൃഹത്തിലടച്ച് അധികാരം തട്ടിയെടുത്ത പട്ടാളമേധാവികളുടെ കയ്യിലും ഖുർആനുണ്ട്. ഈ സംഭവ വികാസങ്ങളെയൊക്കെ എതിർക്കുകയോ അനുകൂലിക്കുകയോ ചെയ്യുന്ന എല്ലാവരുടെ കയ്യിലും ഖുർആനുണ്ട്. ഖുർആൻ എന്ന ഒരേ പ്രമാണം കയ്യിലുണ്ടായിട്ടും എന്തുകൊണ്ടാണ് ഇവർ ഇങ്ങനെ വിരുദ്ധചേരികളായി രക്തപങ്കിലമായ കലഹത്തിൽ ഏർപ്പെടാൻ കാരണം. ഒറ്റകാരണമെയുള്ളൂ. അത് ഹദീസുകളാണ്. മേൽപറഞ്ഞവരുടെയെല്ലാം കൈവശമുള്ള ഖുർആനിൽ ഒരു വള്ളിപുള്ളിപോലും വ്യത്യാസമില്ല. എന്നാൽ ഇവരുടെയൊക്കെ കയ്യിലുള്ള ഇവർ രണ്ടാം പ്രമാണമായി കരുതുന്ന ഹദീസുകൾ എല്ലാം തന്നെ ഒന്നു മറ്റൊന്നിനോട് ചേരാത്തവിധം വിരുദ്ധ ആശയങ്ങൾ നിറഞ്ഞതാണ്. ഖുർആൻ കൈവശമുള്ളപ്പോഴും ഇവരുടെ ജീവിതത്തിന്റെ തൊണ്ണൂറു ശതമാനം കാര്യങ്ങളും നിശ്ചയിക്കപ്പെടുന്നതും നിയന്ത്രിക്കപ്പെടുന്നതും മേൽപറഞ്ഞ ഹദീസുകളിൽനിന്ന് നിർദ്ധാരണം ചെയ്യെടുത്ത കർമശാസ്ത്രങ്ങളും കർമസരണികളും മുഖേനയാണ്.

കർമശാസ്ത്രങ്ങളും കർമസരണികളും ഖുർആനിൽ പറഞ്ഞ തൗഹീദിനെ നിർവ്വചി

ക്കുന്നത് ഏകദൈവ വിശ്വാസം എന്നാണ്. അ
ഉ ഭാഗികമായി മാത്രമെ ശരിയാവുകയുള്ളൂ.
ഖുർആൻ വിഭാവനം ചെയ്യുന്ന തൗഹീദിനു മു
മ്പിൽ അത് അപൂർണമാണ്. അല്ലാഹു ഒന്നേ
ഉള്ളൂ എന്ന മുദ്രാവാക്യം മുഴക്കുകയും ഭിന്നിച്ചുക
ലഹിക്കുകയും ചെയ്യുന്നത് ഖുർആനിക തൗഹീ
ദിനെതിരാണ്. ഒരേഒരു അല്ലാഹുവിനു കീഴിൽ
അതായത് ഒരേഒരു സത്യത്തിനു കീഴിൽ മനു
ഷ്യരാശിയുടെ മുഴുവൻ ഏകോപനമാണ് ഖുർ
ആനിലെ തൗഹീദുകൊണ്ട് ഉദ്ദേശിക്കുന്നത്.
എന്നാൽ തൗഹീദിന്റെ ആ മൗലിക ലക്ഷ്യം
തിരിച്ചറിയപ്പെടാതെ പോകുകയും അതിൽനി
ന്ന് വ്യതിചലിക്കുകയും ചെയ്തു ശേഷം ഏക
ദൈവവിശ്വാസം ഏകദൈവവിശ്വാസമെന്ന്
മാലമണികളിൽ എണ്ണം തികക്കുകയും യാ
തൊരു വിട്ടുവീഴ്ചയുമില്ലാതെ നിസ്സാരമായ ഭൗ
തികാധികാരത്തിന്റേയും ഭൗതിക സമ്പത്തി
ന്റേയും പേരിൽ അക്രമാസക്തമാകുകയും ചെ
യ്യുമ്പോൾ തൗഹീദു മാത്രമല്ല കൈവിടപ്പെട്ടു
ന്നത് ദീൻ തന്നെയാണ്.

പൊതുസമൂഹം കരുതുന്നത് ഇറാനിക
ളും, അഫ്ഗാനികളും, സൗദികളും, ഈജിപ്
ഷ്യൻമാരും, ഇർക്കികളും, സിറിയക്കാരും, ഇ
റാഖികളും ഒരേ ഇനത്തിൽ പെട്ട മുസ്ലിംകളാ
ണെന്നാണ്. ഇവരെല്ലാവരും തമ്മിലുള്ള ഏക
സമാനത ഇവരുടെയൊക്കെ കയ്യിൽ ഖുർആൻ
ഒന്നാണ് എന്നുള്ളതാണ്. എന്നാൽ അവിടം
കൊണ്ട് സാദൃശ്യം തീർന്നു. ഓരോരുത്തരു
ടേയും കയ്യിലുള്ള ഖുർആൻ ഒന്നാണെങ്കിലും
അവയുടെ വ്യാഖ്യാനങ്ങൾ ഒന്നിനൊന്നു വ്യത്യ
സ്ഥമാണ്. അതിനു കാരണം നേരത്തെ പറ
ഞ്ഞ ഹദീസുകളിലെ സ്വാധീനം തന്നെ. പരി
ശുദ്ധഖുർആനെ ഹദീസ് സ്വാധീനത്തിൽ നി
ന്ന് മുക്തമാക്കി അതിന്റെ തനത് ശൈലിയിലും
അർത്ഥത്തിലും മനസ്സിലാക്കാൻ ഇനിയും
വൈകിക്കൂടാ. മനുഷ്യരാശി മുഴുവനുമോ, കുറ
ഞ്ഞ പക്ഷം മുഴുവൻ മുസ്ലിംകളോ ഭൂമിയിൽ
നിന്ന് വിത്തറ്റുപോകാതിരിക്കണമെങ്കിൽ ഖുർ
ആൻ മനസ്സിലാക്കിയേ മതിയാകൂ.









ഇത്രയും പറഞ്ഞത് ഹദീസ് വേദമാണെന്ന് തെറ്റിദ്ധരിച്ച് അതനുസരിച്ച് ആത്മീയ പ്രവർത്തനങ്ങളിലേർപ്പെടുന്നവരോടുള്ള അസഹിഷ്ണുത കൊണ്ടൊന്നുമല്ല. ഖുർആന്റെ ഭാഷയിലുള്ള സമാധാനവും സുരക്ഷിതത്വവും ഇവിടെ പുലർന്നു കാണാൻ വേണ്ടിയാണ്. നമുക്കു ഭാരതീയർക്ക് ഈജിപ്തിനും സൗദിഅറേബ്യക്കുമിടയിൽ വിവേചനങ്ങളൊന്നുമില്ല. കാര്യങ്ങൾ സമാധാനപരമായി നീങ്ങിയാൽ മാത്രം മതി.

> **മാനവരാശി പലജാതികളും മതങ്ങളുമായി ഭിന്നിച്ച് കലഹിച്ചു നാശത്തിന്റെ വക്കിലെത്തി നിൽക്കുന്ന സന്നിശഘട്ടത്തിലാണ് ഇസ്ലാം മാനവിക ഐക്യം എന്ന ശാന്തി മന്ത്രവുമായി രംഗപ്രവേശം ചെയ്യുന്നത്.**

മാനവരാശി പലജാതികളും മതങ്ങളും ഗോത്രങ്ങളുമായി ഭിന്നിച്ച് കലഹിച്ച് നാശത്തിന്റെ വക്കിലെത്തി നിൽക്കുന്ന സന്നിശഘട്ടത്തിലാണ് ഇസ്ലാം തൗഹീദ് എന്ന അതിന്റെ ശാന്തിമന്ത്രവുമായി രംഗപ്രവേശം ചെയ്യുന്നത്. മാനവരാശിയുടെ ഒരു വലിയ ഭാഗം ഇസ്ലാം എന്ന പേരിൽ അതിനു കീഴിൽ ഏകോപിച്ച് സമാധാനത്തിന്റെ ഒരു പുതിയ അധ്യായത്തിനു തുടക്കം കുറിച്ചു. ഈ ഘട്ടത്തിലാണ് ഹദീസുകൾ എന്ന പേരിൽ സമാന്തര ഇസ്ലാമികതയുടെ ആവിർഭാവം. അറിഞ്ഞോ അറിയാതെയോ മനഃപൂർവ്വമോ അല്ലാതെയോ ഹദീസുകൾക്കു കീഴിൽ മുസ്ലിം സമൂഹം വിഘടിച്ച് ഛിന്നഭിന്നമായി. ഓരോ വിഭാഗവും അതീവ വീറോടെയും വാശിയോടെയുമാണ് മറ്റുവിഭാഗങ്ങളുമായി ഏറ്റുമുട്ടിയത്. അല്ലാഹു ഏകനാണെന്ന കാര്യത്തിൽ ഇവർക്കിടയിൽ യാതൊരു അഭിപ്രായ വ്യത്യസവുമുള്ളതായി കേട്ടിട്ടില്ല. പിന്നെ എന്താണ് ഇവർക്കിടയിലെ ഭിന്നതകളുടെ അടിസ്ഥാനം? നബിചര്യയെക്കുറിച്ചുള്ള ഹദീസിലെ വിരുദ്ധ ആശയങ്ങളും, പച്ചയായ ഭൗതിക ആർത്തിയുമാണ് യഥാർത്ഥ കാരണം.എന്നാൽ ഹദീസോ കർമശാസ്ത്രമോ ഇല്ലാത്ത പ്രദേശങ്ങളിൽ പ്രശ്നങ്ങളുണ്ടാകുന്നതോ എന്നു ചോദിച്ചേക്കാം.

ഉത്തര കൊറിയയും ദക്ഷിണകൊറിയയും ഒന്നും ഖുർആന്റെ സമാധാന സുരക്ഷിതത്വ സന്ദേശം ഉൾക്കൊണ്ടവരല്ല. ബൗദ്ധ സോഷ്യലിസ്റ്റ് വിശ്വാസക്കാരാണ്. ചൈനയുടെ പ്രത്യയശാസ്ത്രം കമ്മ്യൂണിസവും കൺഫ്യൂഷനിസവുമാണ്. ഇസ്ലാമല്ല. ഇന്ത്യയുടേത് ഋഷിപ്രോക്തമായ ബഹുദൈവവിശ്വാസമാണ്. ശ്രീലങ്കയിലും ബുദ്ധമതക്കാർ തന്നെ. എന്നാൽ ഈജിപ്ത് സിറിയ യമൻ ടുണീഷ്യ അൾജീരിയ, നൈജീരിയ, സോമാലിയ, ടാൻസാനിയ, ഇറാൻ, ഇറാഖ്, അഫ്ഘാനിസ്ഥാൻ, പാകിസ്ഥാൻ, ബംഗ്ലാദേശ് ഇടങ്ങിയ രാജ്യങ്ങളിലെല്ലാം ഖുർആൻ അംഗീകരിക്കുന്നു എന്നു പറയുന്നവർക്കു മേൽക്കോയ്മയാണ് ഉള്ളത്. എന്നിട്ടും ഖുർആൻ വാഗ്ദാനം ചെയ്യുന്ന ശാന്തിയും സമാധാനവും സുരക്ഷിതത്വവും അവർക്ക് കിട്ടാതെ പോകുന്നത് ഹദീസുകൾകൊണ്ട് ഖുർആനിൽ മായം ചേർത്തതുകൊണ്ടാണ്. ചെച്നിയ, റോഹിങ്ക്യാ, മ്യാൻമർ,കാശ്മീർ, ഈഗുർ , മിൻഡനാവോ, ഇടങ്ങിയ മറ്റു രാജ്യങ്ങളിൽ പെട്ട മുസ്ലിം ഭൂരിപക്ഷ പ്രദേശങ്ങളും ഖുർആൻ തെറ്റായി മനസ്സിലാക്കിയതിന്റെ പേരിൽ സംഘർഷഭരിതമാണ്.

ഉന്നതമായ വേദം ഗ്രന്ഥം കയ്യിലുണ്ടായിട്ടും രാജ്യത്തെ നൂറുശതമാനം (അല്ലെങ്കിൽ ബഹുഭൂരിപക്ഷം) ആളുകൾ അതിന്റെ വിശ്വാസികളായിരുന്നിട്ടും എന്തുകൊണ്ട് ഖുർആൻ അവർക്കു ശാന്തിയും സമാധാനവും സുരക്ഷിതത്വം പ്രദാനം ചെയ്യുന്നില്ല എന്നു ആത്മ പരിശോധന നടത്തുമ്പോഴാണ് ഖുർആനെ നിഷ്ഫലമാക്കുന്ന തരത്തിലുള്ള ഹദീസുകളുടേയും ഫിഖ്ഹുകളുടേയും അതിപ്രസരം എത്രത്തോളമാണെന്ന കാര്യം ബോധ്യമാകുന്നത്.

**സാക്ഷി**

# ഇതൊക്കെയാണോ ഖുർആനിക വ്യാഖ്യാനങ്ങൾ?



മലയാളത്തിലേക്ക് ഖുർആൻ പരിഭാഷപ്പെടുത്തിയത് ദൈവീകഗ്രന്ഥത്തെ മലയാളികൾക്ക് പരിചയപ്പെടുത്താൻ വേണ്ടിയാണ്. ദൈവീകദർശനത്തെ മലയാളികൾക്ക് അടുത്തറിയാനും പ്രവാചകന്റെ ഉത്തമമാതൃക ഉൾക്കൊള്ളാനും ലക്ഷ്യംവെച്ചാണ് മലയാളത്തിൽ പരിഭാഷകൾ രചിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഖുർആൻ പ്രബോധനം ചെയ്യാൻ വന്ന പ്രവാചകനെ എത്രമാത്രം തരംതാഴ്ത്തി ചിത്രീകരിക്കാൻ കഴിയുമോ അതിനുവേണ്ടി മാത്രം രചിക്കപ്പെട്ട അറബിഭാഷയിലുള്ള വ്യാഖ്യാനഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തി മലയാളത്തിലും അത്തരം അപകടങ്ങൾ ആവർത്തിക്കുകയാണ് മലയാളപരിഭാഷകൾ ചെയ്തിട്ടുള്ളത്.

ഖുർആന്റെ യഥാർത്ഥ സാരം ജനങ്ങളിൽ നിന്നും മറച്ചുവെക്കുന്നതിനും ഖുർആൻ വഴി മുഹമ്മദ് നബി നിർമാർജ്ജനം ചെയ്ത വിശ്വാസാചാരങ്ങളെ തിരിച്ചു കൊണ്ടുവരുന്നതിനും വേണ്ടിയാണ് ഹദീസുകൾ കെട്ടിയുണ്ടാക്കിയിട്ടുള്ളത്. ഖുർആന്റെ വ്യാഖ്യാനമാണ് ഹദീസുകൾ എന്ന പ്രചാരണം വഴി ഖുർആനിക ആശയങ്ങൾ അട്ടിമറിക്കപ്പെടുകയും പ്രവാചകന്റെ വ്യക്തിത്വത്തെ ഇകഴ്ത്തുകയും ചെയ്യുന്ന അവസ്ഥയിലാണ് ഖുർആനിക സൂക്തങ്ങൾക്ക് അർത്ഥം നല്കിയിട്ടുള്ളത്. ഇതിന്റെ തെളിവുകൾ മലയാളപരിഭാഷയിൽ ഉടനീളം കാണാം. സൂറത്തുത്തഹ്‌രീം എന്ന അദ്ധ്യായത്തിന്റെ തുടക്കത്തിലുള്ള സൂക്തത്തിന് പരിഭാഷകളിൽ നല്കിയിട്ടുള്ള അർത്ഥം പ്രവാചകസ്നേഹം അല്പമെങ്കിലും മനസ്സിൽ അവശേഷിക്കുന്നവരെ ഇരുത്തി ചിന്തിപ്പിക്കുന്ന തരത്തിലാണ്. ഉത്തമസ്വഭാവത്തിന്റെ ഉടമയാണെന്ന് ദൈവം വിശേഷിപ്പിച്ച ദൈവദൂതനെ സംബന്ധിച്ച് ഇങ്ങനെ എഴുതാൻ ഇവർക്കെങ്ങനെ ധൈര്യം വന്നു? ഇതെല്ലാം എഴുതി പ്രചരിപ്പിക്കുന്ന സുന്നി, മുജാഹിദ്, ജമാഅത്ത് തുടങ്ങിയവർക്ക് മാത്രമെ പ്രവാചകസ്നേഹം ഉള്ളൂ എന്ന വിചിത്രമായ അവകാശവാദവും ഇവർക്കുണ്ട്.

മാരിയത്തുൽ ഖിബ്ത്തിയയുമായുള്ള പ്രവാചകന്റെ ബന്ധപ്പെടൽ വിരിപ്പിൽ വെച്ച് ഹഫ്സ പിടികൂടിയപ്പോൾ "എനിക്കവൾ നിഷിദ്ധമാണ്" എന്നു പറഞ്ഞു രക്ഷപ്പെടുന്ന പ്രവാചകനും അങ്ങനെ പതറേണ്ടതില്ല എന്ന രൂപത്തിൽ അവതരിപ്പിച്ച ഖുർആൻ സൂക്തങ്ങളെയും ഇവിടെ ഭംഗിയായി ചിത്രീകരിച്ചുവെച്ചിരിക്കുന്നു. പ്രവാചകനെയും അല്ലാഹുവിനെയും ഖുർആൻ അവതരണത്തേയും പരിഹസിക്കുവാൻ ശത്രുക്കൾക്ക് അവസരം നല്കുന്ന ഇത്തരം വ്യാഖ്യാനങ്ങൾ കൊണ്ട് ഇവരെന്താണ് ഉദ്ദേശിക്കുന്നത്? ഖുർആനോടും പ്രവാചകനോടും അല്പമെങ്കിലും പ്രതിബദ്ധത ഉണ്ടായിരുന്നുവെങ്കിൽ അല്ലാഹുവിനെ ഒരല്പമെങ്കിലും ഭയം ഉണ്ടായിരുന്നുവെങ്കിൽ ഇങ്ങനെ എഴുതാൻ ധൈര്യപ്പെടുമായിരുന്നോ? അമാനി മുതൽ മൗദൂദി വരെ സകലരും എഴുതിവെച്ച ഇത്തരം തഫ്സീറുകൾ അറബിക്കടലിലേക്ക് വലിച്ചെറിയാൻ എന്നാണ് മുസ്ലിംകൾ തയ്യാറാവുക? അന്ന് മാത്രമേ ഖുർആൻ എന്താണെന്ന് ഗ്രഹിക്കുവാൻ ഇവർക്ക് സാധിക്കുകയുള്ളൂ. ഇത്തരം അസംബന്ധങ്ങളിൽ ജീവിതം തളച്ചിടാതെ ഖുർആനെ ഖുർആൻകൊണ്ട് വ്യാഖ്യാനിക്കാൻ സന്മനസ്സ് കാണിക്കുമ്പോൾ മാത്രമെ പ്രവാചകനെയും യഥാർത്ഥ ഇസ്‌ലാമിനെയും തിരിച്ചറിയാൻ സാധിക്കൂ. എങ്കിൽ മാത്രമേ മുസ്‌ലികൾ രക്ഷപ്പെടൂ.

# മരണമെന്ന സത്യം

**എസ്.പി. പള്ളിപ്പറമ്പ്**

മരണമെന്ന സത്യത്തിനു നേരെ ജീവിച്ചിരിക്കുന്നവരുടെ ആഭിചാര ക്രിയ. ഇത് സാധാരണ നമ്മുടെ നാട്ടിൽ നടക്കുന്ന കാര്യമാണ്......

അബോധാവസ്ഥയിൽ കിടക്കുന്ന ഒരാളെ മരണാസന്നനായി എന്ന് പറഞ്ഞു ദിക്കുകൾ നോക്കി തിരിച്ചു കിടത്തിയവർ .. .കാര്യം എന്താണ് എന്ന് അറിയാതെ പകച്ചു പോയ വീട്ടുകാർ ..മതത്തിന്റെ വക്താക്കൾ അവർ ന്യായം നിരത്തിയത് അവസാനശ്വാസം വലിക്കേണ്ടത് ഇങ്ങോട്ട് തിരിഞ്ഞു കിടന്നാണ് എന്ന്.അല്ലെങ്കിൽ എന്ത് സംഭവിക്കും? ..ഞാൻ ഇടപെട്ടു.. നല്ല മരണം ലഭിക്കുകയില്ല ..അപ്പോൾ അവർ ചെയ്ത നന്മകളോ? ..നോക്കൂ..തർക്കിക്കാനില്ല..ഇതാണ് ശരി ..മരണം അടുത്തു എത്തിയവർ ഇങ്ങിനെയാണ് കിടക്കേണ്ടത് .. അങ്ങിനെയാണെങ്കിൽ താങ്കൾ എങ്ങിനെയാണ് കിടക്കുന്നത്? ഞാൻ സാധാരണ കിടക്കുന്നത്പോലെ ..മനസ്സിലായില്ല ...അപ്പോൾ നിങ്ങൾ മരണാസന്നൻ അല്ലേ? ..എനിക്ക് പൂർണ ആരോഗ്യം ഉണ്ട് ..അപ്പോൾ താങ്കൾ മരിക്കില്ല എന്ന് സാരം ..എന്നല്ല ..മരിക്കാം ..മുകളിലുള്ള ആളുടെ വിധി പ്രകാരം ..അപ്പോൾ ഇവിടത്തെ വിധി നിശ്ചയിക്കുന്നത് ആരാണ്? ചില തോന്നലുകൾ.. മനസ്സിലായില്ല ..ശ്വാസഗതിയിലെ വിത്യാസം ..കൺപോളകളുടെ ചലനം ..അത്കൊണ്ട് പൂർത്തിയായോ .. ഇല്ല ..മുകളിലുള്ള ആളുടെ വിധിയും വേണം .. മൂപ്പര് വിധി നിശ്ചയിച്ചോ ..അറിയില്ല ..

പിന്നെ നിങ്ങൾ ആരാണ്? ഈ കട്ടിൽ മരണത്തിനു അഭിമുഖം എന്ന് പറഞ്ഞു തിരിച്ചിടാൻ? ഞാൻ ചോദിച്ചു .അയാൾ എഴുന്നേറ്റു ....ഞാൻ അയാളെ അവിടെ ഇരുത്തി.. അപ്പോൾ ദൈവമല്ല.ചില തോന്നലുകളാണ് നിങ്ങളെ നയിക്കുന്നത് .. നോക്കൂ ഭായി ..മരണം ആർക്ക് നേരെയും ഏതു നിമിഷവും കടന്നു വരാം ..അതിനു മുമ്പ് ജീവിച്ചിരിക്കുന്നവരുടെ , ഉറ്റവരുടെ മാനസികാവസ്ഥ നിങ്ങൾ അറിയേണ്ടതുണ്ട് ..അവരുടെ കരളിന്റെ കഷ്ണമായിരിക്കും ഈ വ്യക്തി...ഒരുപാട് കടപ്പാടുകൾ കാണിക്കേണ്ട ഒരാൾ.. മതവും, അതിന്റെ ചുറ്റുപാടുകളും പഠിപ്പിക്കുന്നതിന് മുമ്പ് നിങ്ങൾ അവരുടെ വേദനയിൽ പങ്കു ചേരുക എന്ന സാമാന്യ മര്യാദ കാണിക്കുക.. കൈകാലുകൾ എങ്ങിനെ കെട്ടണം, കണ്ണുകൾ എങ്ങിനെ അടപ്പിക്കണം, കുളിപ്പിക്കലും , മൂന്നു കീറു തുണിയാൽ എങ്ങിനെ പൊതിയണം എന്നൊക്കെ മരണം എത്തട്ടെ . അതിനു ശേഷം മതി..അതിനു മുമ്പുള്ള നിങ്ങളുടെ പഠിപ്പിക്കലിന് തല്ക്കാലം വിടപറഞ്ഞു ഇവിടെ നിന്ന് ഇറങ്ങുക ..കാരണം ഞങ്ങളുടെ പ്രിയപെട്ടവരാണ് അബോധാവസ്ഥയിൽ ഇവിടെ കിടക്കുന്നത് ..ചിലപ്പോൾ ഈ അബോധാവസ്ഥയുടെ ഏതെങ്കിലും കോണിൽ ബോധത്തിന്റെ കണിക നശിക്കാതെ ഇതെല്ലാം കേൾക്കുന്നുവെങ്കിൽ ..പറയാൻ പറ്റാതെ ഉള്ളിൽ വിങ്ങുകയാണെങ്കിൽ ഇത്തരം സങ്കടപെടുത്തലുകൾ ഇനി ഇവിടെ വേണ്ടാ ..അത് നിങ്ങളുടെ വാക്യമായാലും,ദൈവ വാക്യമായാലും .. ഒരു ചെറു മിടിപ്പാണെങ്കിൽ കൂടി ഞങ്ങൾ പൊന്ന് പോലെ നോക്കി കൊള്ളാം ..ഞങ്ങൾ ഈ മുറികളിൽ പൊട്ടി ചിരികൾ ഉയർത്തിക്കൊണ്ടു അവരെ ജീവിതത്തിലേക്ക് കൊണ്ട് വരാൻ ഒന്ന് ശ്രമിക്കട്ടെ ...അത് വരെയും താങ്കൾ മരണത്തിന്റെ കാഹളവും പേറി യാത്ര പുറപ്പെടുക ..സ്വന്തം കുഴിമാടത്തിലേക്കുള്ള വഴിയിലെ കല്ലും , മുള്ളും നീക്കി കൊണ്ട് ....സലാം ഭായി സലാം ..വെള്ള പുതപ്പിക്കുന്നതിനു മുമ്പ് ഹൃദയം മഞ്ഞു വെള്ളത്താൽ തഴുകി ശുദ്ധി വരുത്തുക ...

മുഹമ്മദ് റാഇദ്, കണ്ണൂർ

# തഫ്ഹീമുൽ ഖുർആനിലെ വൈരുദ്ധ്യങ്ങൾ

ഗ്രന്ഥാവിഷ്ക്കരണം: പേജ് 24 (വാള്യം ഒന്ന്)

അബുൽ അഅ്ലാ മൗദൂദി എഴുതുന്നു. പ്രാരംഭഘട്ടത്തിൽ തന്നെ മുസ്‌ലിംകൾക്ക് നമസ്കാരം നിർബന്ധമാക്കപ്പെട്ടിരുന്നു. ഖുർആൻ പാരായണം നമസ്കാരത്തിന്റെ അവിഭാജ്യ ഘടകമായും നിശ്ചയിച്ചിരുന്നു. തന്നിമിത്തം ഖുർആന്റെ അവതരണത്തിനൊപ്പം അത് മനഃപാഠമാക്കുന്ന ശീലവും മുസ്‌ലിംകളിൽ നടപ്പിൽവന്നു. ഓരോ ഭാഗം അവതീർണമാകുമ്പോൾ തന്നെ അവരത് ഹൃദിസ്ഥമാക്കി. അങ്ങനെ, നബി തിരുമേനി തന്റെ അനുചരന്മാരെകൊണ്ട് ഖുർആൻ രേഖപ്പെടുത്തിവെച്ചിരുന്ന ഈന്തപ്പന മട്ടലുകളിലും എല്ലിൻകഷണങ്ങളിലും തോൽതുണ്ടുകളിലും പരിമിതമായില്ല അതിന്റെ സുരക്ഷിതത്വം. പ്രത്യുത അവതരിച്ചുകൊണ്ടിരിക്കേ തന്നെ ദശക്കണക്കിനും തുടർന്ന് ആയിരക്കണക്കിനും മനുഷ്യഹൃദയങ്ങളിൽ അത് മുദ്രിതമായി. ആർക്കും ഒരക്ഷരംപോലും മാറ്റിമറിക്കാൻ ഇടമുണ്ടായില്ല! മേൽ ഉദ്ധരണികളിൽ നിന്ന് നമുക്ക് ലഭിക്കുന്ന വിവരണങ്ങൾ ഇവയാണ്. ഒന്ന്, പ്രാരംഭഘട്ടത്തിൽ തന്നെ മുസ്‌ലിംകൾക്ക് നമസ്കാരം നിർബന്ധമാക്കപ്പെട്ടിരുന്നു എന്നതാണത്. ഇതേ പേജിൽ താഴെ കൊടുത്തിരിക്കുന്ന മൗദൂദിയുടെ സ്വന്തം നിലക്കുള്ള വ്യാഖ്യാനം കാണുക. 'നബിക്ക് പ്രവാചകത്വം സിദ്ധിച്ച് ഏതാനും വർഷങ്ങൾ കഴിഞ്ഞാണ് അഞ്ചുനേര നമസ്കാരം നിർബന്ധമാക്കപ്പെട്ടതെങ്കിലും പൊതുവിൽ ആ ദിവസം തൊട്ടേ നിർബന്ധമാക്കപ്പെട്ടിരുന്നു. നമസ്കാരം നിർബന്ധമല്ലാതിരുന്ന ഒരു ദിവസവും (സമയവും) ഇസ്‌ലാമിൽ ഉണ്ടായിരുന്നിട്ടില്ല.' ഇപ്പോൾ കാര്യം വ്യക്തമായിട്ടുണ്ടാകും എന്നു കരുതുന്നു. അതായത് പ്രവാചകത്വം ലഭിച്ച് ഏതാനും വർഷങ്ങൾ കഴിഞ്ഞാണ് അഞ്ചനേര നമസ്കാരം നിർബന്ധമായതെങ്കിലും എന്ന പരാമർശം വായനക്കാർ പ്രത്യേകം മനസ്സിൽ വെക്കുക. നിലവിലുള്ള ചരിത്രപ്രകാരം തന്നെ നുബുവ്വത്തിന്റെ എട്ടാമത്തെ വർഷമാണ് അഞ്ചനേരം നമസ്കാരത്തിനുള്ള തെളിവായുദ്ധരിക്കുന്ന മിഅ്റാജ് നടന്നിട്ടുള്ളതെങ്കിൽ പ്രാരംഭഘട്ടത്തിൽതന്നെ മുസ്‌ലിംകൾക്ക് നിർബന്ധമാക്കപ്പെട്ടിരുന്നു എന്ന് പറയുന്നതിലെ വൈരുദ്ധ്യം സ്പഷ്ടമാണല്ലൊ. മിഅ്റാജ് പിറ്റേന്ന് ജിബ്രീൽ വന്ന് നമസ്കാരത്തിന്റെ രൂപം പഠിപ്പിച്ചുകൊടുക്കുന്നത് വരെ നബിക്ക് എങ്ങനെ നമസ്കരിക്കണം എന്നറിയാമായിരുന്നില്ല എന്നാണ് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നതെങ്കിൽ പിന്നെ പറയുന്ന കഥകൾക്ക് എന്തടിസ്ഥാനമാണുള്ളത് എന്ന് വായനക്കാർ ചിന്തിക്കുക. അപ്പോൾ ഒന്നാം തീയതി തൊട്ടേ നബി നമസ്കരിച്ചിരുന്നു എന്ന് പറയുന്ന വെറും വർത്തമാനത്തിന് ഖുർആന്റെയോ ഏതെങ്കിലു രിവായത്തുകളുടെയോ പിൻബലമില്ലെന്ന് വ്യക്തമാണല്ലൊ. ഖുർആൻ പഠിക്കണമെന്നും തദനുസാരം ജീവിക്കണമെന്നും നിരന്തരം ഉൽബോധിപ്പിക്കുന്ന മൗദൂദിയുടെ പിൻമുറക്കാർക്ക് ഖുർആൻകൊണ്ട് നിലവിലുള്ള അഭ്യാസങ്ങളെ ന്യായീകരിക്കുക സാധ്യമാണോ? ചുരുങ്ങിയ പക്ഷം തങ്ങളുടെ ദാർശനികൻ എഴുതിവെച്ച പുസ്തകങ്ങളിൽ നിന്നെങ്കിലും വ്യക്തമായ തെളിവകൾ ബോധ്യപ്പെടുത്താനുള്ള ബാധ്യതയില്ലേ? എന്നാൽ ചരിത്രത്തിന്റെ നിലവിലുള്ള വായനയിൽ നിന്നു മുസ്‌ലിംകൾ നബി നമസ്കരിച്ചതിന്റെ എത്രയോ വർഷം കൂടുതൽ അഞ്ച് നേരം നമസ്ക്കാരവും മുപ്പത് ദിവസം നോമ്പും ജുമുഅയും സക്കാത്തും ഒക്കെ നിർവ്വഹിച്ചു എന്ന് സമർത്ഥിക്കാൻ സാധിക്കും. അല്ലാഹു നിർബന്ധമാക്കുന്നതിനു മുമ്പേ ഇസ്‌ലാമിൽ നമസ്കാരം സ്ഥാപിച്ചുകൊണ്ട് മുഹമ്മദ് നബി ഖുർആനെ മറികടന്നു എന്ന് പ്രചരിപ്പിക്കുന്ന ഇത്തരം പരാമർശങ്ങൾ തിരുത്തേണ്ട ബാധ്യത ആർക്കുമില്ലേ എന്നാണ് നമുക്ക് ചോദിക്കാനുള്ളത്. ഈന്തപ്പന മട്ടലുകളിലും എല്ലിൻകഷണങ്ങളിലും തോൽതുണ്ടുകളിലും എഴുതിവെച്ചിരുന്നു എന്ന പരാമർശവും ഇതേ തഫ്സീറിലെ മറ്റു ഭാഗങ്ങളിൽ നിന്നും പൊളിക്കാനുള്ള വക മൗദൂദി തന്നെ രേഖപ്പെടുത്തിവെച്ചിട്ടുണ്ടെന്ന വസ്തുതയും ഇതോടൊപ്പം അറിയിക്കട്ടെ. അടുത്ത ലക്കം അവ പ്രതീക്ഷിക്കുക.

# മുസ്‌ലിം വിവാഹപ്രായം; കൂരിരുട്ടിലേക്കുള്ള തിരിച്ചുപോക്ക്

കുരിക്കൾ വയനാട്

അമേരിക്ക ഇറാഖിൽ അധിനിവേശം നടത്തുകയും നിരപരാധികളെ പിടികൂടി ഹിറ്റ്ലറെപ്പോലും നാണിപ്പിക്കുംവിധം ചരിത്രത്തിൽ തുല്യതയില്ലാത്ത പീഡനങ്ങൾ ഏൽപിക്കുകയും ചെയ്ത സംഭവം ആഗോളസമൂഹത്തെ ഞെട്ടിപ്പിക്കുകയുണ്ടായി. ഗ്വാണ്ടനാമോ ജയിലിൽ അരങ്ങേറിയ പ്രകൃതിവിരുദ്ധ ലൈംഗിക വൈകൃതങ്ങളായിരുന്നു അതിലേറെ ശ്രദ്ധേയം. പുരുഷന്മാർ തമ്മിൽ, അറപ്പുളവാക്കുന്ന ലൈംഗിക വൈകൃതങ്ങൾക്ക് വഴങ്ങാത്തവരെ ക്രൂരമായി മർദിക്കുകയും അതിന്റെ കാമറയിൽ പകർത്തിയ ദൃശ്യങ്ങൾ പുറംലോകം കാണുകയും ചെയ്തു. ദൃശ്യങ്ങൾ പുറത്തെത്താൻ വഴിയൊരുക്കിയ ജയിൽവാർഡന്മാരും പിന്നീട് ശിക്ഷ ഏറ്റുവാങ്ങേണ്ടിവന്നു. ഗ്വാണ്ടനാമോ ജയിൽജീവനക്കാരെ ഇത്തരം ക്രൂരവിനോദത്തിലേർപ്പെടാൻ പ്രേരിപ്പിച്ച മുഖ്യഘടകം തുറുങ്കിലടക്കപ്പെട്ട ഇറാഖി പൗരന്മാർ മുസ്‌ലിംകളും, ജയിലധികൃതർ ജൂത-ക്രൈസ്തവരുമായിരുന്നു എന്നതുതന്നെ.

അമേരിക്കയിലും യൂറോപ്പിലുമുള്ള ജൂത, ക്രൈസ്തവ വിഭാഗങ്ങൾ വായിച്ചും കേട്ടും മനസ്സിലാക്കിയത് മുസ്‌ലിംകൾ പൊതുവെ കാമവെറിയൻമാരാണെന്നായിരുന്നു. ഇന്ന് ലോകമുസ്‌ലിംകൾക്ക് മാതൃക സുഊദ് അറേബ്യയും അവിടുത്തെ ഭരണസംവിധാനവുമാണല്ലോ. ചുരുക്കം മുസ്‌ലിംകൾ മാത്രമേ കാര്യങ്ങൾ നേരെ ചൊവ്വെ മനസ്സിലാക്കിയിട്ടുള്ളൂ. കാമവെറിയൻമാരായ ഒരു ജനതയെ യുദ്ധതടവുകാരായി കിട്ടിയപ്പോൾ അവരിലെ കാമഭ്രാന്ത് എത്രത്തോളമുണ്ടെന്ന് പരിശോധിക്കുന്നതിനായിരിക്കാം ജയിൽ വാർഡൻമാർ ഇത്തരം കുത്സിത വേലകൾ ഒപ്പിച്ചത് എന്ന് അനുമാനിക്കാവുന്നതാണ്.

നബിതിരുമേനിയുടെ പേരിൽ കെട്ടിച്ചമച്ച കള്ള വചനങ്ങൾ ലോകത്ത് വരുത്തിവെച്ച വിന എത്രത്തോളമുണ്ടെന്ന് ഊഹിക്കാവുന്നതേയുള്ളൂ. മുസ്‌ലിംകളുടെതെന്ന് അവകാശപ്പെടുന്ന ഒട്ടുമിക്ക രാജ്യങ്ങളിലും സ്ഫോടനങ്ങളും, കൂട്ടുക്കുരുതിയും നിത്യസംഭവങ്ങളാണല്ലോ. അതിനാൽ മുസ്‌ലിംകളെല്ലാം ഭീകരന്മാരായി മുദ്രകുത്തപ്പെട്ടു. നമ്മുടെ



രാജ്യത്തും ചില മുസ്‌ലിം സംഘടനകൾ മുറവിളി കൂട്ടുന്നുണ്ട്. മുസ്‌ലിംകൾ എല്ലാവരും തീവ്രവാദികളല്ല എന്ന്. എല്ലാ മുസ്‌ലിംകളും ഭീകരന്മാരാണെന്ന് ആരും പറഞ്ഞിട്ടില്ല. പക്ഷെ വിധ്വംസക ഭീകരപ്രവർത്തനങ്ങളുടെ പേരിൽ പിടികൂടപ്പെടുന്നവരിലധികവും മുസ്‌ലിംകളാണ് എന്നതാണിവിടെ പ്രശ്നം. ഈ ദുരവസ്ഥക്ക് മാറ്റം വേണ്ടതല്ലേ? ലോകത്ത് 150 കോടിയോളം വരുന്ന ഒരു ജനസമൂഹത്തെ ആർക്കെങ്കിലും എഴുതിത്തള്ളാനാവുമോ? ഉന്മൂലനം ചെയ്യാനൊക്കുമോ? സത്യത്തിൽ മതപൗരോഹിത്യം, കഥയറിയാതെ ആട്ടം കാണുകയാണ്. മുസ്‌ലിംകളെ ഉന്മൂലനം ചെയ്യാൻ മറ്റുള്ളവരെല്ലാം ചേർന്ന് ശ്രമിക്കുകയാണെന്നും, അതിനെ പ്രതിരോധിക്കാൻ ജാഗരൂകരാകണമെന്നും, ചില മതപണ്ഡിതന്മാർ അനുയായികളെ ബോധവത്കരിക്കാറുണ്ട്.

ഇത്തരം വാദഗതികളിൽ യാതൊരു കഴമ്പുമി ല്ലെന്നതാണ് വസ്തുത. ഇതപര്യന്തമുള്ള ചരിത്രം പരിശോധിക്കുന്ന ആർക്കും ഇതു ബോധ്യമാവുകയും ചെയ്യും. മുഹമ്മദ് നബിയെ അനുധാവനം ചെയ്ത് ജീവിക്കുന്ന ആരെയും ആരും അക്രമിച്ചിട്ടില്ല. വേദഗ്രന്ഥ ത്തിലെ പരമമായ സത്യത്തെ നിഷേധിച്ച് തന്നിഷ്ടം നടപ്പാക്കിയവർക്ക് മാത്രമേ പ്രയാസങ്ങൾ നേരിടേണ്ടിവന്നിട്ടുള്ളൂ.

ചരിത്രത്തിലെയും വർത്തമാനകാല ത്തെയും ചില അപശബ്ദങ്ങൾ ഊതിപ്പെ രുപ്പിച്ച് കാണിക്കുന്നവർ ധാർമിക ഗീതങ്ങളെ കാണാതെ പോവുകയാണ്.

ശാസ്ത്രസാങ്കേതികരംഗത്ത് ഏറെ മുന്നേറിയ അറബികളുടെ ഗ്രന്ഥശേഖരങ്ങൾ യൂറോപ്യർ കടത്തിക്കൊണ്ടുപോയതിനു ശേഷമാണ് അവർ സാംസ്കാരികമായി പുറന്തള്ളപ്പെട്ടുപോയത്. പിന്നീട് മുഹമ്മദ് നബിയെക്കുറിച്ചും, സഹധർമ്മിണികളെക്കു റിച്ചും മറ്റും കവിതകളും കഥകളുമുണ്ടാക്കി സായൂജ്യമടഞ്ഞു അറബികൾ. പ്രവാചകന്റെ ആദ്യവിവാഹം നാല്പത് കഴിഞ്ഞ ഒരു കിഴ വിയുമായിട്ടായിരുന്നു (ഖദീജ) എന്ന കള്ള ക്കഥയിൽനിന്നും ആരംഭിക്കുന്നു അത്തരം കഥകൾ.

നാല്പത് വയസ്സ് പിന്നിട്ട ഒരു സ്ത്രീ (ഖ ദീജ) തിരുദൂതരുടെ എട്ട് സന്താനങ്ങൾക്ക് ജന്മംനല്കി എന്ന ചരിത്രം സുന്നികൾ അംഗീകരിക്കുന്നു. ഇത് തികച്ചും അസംഭവ്യ മാണ്. നാല്പത് കഴിഞ്ഞ ഒരു സ്ത്രീയും എട്ട് കുഞ്ഞുങ്ങളെ പ്രസവിക്കാറില്ല. മുഹ മ്മദ് നബി 'മറിയ' എന്നു പേരുള്ള അടിമ സ്ത്രീയെ പ്രാപിച്ചു. അതിൽ ഒരു കുട്ടിയു ണ്ടായി. ആറുവയസ്സുള്ള ആയിശയെ വിവാഹം ചെയ്തു. കളിപ്പാട്ടങ്ങളുമായിട്ടാണ് ആയിശ മണിയറയിൽ പ്രവേശിച്ചത്. ഖൈബ റിലെ യഹൂദ കോട്ട അക്രമിച്ച് കീഴടക്കി ജൂത രാജാവിനെ വധിക്കുകയും, രാജാവിന്റെ സുന്ദരിയും അവിവാഹിതയുമായ മകൾ സഫിയയെ അഞ്ച് കിഴവികളെ പകരം കൊടുത്ത് സ്വന്തമാക്കുകയും ചെയ്തു. പിതാവിനെ കൊന്ന ശേഷം മകളുമായി പ്രവാചകൻ ലൈംഗിക ബന്ധത്തിലേർപ്പെ ട്ടു. തീർന്നില്ല. സുഹൃത്തായ സൈയ്തിനെ നിർബന്ധിച്ച് വിവാഹമോചനം നടത്തിച്ച് ആ സ്ത്രീയെയും സ്വന്തമാക്കി. ഇങ്ങനെ എത്ര യെത്ര കാമപൂരണങ്ങളാണ് പ്രവാചകനെ ക്കുറിച്ച് സുന്നികൾ പ്രചരിപ്പിച്ചത്. ഇത്തരം ഭരണിപ്പാട്ടുകൾ ഗദ്യ-പദ്യ രൂപത്തിലും അല്ലാതെയും സുന്നി മതപഠനശാലകളിലെ സിലബ്ബസിൽ ഇപ്പോഴും കാണാം. ഒരു സമൂഹം അധഃപതിക്കാൻ ഇതിലധികം ഇനി എന്താ ണാവോ വേണ്ടത്.

മുസ്ലിം മതവിദ്യാഭ്യാസ ബോർഡിനു കീഴിൽ പ്രവർത്തിച്ചുവരുന്ന പാഠശാലകളിലെ അധ്യാപകരുടെ പര മാവധി കാലാവധി ഒരു വർഷമാണ്. ഈ കാലയളവിനു ള്ളിൽ തന്നെ ഒട്ടുമിക്ക അധ്യാപകരും പുറത്തുപോകും. ആൺ-പെൺ വ്യത്യാസമില്ലാതെ, പ്രായപൂർത്തിയെത്താത്ത കുട്ടികളെ ലൈംഗിക പീഡനത്തിന് ഇരയാക്കുന്ന മദ്രസാ അധ്യാപകരെക്കുറിച്ചുള്ള വാർത്തകൾ വർധിച്ചുവരുന്നു. 23 വർഷം കഠിനതടവിന് ശിക്ഷിക്കപ്പെട്ട ഒരു മദ്രസാ അധ്യാ പകന്റെ കഥ ഓർമയിൽ വരുന്നു. മതസ്ഥാപനങ്ങൾ വർദ്ധി ക്കുംതോറും അരക്ഷിതാവസ്ഥയും വിധ്വംസക പ്രവർത്ത നങ്ങളും പെരുകുന്നുവെന്നതായിരിക്കുന്നു അവസ്ഥ.

പെൺകുട്ടികളെ സ്കൂളിലയച്ചാൽ അവർ മലയാളം പഠിച്ച് പ്രേമലേഖനമെഴുതുമെന്നായിരുന്നു 1929ൽ തിരുനാ വായ മണപ്പുറത്ത് നടന്ന സുന്നി സമ്മേളനം പുറപ്പെടുവിച്ച ഫത്വ. സമുദായ വിലക്കുകൾ അവഗണിച്ച് വിദ്യാ ഭ്യാസം നേടി അഭിഭാഷകയായി സുപ്രീംകോടതി ജഡ്ജി പദം വരെ അലങ്കരിച്ച ജസ്റ്റിസ് ഫാത്വിമ ബീവി, താൻ അവി വാഹിതയായി കഴിയേണ്ടിവന്നതിനു കാരണക്കാർ മത പുരോഹിതന്മാരാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. വിവാ ഹാലോചനകൾ വന്നപ്പോഴൊക്കെ, വക്കീലിനെയാണോ നിക്കാഹ് കഴിക്കുന്നത്, കൊള്ളാം, നാക്കിന് നീളം കൂടും എന്നെല്ലാം പറഞ്ഞ് വിവാഹം മുടക്കുകയായിരുന്നുവത്രെ പുരോഹിതന്മാർ. 'ബിരുദം നേടി എൽ.എൽ.ബിക്ക് പഠി ക്കാൻ വിട്ടപ്പോൾ തന്നെ എന്റെ കുടുംബത്തിന് പള്ളിക്കാർ ഊര്വിലക്കും ഏർപ്പെടുത്തി'. (ആത്മകഥ- ജസ്റ്റിസ് ഫാത്വി മബീവി, മാതൃഭൂമി വാർഷികപ്പതിപ്പ്)

ഇതുപോലെ എത്രയെത്ര ഫാത്വിമമാർ മതപുരോഹിത ന്മാരുടെ തിട്ടൂരങ്ങൾക്ക് ബലിയാടുകളായിരിക്കുന്നു. പ്രവാ ചകരും അനുചരന്മാരും പ്രവാസജീവിതം നയിച്ചപ്പോൾ അനുചരന്മാർക്ക് താല്കാലിക വിവാഹത്തിന് അനുവാദം നൽകപ്പെട്ടിരുന്നു (ഹദീസ്) (മുത്അ വിവാഹം). സുന്നിക ളുടെ രണ്ടാം പ്രമാണത്തിൽ പ്രതിപാദിച്ച മേൽ ഹദീസിന്റെ പിൻബലത്തിലാണ് കേരളത്തിൽ അറബികല്യാണങ്ങൾ അരങ്ങേറിയത്. ഈ ദുരവസ്ഥക്കെതിരെ കേരളത്തിലെ മഹിളാ സംഘടനകളും പുരോഗമന പ്രസ്ഥാനങ്ങളും നട ത്തിയ പോരാട്ടത്തിന്റെ ഫലമായി അറബികല്യാണങ്ങൾ ഏറെക്കുറെ അവസാനിച്ചതായിരുന്നു. പ്രായപൂർത്തിയാ കാത്ത പെൺകുട്ടിയെ നിക്കാഹ് ചെയ്ത ഒരു അറബി ഇവിടുത്തെ നിയമത്തെ ഭയന്ന് കോഴിക്കോട്ട് ബഹുനില ക്കെട്ടിടത്തിൽനിന്ന് ചാടി ആത്മഹത്യ ചെയ്ത സംഭവം ഓർമയിൽ വരുന്നു. മകളെ പ്രായപൂർത്തിയാകും മുമ്പെ വിവാഹം കഴിപ്പിച്ചതിന്റെ പേരിലായിരുന്നുവല്ലോ ജലസേ ചന വകുപ്പ് മന്ത്രിയായിരുന്ന എം പി ഗംഗാധരന് തന്റെ പദവി ഉപേക്ഷിക്കേണ്ടിവന്നത്. *(തുടരും....)*

# QURAN *for* PEACE

**സുലൈമാൻ തിരൂർ**

| | | | | |
|---|---|---|---|---|
| إِفْعَال | أَفْعَلَ | مُفْعِل | فَعَال | فَعَلَ |
| إِفْسَاد | أَفْسَدَ | مُفْسِد | فَسَاد | فَسَدَ |
| إِصْلَاح | أَصْلَحَ | مُصْلِح | صَلَاح | صَلَحَ |
| إِسْلَام | أَسْلَمَ | مُسْلِم | سَلَام | سَلِمَ |

ഇസ്ലാം എന്ന പദം ഇഫ്ആൽ എന്ന രൂപത്തിലാണ് പ്രയോഗിച്ചിട്ടുള്ളത് എന്നതുകൊണ്ട് മറ്റുള്ളവർക്ക് സുരക്ഷിതത്വം നൽകുക എന്നതാണ് അതുകൊണ്ടുദ്ദേശിക്കുന്നത്. മുഅമിൻ എന്ന പദവും ഇതേ വിഭാഗത്തിൽ പെടുന്ന ക്രിയ ആയതിനാൽ അതിനും മറ്റുള്ളവർക്ക് സമാധാനം നൽകുന്നവൻ (peace provider) എന്നതാണ് അർത്ഥമാക്കുന്നത്. അല്ലാഹുവിന്റെ നാമങ്ങളായി ഖുർആൻ ഉപയോഗിച്ച രണ്ടു വാക്കുകളാണ് "അസ്സലാം" എന്നതും "അൽമുഅമിൻ" എന്നതും. അതിനർത്ഥം അല്ലാഹു, അനുസരിക്കുന്നവനും സത്യവിശ്വാസിയുമാണെന്നല്ല. മറിച്ച് അവൻ സുരക്ഷിതത്വവും സമാധാനവും നൽകുന്നവനാണ് എന്നു തന്നെയാണ്.

ഇഫ്ആൽ രൂപത്തിലും തഫ്ഈൽ രൂപത്തിലും ക്രിയകൾ വന്നാൽ മറ്റുള്ളവരിലേക്ക് വിട്ടുകിടക്കുന്ന ക്രിയകളാണ്(അപൂർവ്വം അല്ലാതെയുമുണ്ട്). അല്ലാഹു അൻസല എന്നും അല്ലാഹു നസ്സല എന്നൊക്കെ പറഞ്ഞാൽ അല്ലാഹു അവതരിപ്പിച്ചു എന്നാണ് അർത്ഥം. അല്ലാതെ അല്ലാഹു അവതരിച്ചു എന്നല്ല.

ചുരുക്കത്തിൽ ഭൂമിയിൽ സമാധാനവും സുരക്ഷിതത്വവും നൽകുന്നവനായിരിക്കണം മുഅമിനും മുസ്ലിമും. ആദമിന്റെ നിയമനവുമായി ബന്ധപ്പെട്ട് മലക്കുകൾ ചോദിച്ചത് നീ ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും (മുഫ് സിദ്) രക്തം ചിന്തുകയും ചെയ്യുന്നവരെയാണോ നിയമിക്കുന്നത് എന്നാണ്. ഭൂമിയിൽ പരിഷ്കരണ പ്രവർത്തനങ്ങളിലും സൽകർമങ്ങളിലും ഏർപ്പെടുന്നവരെ അല്ലാഹു മുസ്ലിഹ് (മുസ്ലിം എന്ന രൂപത്തിൽ) എന്നാണ് ഉപയോഗിച്ചത്.

മുഹമ്മദുനബിയുടെ ഗുണങ്ങളിൽ ഒന്ന് അല്ലാഹു പറഞ്ഞത് " വയുഅമിനു ലിൽമുഅമിനീന " എന്നതാണ്. അതിനർത്ഥം കൂടെയുള്ളവരിൽ സത്യവിശ്വാസിയാണ് പ്രവാചകൻ എന്നല്ല. മറിച്ച് കൂടെയുള്ളവർക്ക് സമാധാനവും സുരക്ഷയും നൽകുന്നവനാണ് അദ്ദേഹം എന്ന അർത്ഥത്തിലാണ്.

അപ്പോൾ മുസ്ലിംകൾ എന്നത് അല്ലാഹു പൂർവ്വ വേദങ്ങളിലും ഖുർആനിലും നൽകിയ പേരാണ്. ദൈവിക വിധിവിലക്കുകൾ നടപ്പിലാക്കുന്നതിലൂടെ സമാധാനവും സുരക്ഷയും ലോകത്തിനു നൽകുന്നവരെയാണ് അല്ലാഹു അങ്ങനെ പേരിട്ടിരിക്കുന്നത്. അതാണ് യഥാർത്ഥ പോരാട്ടം (ഹഖ്ഖ ജിഹാദ്) എന്നുമാണ് അല്ലാഹു പറയുന്നത്. അല്ലാതെ ഭൂമിയിൽ മുഴുവൻ സംഘർഷങ്ങളും അക്രമങ്ങളും രക്തച്ചൊരിച്ചിലുകളും ഉണ്ടാക്കുന്നവരല്ല മുസ്ലിംകളും മുഅമിനുകളും എന്നു നാം മനസ്സിലാക്കണം.

മാനവരാശിയുടെ നന്മയും സമാധാനത്തോടും സുരക്ഷിതത്വത്തോടും കൂടിയുള്ള ജീവിതവുമായിരിക്കണം ഒരു മുസ്ലിം ലക്ഷ്യം വെക്കേണ്ടത്. ആദമിന്റെ നിയമനവുമായി ബന്ധപ്പെട്ട് മലക്കുകൾ ഉന്നയിച്ച സംശയത്തിനു അല്ലാഹു മറുപടി പറഞ്ഞത് നിങ്ങൾക്ക് അറിയാത്ത കാര്യങ്ങൾ എനിക്കറിയാമെന്നാണ്. എന്നു പറഞ്ഞാൽ കുഴപ്പങ്ങളും രക്തച്ചൊരിച്ചിലുകളുമല്ല. ശാന്തിയും സമാധാനവും സുരക്ഷയും നൽകുന്നവരാകാനും മനുഷ്യർക്കു കഴിയുമെന്നാണ്. മനുഷ്യ പ്രകൃതി തന്നെ ശുദ്ധമായതാണ്. സമാധാനവും നന്മയുമാണ് അത്. അതിന് മാറ്റം വരുത്താതെ നിലനിർത്തിക്കൊണ്ടു പോകുക എന്നതാണ് മുസ്ലിന്റെ പരമപ്രധാനമായ ബാധ്യത. അല്ലാതെ അല്ലാഹുവിൽ വിശ്വസിക്കുകയും ഭൂമിയിൽ നാശവും രക്തച്ചൊരിച്ചിലുകളും ഉണ്ടാക്കുകയല്ല വേണ്ടത്. വെറും വിശ്വാസമല്ല വിശ്വാസത്തോടെ മനുഷ്യർക്കുവേണ്ടിയുള്ള നന്മയും സൽകർമ്മങ്ങളും പ്രവർത്തിക്കുകയാണ് വേണ്ടത്. അതായിരിക്കട്ടെ മുസ്ലിമിന്റെയും മുഅമിനിന്റെയും ലക്ഷ്യം.

മാനവരാശിക്കു വേണ്ടി സുരക്ഷയും സമാധാനവും നൽകുന്നവരെ അക്രമവും കുറ്റകൃത്യങ്ങളും ചെയ്യുന്നവരെപ്പോലെ ഒരിക്കലും അല്ലാഹു ആക്കുകയില്ല (അഫനജ്അലുൽ മുസ്ലിമീന കൽമുജ് രിമീന) എന്നാണ്ഖുർആൻ വ്യക്തമാക്കുന്നത്. ഇന്നു നിലനിൽക്കുന്ന സംഘർഷങ്ങളും രക്തച്ചൊരിച്ചിലുകളും അവസാനിപ്പിക്കേണ്ടതുണ്ട്. അതിന് നാം ഖുർആൻ വിഭാവനം ചെയ്യുന്ന മുസ്ലിമും മുഅമിനുമായിത്തീർന്നേ മതിയാകൂ.

# എന്നാണ് തിരിച്ചറിവുണ്ടാവുക?

**എൻ.വി. സുഹറ, ആനക്കയം**




ജൂലൈ 21-ന് ഖുർആൻ സുന്നത്ത് സൊസൈറ്റി കോഴിക്കോട്ട് സംഘടിപ്പിച്ച ചേക നൂർ മൗലവി രക്തസാക്ഷി അനുസ്മരണയോഗം ഉദ്ഘാടനം ചെയ്തത് മുൻ കേന്ദ്രമന്ത്രി സുബ്രഹ്മണ്യസ്വാമി ആയിരുന്നുവല്ലോ. യോഗത്തിൽ അദ്ദേഹം പറഞ്ഞതിതാണ്- "തന്നെ ഒരു മുസ്‌ലിം വിരോധിയായിട്ടാണ് ചില മതമൗലികവാദികൾ വിശേഷിപ്പിക്കാറുള്ളത്. അത് വസ്തുതക്ക് നിരക്കാത്തതാണ്. എന്റെ മരുമകൻ ഇസ്‌ലാംമത വിശ്വാസിയാണ്. അദ്ദേഹം എന്റെ കൂടെയാണ് താമസിക്കുന്നത്. എന്നാൽ മതമൗലികവാദത്തിനും മതതീവ്രവാദത്തിനും ഞാൻ എതിരാണ്. ഇവിടെയുള്ള മുസ്‌ലിംകളും ഹിന്ദുക്കളും പരസ്പരം ശത്രുക്കളാകരുത്. അവർ ആദ്യം അംഗീകരിക്കേണ്ടത് നമ്മുടെ സ്വന്തം രാഷ്ട്രത്തെയാണ്. അത് കഴിഞ്ഞേ മതങ്ങൾക്ക് സ്ഥാനം കൊടുക്കേണ്ടതുള്ളൂ. സൗദി അറേബ്യയിൽ റോഡ് വികസനത്തിനു പ്രവാചകൻ നമസ്കരിച്ച പള്ളിപോലും പൊളിച്ചു വേറൊരിടത്ത് മാറ്റിസ്ഥാപിച്ചിട്ടുണ്ടെന്നാണ് സൗദി അംബാസഡർ എന്നോട് പറഞ്ഞത്. ആസ്ത്രേലിയയും അമേരിക്കയും ഏക സിവിൽകോഡ് അംഗീകരിച്ചതുകൊണ്ട് ഒരു കുഴപ്പവും സംഭവിച്ചിട്ടില്ല. ഇന്ത്യൻജനതയുടെ പുരോഗതിക്കു ഇവിടെയും അതംഗീകരിക്കുന്നതിൽ തെറ്റില്ല.'

സ്വാമിയുടെ ഈ ആശയങ്ങൾ മതമൗലികവാദികൾക്ക് അലർജിയാവേണ്ടതില്ല. മതവിശ്വാസത്തെ ചൂഷണം ചെയ്യണമെങ്കിൽ മതാന്ധത നിലനിൽക്കണം. അതുകൊണ്ടാവാം തേജസ് പത്രം (22-7-2013) സുബ്രഹ്മണ്യ സ്വാമിയുടെ പ്രസംഗം വളച്ചൊടിച്ച് റിപ്പോർട്ട് ചെയ്യാൻ മുതിർന്നത്. 'സുബ്രഹ്മണ്യ സ്വാമി വർഗീയത വിളമ്പി മുസ്‌ലിംവിരോധം പ്രകടിപ്പിച്ചു' എന്നാണ് തേജസ് റിപ്പോർട്ട് ചെയ്തത്. പത്രം പറയുന്നു- 'പള്ളി ആരാധനാലയമല്ല, നമസ്കാരത്തിനുള്ള ഇടം മാത്രമാണ്. നമസ്കാരം റെയിൽവേസ്റ്റേഷനിലും നടത്താം. മധുരയിലെയും കാശിയിലെയും മുസ്‌ലിംപള്ളികൾ മധുര ശ്രീകൃഷ്ണക്ഷേത്രത്തിനും കാശിയിലെ വിശ്വനാഥക്ഷേത്രത്തിനും വേണ്ടി പൊളിച്ചുനീക്കണം. സൗദിയിൽ നബി നമസ്കരിച്ചിരുന്ന പള്ളി പൊളിച്ചാണ് റോഡ് വികസനം നടത്തിയത്. ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും അതനുസരിച്ച് ജീവിക്കാനുള്ള പൗരന്റെ ഭരണഘടനാപരമായ അവകാശത്തെയും അദ്ദേഹം വെല്ലുവിളിച്ച് ഇന്ത്യയിൽ ഏകീകൃത നിയമവ്യവസ്ഥ കൊണ്ടുവരണമെന്നുമാണ് അദ്ദേഹം പ്രഖ്യാപിച്ചത്.'

മതനവോത്ഥാനത്തിന്റെ വക്താക്കളെന്ന് സ്വയം നടിക്കുന്നവരാണ് മുജാഹിദ് വിഭാഗങ്ങൾ. മൗലീദ് പാരായണം, ഖബർ സിയാറത്ത് തുടങ്ങിയ ചില ആചാരങ്ങൾ സംബന്ധിച്ച അഭിപ്രായവ്യത്യാസമേ സുന്നി, മുജാഹിദുകൾക്കിടയിലുള്ളൂ. എന്നാൽ ബഹുഭാര്യത്വം നിലനിർത്തണമെന്ന കാര്യത്തിൽ സുന്നികളേക്കാൾ കടുംപിടുത്തം മുജാഹിദുകൾക്കാണ്. അവർക്ക് ബഹുഭാര്യത്വം പ്രോത്സാഹിപ്പിക്കാൻ പോഷകസംഘടനവരെയുണ്ട്. ബദർ, ഉഹ്ദ് യുദ്ധങ്ങളിൽ കൂടുതൽപേർ വിധവകളായപ്പോഴാണ് ഖുർആനിലെ 4/3-ാം വചനം അവതരിപ്പിച്ചുകൊണ്ട് ഭാര്യമാരോട് തുല്യനീതി പുലർത്താൻ കഴിയുന്നവരോട് മാത്രം നാലുവരെ വിവാഹം കഴിച്ച് വിധവകളെ സംരക്ഷിക്കാൻ അനുവദിച്ചത്. തുല്യനീതി പുലർത്താൻ കഴിയാത്തവരോട് ഒരു ഭാര്യയെ മാത്രം സ്വീകരിച്ചാൽ മതിയെന്നും ഖുർആൻ മുന്നറിയിപ്പ് നൽകുന്നുണ്ട്. ആര് വിചാരിച്ചാലും ഭാര്യമാർക്കിടയിൽ തുല്യനീതി പുലർത്താൻ കഴിയില്ലെന്നു മുന്നറിയിപ്പ് നൽകിക്കൊണ്ടാണ് ബഹുഭാ

രൃത്വം അപ്രായോഗികമാണെന്ന് ഖുർആൻ സമർത്ഥിക്കുന്നത്.

എന്നാൽ ഖലീഫമാരായിരുന്ന അബൂബക്കർ, ഉമർ, ഉസ്മാൻ, അലി എന്നിവർക്കെല്ലാം നാലിൽ കൂടുതൽ ഭാര്യമാരുണ്ടായിരുന്നു. മകൾ ഫാത്തിമയെ വിവാഹം കഴിച്ച അലിയെ ബഹുഭാര്യത്വം സ്വീകരിക്കാൻ പ്രവാചകൻ അനുവദിച്ചില്ല. ഫാത്തിമയുടെ മരണശേഷമാണ് അലി മറ്റു സ്ത്രീകളെ വിവാഹം കഴിച്ചു തുടങ്ങിയത്. ഭരണനേതൃത്വം തന്നെ നാലിൽ കൂടുതൽ വിവാഹം കഴിച്ചതുകൊണ്ടാകാം ശരീഅത്ത് നിയമം ക്രോഡീകരിക്കപ്പെട്ടപ്പോൾ വിവാഹനിയമത്തിലും തലാഖ് നിയമത്തിലും ഖുർആനിലെ നിബന്ധനകൾ ഒഴിവാക്കപ്പെട്ടത്. അതുകൊണ്ടാണ് മുസ്‌ലിം വ്യക്തിനിയമത്തിൽ (ശരീഅത്ത് നിയമത്തിൽ) തോന്നുമ്പോൾ കെട്ടാനും ഒഴിവാക്കാനുമുള്ള വകുപ്പുണ്ടായത്. ഇജ്മാഇലൂടെയും ഖിയാസിലൂടെയും കാലാനുസൃതമായി നിയമങ്ങൾ കൊണ്ടുവരാനുള്ള അവകാശമാണ് മതം നൽകുന്നതെങ്കിലും ശരീഅത്ത് നിയമത്തിൽ യാതൊരു ഭേദഗതിയും കൊണ്ടുവരാൻ പാടില്ലെന്ന മുൻവിധിയാണ് മതനേതാക്കൾ അനുയായികളെ പഠിപ്പിക്കുന്നത്. അതുകൊണ്ടുള്ള നേട്ടം പുരുഷമേധാവിത്വ നിയമങ്ങൾ സ്ത്രീകളുടെ മേൽ അടിച്ചേൽപ്പിക്കാൻ ഒരു പ്രയാസവും നേരിടില്ല എന്നത് തന്നെയാണ്.

എന്നാൽ വിവാഹമോചിതക്ക് മുൻഭർത്താവ് മതിയായ ജീവനാംശം നൽകണമെന്ന നിയമം കേന്ദ്രസർക്കാർ കൊണ്ടുവന്നത് പുരുഷമേധാവിത്വത്തിന്റെ വക്താക്കൾക്ക് വലിയ ആഘാതം തന്നെയായിരുന്നു. തോന്നുമ്പോൾ മൊഴിചൊല്ലുന്ന പുരുഷന്റെ അവകാശം അങ്ങനെ തടയാനായി. ബഹുഭാര്യത്വത്തെ ന്യായീകരിക്കുന്നവർ ഒരു കാര്യം പ്രത്യേകം ഓർക്കണം. ലൈംഗിക തൊഴിലാളികളുടെ അനുഭവം വെച്ചുനോക്കുമ്പോൾ അവർ ദിവസേന ബന്ധപ്പെടുന്ന പുരുഷന്മാരുടെ എണ്ണം എത്രയുമാകാം. എന്നാൽ അതുപോലെ പുരുഷന് സ്ത്രീകളെ തൃപ്തിപ്പെടുത്താനാവില്ല. ഇതുവെച്ചുകൊണ്ട് തന്നെ പറയാം ബഹുഭാര്യത്വം അപ്രായോഗികമാണെന്ന്. തുല്യനീതിയോടെ ഭാര്യമാരെ നോക്കാൻ തയ്യാറാകുന്ന ഭർത്താവിനു നാലു ഭാര്യമാരെ സമീപിക്കാൻ ഒരാൾക്ക് ഒരുദിവസം എന്ന തോതിൽ നാലാം ദിവസമെ ഒരു ഭാര്യയുമായി ബന്ധപ്പെടാനാകൂ. ചുരുങ്ങിയത് ഒരു മാസത്തിൽ ഒരു ഭാര്യക്ക് 7 ദിവസങ്ങളെ കിട്ടുകയുള്ളൂ. പുരുഷനാണെങ്കിൽ ഒരു വിശ്രമവും കിട്ടുകയുമില്ല. ഇങ്ങനെ പോയാൽ പുരുഷന് അധികകാലമൊന്നും ആയുസുണ്ടാകില്ല. ഇങ്ങനെയുള്ള ഒരു ഭർത്താവിന് സ്ത്രീകൾ അടുക്കള ഭരിച്ചാൽ മതിയെന്നും അവർ ഒരു മറയിൽ കൂടിയല്ലാതെ അന്യപുരുഷന്മാരോട് സംസാരിക്കാൻ പാടില്ലെന്നുമുള്ള നിയമം അനുഗ്രഹമായി തോന്നാം. അല്ലെങ്കിൽ തന്റെ ഭാര്യമാർ വേലിചാടുമെന്ന വേവലാതിയിൽ മാനസിക പ്രശ്നങ്ങൾക്കും കാരണമായി തീരും. അങ്ങനെ പുരുഷമേധാവിത്വത്തിന്റെ വക്താക്കൾക്ക് വേണ്ടിയുണ്ടാക്കിയ നിയമമാണ് പർദ്ദാ സമ്പ്രദായമെന്ന് കാണാം.

പർദ്ദ ധരിക്കാൻ വാശി പിടിക്കുന്നവർ അതിനെ ന്യായീകരിക്കാൻ പറയുന്ന ന്യായം സ്ത്രീകൾ പർദ്ദ ധരിക്കാത്തതുകൊണ്ടാണിവിടെ ബലാൽസംഗങ്ങൾ പെരുകുന്നതെന്നാണ്. ഈ വാദം ശരിയാകണമെങ്കിൽ ഇവിടെ പർദ്ദ ധരിച്ച മദ്റസ വിദ്യാർത്ഥിനികളും കന്യാസ്ത്രീകളും പീഡനത്തിന് ഇരയാകാൻ പാടില്ലായിരുന്നു. ഗോവ ബീച്ചിലടക്കം ലോകത്തിന്റെ പലഭാഗത്തും സ്ത്രീകൾ അർദ്ധനഗ്നത കാണിച്ചുനടന്നിട്ടും അവിടെയൊന്നും പീഡനങ്ങൾ നടക്കാത്തത് ജനസാന്നിദ്ധ്യമുള്ളതുകൊണ്ടാണ്. വിജനമായ സ്ഥലത്തും മറ്റു സാഹചര്യങ്ങൾ ഒത്തുവരുമ്പോഴും ക്രിമിനൽ മനസ്സുള്ളവർ സ്ത്രീകളെ പീഡിപ്പിച്ചെന്നുവരും. തൊഴിലില്ലായ്മയും പണം കൊണ്ട് എന്തും ചെയ്യാമെന്ന ഹുങ്കുമാണ് ക്രിമിനൽ മനസ്സുകളെ സൃഷ്ടിച്ചുവിടുന്നത്.

ഹിജറ രണ്ടാം വർഷമാണ് പുതിയ യുദ്ധനിയമം വരുന്നത്. മതം അല്ലാഹുവിനാകുംവരെ അതായത് ഇസ്‌ലാം മതം മാത്രമാകുന്നതുവരെ സത്യനിഷേധികളോട് യുദ്ധം ചെയ്ത് ലോകത്തെല്ലാം ഇസ്‌ലാമിക ഭരണം സ്ഥാപിക്കണമെന്ന നിയമം (2/193) ജീവിതത്തിൽ പ്രായോഗികമാക്കാൻ ശ്രമിച്ചതുകൊണ്ടാണ് നബിക്കും അനുയായികൾക്കും എട്ടു വർഷത്തിനുള്ളിൽ സൗദിക്ക് പുറത്തുവരെ ഇസ്‌ലാമിക ഭരണം സ്ഥാപിക്കാനായത്. നബിക്ക് ശേഷം നൂറുവർഷത്തിനുള്ളിൽ ഈ മാർഗ്ഗത്തിലൂടെയാണ് ലോകത്തിന്റെ നാലിലൊരുഭാഗം പിടിച്ചെടുക്കാനും തുർക്കി ആസ്ഥാനമാക്കി ഇസ്‌ലാമിക സാമ്രാജ്യത്തിന് അസ്ഥിവാരമിടാനും സാധിച്ചത്. ഇങ്ങനെ മുസ്‌ലിംകൾ ജിഹാദിലൂടെ നീങ്ങിയാൽ മുസ്‌ലിംകൾ ലോകം കീഴടക്കുമെന്ന ഭീതിയാണ് കൃസ്ത്യാനികളെ മുസ്‌ലിം സാമ്രാജ്യത്വത്തിനെതിരെ കുരിശുയുദ്ധം നടത്താൻ പ്രേരിപ്പിച്ചത്. ഒന്നാം ലോകമഹായുദ്ധത്തോടെ ഇസ്‌ലാമിക സാമ്രാജ്യം തകരുകയും കമാൽപാഷയുടെ നേതൃത്വത്തിൽ തുർക്കിയിൽ പട്ടാളഭരണം സ്ഥാപിക്കുകയുമാണുണ്ടായത്.

ഒരു മതപരിഷ്ക്കരണവാദിയായിരുന്ന കമാൽപാഷ ഭരണമേറ്റ ഉടനെ ശരീഅത്ത് നിയമങ്ങളൊക്കെ പൊളിച്ചെഴുതി പുതിയ ഭരണഘടനയുണ്ടാക്കി. മതനേതാക്കൾ ജനങ്ങളെ ചൂഷണം ചെയ്ത് തടിച്ചുകൊഴുത്ത സിയാറത്ത്

*(ശേഷം പേജ് 39ൽ)*

# ആരാണ് മുസ്‌ലിം?

ആസാദ് വളവന്നൂർ

ലോകത്ത് ഏത് ഭാഗത്തായാലും മുസ്‌ലിമെന്നും അമുസ്‌ലിമെന്നും പലരും തിരിച്ചറിയുന്നത് പേരുകളിൽ നിന്നോ ആരാധനകളിൽ നിന്നോ വേഷങ്ങളിൽ നിന്നോ ആണ്. ലോകത്ത് എന്തെല്ലാം മതങ്ങളുണ്ടോ അതിൽ പെട്ടവർക്കൊക്കെ അവരുടേതായ ആചാരങ്ങളും അനുഷ്ഠാനങ്ങളും വേഷങ്ങളുമുണ്ട്. അപരിചിതമായ സ്ഥലങ്ങളിൽ ചെന്ന് പരസ്പരം പരിചയപ്പെടുമ്പോൾ പേരുകൾ പറഞ്ഞും ചോദിച്ചുമാണ് ബന്ധം സ്ഥാപിക്കാറുള്ളത്. പേരുകളിൽ നിന്ന് തന്നെ ഏത് മതത്തിൽപ്പെട്ടവരാണെന്ന് തിരിച്ചറിയാവുന്നതാണ്. ചിലപ്പോൾ അപരിചിതമല്ലാത്ത പേരാണെങ്കിൽ ഹിന്ദുവാണോ മുസ്‌ലിമാണോ എന്നൊക്കെ ചോദിച്ച് മനസ്സിലാക്കാനും ശ്രമിക്കുന്നു. മുസ്‌ലിം എന്നാൽ എന്താണെന്ന് ചോദിക്കുന്നവർക്കും പറയുന്നവർക്കും തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. മുസ്‌ലിം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത് എന്ന് അറിയാതെ മുസ്‌ലിമാകുന്നവരാണ് നമുക്ക് ചുറ്റുമുള്ളത്. ചില ജാടകളിലൂടെ മാത്രമാണ് ഇവർ മുസ്‌ലിമാണ് എന്ന് സമൂഹത്തെ ബോധ്യപ്പെടുത്തുന്നത്. പേര് അറബിയിൽ സ്വീകരിക്കുന്നു. വീടിന് മുമ്പിൽ മക്കാ മദീനാ ആരാധനാലയങ്ങളുടെ ഫോട്ടോ വെക്കുന്നു. വാഹനങ്ങളിൽ ബിസ്മിയോ അതുപോലുള്ള വാചകങ്ങളോ എഴുതി ഒട്ടിക്കുന്നു. സ്ഥാപനങ്ങളിൽ പള്ളിയുടെയോ ദൈവത്തിന്റെയോ പ്രവാചകന്റെയോ പേരോ ചിത്രമോ ഒക്കെ സ്ഥാപിക്കുന്നു. ഇത്തരം കൃത്യങ്ങളിലൂടെയാണ് ഹദീസ് വിശ്വാസികളായ മുസ്‌ലിംകൾ മറ്റുള്ളവരെ 'ഞങ്ങൾ മുസ്‌ലിംകളാണ്' എന്ന് ബോധ്യപ്പെടുത്തുന്നത്.



മുസ്‌ലിംകൾ അവരുടെ പ്രവർത്തനങ്ങൾ കൊണ്ടാണ് മറ്റുള്ളവരെ ഞങ്ങൾ മുസ്‌ലിംകളാണെന്ന് ബോധ്യപ്പെടുത്തേണ്ടത്. പക്ഷെ ഇതര മതസ്ഥരായ ബുദ്ധ, ക്രിസ്തീയ, ഹിന്ദു വിഭാഗക്കാർ തെറ്റിദ്ധരിച്ചുവെച്ചിട്ടുള്ളത് നമസ്കാരം അനുഷ്ഠിക്കുന്നവരും, റംസാനിൽ നോമ്പെടുക്കുന്നവരും മക്കയിലേക്ക് ഹജ്ജിന് പോകുന്നവരുമാണ് മുസ്‌ലിംകൾ എന്നാണ്. യഥാർത്ഥത്തിൽ അഞ്ചുനേരം നമസ്കരിക്കുന്നവനോ, റമളാനിൽ നോമ്പനുഷ്ഠിക്കുന്നവനോ, സുന്നത്തു കല്യാണം നിർവ്വഹിച്ചവരോ, അറബിപേര് സ്വീകരിച്ചവരോ, അറബിനാട്ടിൽ ജനിച്ചവരോ ഒന്നുമല്ല മുസ്‌ലിം. നീതിമാന്മാരും, സമൂഹത്തിൽ സമാധാനവും സുരക്ഷിതത്വവും പ്രദാനം ചെയ്യുന്നവരുമാണ് യഥാർത്ഥ മുസ്‌ലിം. ഇത്തരമൊരു അളവുകോലിൽ പരിശോധിക്കുമ്പോൾ എല്ലാ മതത്തിലും മുസ്‌ലിംകളെ നമുക്ക് കാണാം. മഹാത്മാഗാന്ധിയും സ്വാമി വിവേകാനന്ദനും സുഭാഷ്ചന്ദ്രബോസും ഇങ്ങനെയുള്ള ഒട്ടധികം മഹാന്മാർ പ്രവർത്തിച്ചത് എല്ലാവർക്കും നീതിയും സമാധാനവും ഉണ്ടാക്കിയെടുക്കാനാണ്. അവരുടെ മതത്തിലേക്ക് ആളെക്കൂട്ടാനോ, വർഗ്ഗീയ കലാപങ്ങളുണ്ടാക്കാനോ, മറ്റുള്ളവരുടെ ആരാധനാലയങ്ങൾ പൊളിക്കാനോ ഒന്നുമല്ല അവർ പ്രവർത്തിച്ചത്. എന്നാൽ ഈ മതത്തിൽ തന്നെയാണ് ബാബരി മസ്ജിദ് തകർത്ത് രാജ്യത്ത് വർഗ്ഗീയ കലാപത്തിന് കാരണമാക്കിയവരും, ഗുജറാത്തിൽ കലാപമുണ്ടാക്കി ആളുകളെ കൊന്നവരും, പൂജാരി വേഷംകെട്ടി ആളുകളെ വഞ്ചിച്ച സന്തോഷ്മാധവന്മാരുമൊക്കെ വിശ്വസിച്ചിരുന്നത്.

ക്രിസ്ത്യൻ മതത്തിലും ഇതുപോലുള്ള കാഴ്ചകൾ നമുക്ക് കാണാം. കുഷ്ഠരോഗികൾക്ക് സാന്ത്വനമേകിയ ഫാദർ ഡാനിയേൽ, നാല്പത്തിയഞ്ച് ലക്ഷം അടിമകൾക്ക് മോചനം നേടാൻ പോരാടിയ എബ്രഹാം

ലിങ്കൻ, അനാഥർക്കും അഗതികൾക്കും ജീവിതത്തിൽ ജ്വലേകാൻ പ്രയത്നിച്ച മദർ തെരേസ എന്നിവരെയും ആ മതത്തിൽ കാണാം. അതേ മതത്തിൽ തന്നെ അക്രമികളെയും കാണാം. സിസ്റ്റർ അഭയയെ കൊന്നവരെയും അതിൽ കാണാം.

ഇതുപോലുള്ള കാഴ്ച മാപ്പിളമാരിലും കാണാം. വാരിയംകുന്നത് ഹാജി, കുഞ്ഞാലി മരക്കാർ, ടിപ്പു സുൽത്താൻ, മൊയ്തുമൗലവി ഇങ്ങനെയുള്ള മഹാന്മാരായ ത്യാഗികളെ നമുക്ക് കാണാം. എന്നാൽ അതേ മാപ്പിളമാരിൽ ചേകനൂർ മൗലവിയെ ചതിയിലൂടെ ഖുർആൻ ക്ലാസ്സിനെന്ന വ്യാജേന കൊണ്ടുപോയി കൊന്ന സഖാഫികളെയും കാണാം. മുംബൈ ഭീകരാക്രമണം നടത്തിയ അജ്മൽ കസബിനെയും കാണാം.

ഇങ്ങനെ എല്ലാ മതങ്ങളിലും ജനങ്ങളുടെ സമാധാനത്തിനും സുരക്ഷക്കുംവേണ്ടി പ്രവർത്തിച്ചവരും സമൂഹത്തിൽ ചിദ്രത ഉണ്ടാക്കാൻ വേണ്ടി പ്രവർത്തിച്ചവരെയും നമുക്ക് കാണാവുന്നതാണ്. ആരെങ്കിലും മുസ്ലിം ആവണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവൻ കുടുംബത്തിന് സമൂഹത്തിനും സമാധാനം ഉണ്ടാക്കുന്ന പ്രവർത്തനം നടത്തുകതന്നെ വേണം. അത്തരം പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഒരാളാണ് മുസ്ലിം ആകുന്നത്. അതെല്ലാതെ പൊന്നാനിയൽ പോയി തൊപ്പിയിട്ട് ചേലാകർമ്മം നടത്തി ശഹാദത്ത് കലിമ ചൊല്ലി അറബി നാമം സ്വീകരിച്ചതുകൊണ്ട് ഒരാൾ മുസ്ലിം ആവുന്നില്ല. ആരാധനയോ ആചാരങ്ങളോ വേഷങ്ങളോ ഒന്നുമല്ല മുസ്ലിമിന്റെ മുഖമുദ്ര. ഏത് മതത്തിൽപ്പെട്ടവനാണെങ്കിലും എല്ലാ മനുഷ്യരും ഒരേ ദൈവത്തിന്റെ സൃഷ്ടികളാണെന്ന് വിശ്വസിച്ചുകൊണ്ട് സമൂഹത്തിന്റെ സുരക്ഷക്കും സമാധാനത്തിനും വേണ്ടി ജീവിക്കുക എന്നതാണ് ഖുർആൻ ഒരു മുസ്ലിമിന്റെ യോഗ്യതയായി പഠിപ്പിക്കുന്നത്.

**നെറ്റിയിൽ കറുത്ത പാട് വരിക എന്നത് സാധാരണ ഭക്തിയുള്ള മുസ്ലിമിന്റെ അടയാളമായി മുസ്ലിംകൾ പരിഗണിക്കാറുണ്ട്. നമ്മുടെ ശരീരത്തിന്റെ ഏതുഭാഗവും ഉറപ്പുള്ള വസ്തുവിൽ വെച്ച് നിരന്തരം ഉരസിയാൽ ഇങ്ങനെയുള്ള അടയാളങ്ങൾ കാണാവുന്നതാണ്.**

നെറ്റിയിൽ കറുത്ത പാട് വരിക എന്നത് സാധാരണ ഭക്തിയുള്ള മുസ്ലിമിന്റെ അടയാളമായി മുസ്ലിംകൾ പരിഗണിക്കാറുണ്ട്. നമ്മുടെ ശരീരത്തിന്റെ ഏതുഭാഗവും ഉറപ്പുള്ള വസ്തുവിൽ വെച്ച് നിരന്തരം ഉരസിയാൽ ഇങ്ങനെയുള്ള അടയാളങ്ങൾ കാണാവുന്നതാണ്. കരാട്ടെ അഭ്യസിക്കുന്നവരുടെയും അഭ്യസിപ്പിക്കുന്നവരുടെയും കൈകളിൽ, തെങ്ങുകയറ്റക്കാരുടെ കാലുകളിൽ, വിറകുകൊത്തുകാരന്റെ കൈവെള്ളയിൽ തുടങ്ങിയവരിലൊക്കെ നമസ്കാരകാരുടെ നെറ്റിയിൽ കാണുന്നതുപോലുള്ള അടയാളങ്ങൾ കാണാം. മുസ്ലിംകളുടെ നെറ്റിയിൽ കാണുന്ന അടയാളം ഒരു യഥാർത്ഥ മുസ്ലിമിന്റെ അടയാളമാണെന്ന് പറയുന്നവർക്ക് തലക്ക് വെളിവില്ലെന്നാണ് സത്യത്തിൽ നാം മനസ്സിലാക്കേണ്ടത്.

---

*(പേജ് 37ൽ നിന്ന്)*

കേന്ദ്രങ്ങളൊക്കെ അടച്ചുപൂട്ടി. പുതിയ കുടുംബനിയമം കൊണ്ടുവന്നു. ബഹുഭാര്യത്വം നിരോധിച്ചു. ജനാധിപത്യ ഭരണരീതി നടപ്പാക്കി. കമാൽപാഷയുടെ മരണത്തിനുശേഷം ആദ്യമായി ജനാധിപത്യരീതിയിലൂടെ ഇസ്ലാമിസ്റ്റുകളാണ് അധികാരത്തിലെത്തിയത്. ഇന്ന് ഉർദുഗാന്റെ നേതൃത്വത്തിലുള്ള സർക്കാർ കമാൽപാഷ കൊണ്ടുവന്ന മതപരിഷ്ക്കരണ നടപടികളെല്ലാം റദ്ദ് ചെയ്തിരിക്കുന്നു.

ജനാധിപത്യത്തിലൂടെ അധികാരത്തിലേറുന്ന മതമൗലികവാദികളും രാജ്യത്തെ മതഭരണത്തിൽ തളച്ചിടാനാണ് ശ്രമിക്കുക. എന്നാൽ ജനാധിപത്യത്തിൽ മാനവികതയും സ്ത്രീ-പുരുഷ സമത്വവും സോഷ്യലിസവുമൊക്കെയാണ് നടപ്പിലാക്കേണ്ടത്. ഇസ്ലാമിന് പൂർണ്ണമായി നിരോധിക്കാൻ കഴിയാതിരുന്ന അടിമവ്യാപാരം, വെപ്പാട്ടി സമ്പ്രദായം, ബഹുഭാര്യത്വം, പുരുഷമേധാവിത്വ നിയമങ്ങൾ, ജിഹാദ് തുടങ്ങിയ നിയമങ്ങളൊക്കെ ശരീഅത്ത് നിയമത്തിൽ ഭേദഗതി വരുത്താതെ തന്നെ ആധുനിക ലോകം തിരസ്കരിക്കുകയുണ്ടായി. സുന്നി നേതാവായ കാന്തപുരം മുസ്ല്യാർ പോലും ഏതാനും ശരീഅത്ത് നിയമങ്ങൾ മനസാ ഭേദഗതി ചെയ്ത കൂട്ടത്തിലാണ്. ബഹുഭാര്യത്വം, പർദ്ദ, സ്വത്തവകാശ നിയമം തുടങ്ങിയവയിലേ അവർക്ക് പിടിവാശിയുള്ളൂ. പെണ്ണും മണ്ണും വിട്ടുകൊടുക്കാൻ പറ്റില്ലല്ലോ. എന്തായാലും സ്ത്രീയേയും പുരുഷനെയും ഒരേ കണ്ണുകൊണ്ടു കാണണമെന്ന് പഠിപ്പിക്കുന്ന ഖുർആനെയാണവർ വികൃതമാക്കുന്നത്. ഇക്കാര്യം എന്നാണാവൊ മുസ്ലിം സ്ത്രീകൾ തിരിച്ചറിയുക.

നമുക്കു ചുറ്റും നമ്മോടൊപ്പം

ഡിസി ബുക്സ്
പച്ചക്കുതിര
2013 സെപ്റ്റംബർ

## മറുവാദം

കെ.ആർ. ഇന്ദിര

# ഖുർആനും ഹദീസുകളും ചേകന്നൂർ മൗലവിയും

**ചേകന്നൂർ സർവമതസത്യവാദം അംഗീകരിച്ചിരുന്നു എന്നതുകൊണ്ട് അദ്ദേഹത്തെ ഒരു കള്ളിയിൽ ഒതുക്കാൻ കഴിയില്ല എന്ന തോന്നലുണ്ടായി ലേഖകന്. ഇതര മതങ്ങളെ സാന്ത്വനിപ്പിക്കാൻവേണ്ടി ഒരുമാതിരിപ്പെട്ടവരൊക്കെ അന്യമതഗ്രന്ഥങ്ങൾ ശ്രേഷ്ഠങ്ങളാണെന്നു പറയാറുണ്ട്. അതു വെറുമൊരു നാട്ടുമര്യാദയാണ്. ചിലർക്ക് അതൊരു തന്ത്രവും. രാഷ്ട്രപതിമുതൽ രാക്കള്ളൻവരെ തരംപോലെ പ്രയോഗിക്കുന്ന ഈ സൗമനസ്യവാക്യത്തെ മുൻനിർത്തി ചേകന്നൂരിനെയോ മറ്റാരെയെങ്കിലുമോ വർഗീകരിക്കേണ്ടതില്ല.**

**ചേകന്നൂർ** മൗലവിയുടെ തിരോധാനവും വധവും നിരുപാധികമായ ആശങ്കയും അന്യായശങ്കയും ജാതിമതഭേദമെന്യേ സാധാരണക്കാരിൽ സൃഷ്ടിച്ചിരുന്നു. അവരുടെ ആശങ്ക, അഭിപ്രായസ്വാതന്ത്ര്യം ഹനിക്കുന്നതിനെക്കുറിച്ചും ഒരു മനുഷ്യനെ ഭൂമിയിൽ നിന്നു തുടച്ചുമാറ്റിയതിനെക്കുറിച്ചുമായിരുന്നു; ചേകന്നൂരിന്റെ അഭിപ്രായങ്ങളെയോ തർക്കങ്ങളെയോ ആസ്പദിച്ചിട്ടുള്ളതായിരുന്നില്ല.

ആ നിലയ്ക്ക് ചേകന്നൂരിന്റെ അഭിപ്രായങ്ങളെക്കുറിച്ച് ഡോ. പി.എ. അബൂബക്കർ പച്ചക്കുതിരയിൽ എഴുതിയത് നന്നായി (ആഗസ്റ്റ് 2013). ഏറെക്കുറെ ഋജുവായ ഈ ലേഖനം വളരെയേറെ അഭിപ്രായഭിന്നത സൃഷ്ടിക്കുന്നുണ്ട്. തന്റേത് ഒരു വസ്തുനിഷ്ഠ വിശകലനമായതുകൊണ്ട് ചേകന്നൂരിന്റെ അനുയായികൾക്കോ ശത്രുക്കൾക്കോ പൂർണമായും സ്വീകാര്യമാവണമെന്നില്ല അത് എന്ന് ലേഖകൻ പറയുന്നു. നിഷ്പക്ഷമതികൾക്കും സ്വീകാര്യമാവണമെന്നില്ല എന്നു ചേർത്തുപറയേണ്ടതുണ്ട് എന്നതാണ് വാസ്തവം.

ഇസ്ലാം എന്ന ജീവിതപദ്ധതി അഥവാ ലോകവീക്ഷണം കഴിഞ്ഞ പതിനാലു നൂറ്റാണ്ടായി ആഗോളതലത്തിൽ ദാർശനികമഹത്വം നല്കിക്കൊണ്ടിരിക്കുന്ന സംഭാവനകളിൽ ചേകന്നൂരിന്റെ വീക്ഷണങ്ങൾ എവിടെ നില്ക്കുന്നു എന്നതാണ് ലേഖകന്റെ പ്രധാന പരാമർശ വിഷയം. ഇസ്ലാം എന്നത് ജീവിതപദ്ധതിയാണോ അതു ലോകവീക്ഷണം ആണോ അത് ദാർശനികമഹത്വം സംഭാവന നല്കിയിട്ടുണ്ടോ എന്നീ മൂന്നു ചോദ്യങ്ങൾ ഈ വായനക്കാരിയുടെ നെറ്റിയിൽ മൂന്നു ചുളിവുകൾ വീഴ്ത്തുന്നു. മൂന്നു ചോദ്യങ്ങളോടും പ്രതികരിക്കാൻ നിരവധി കാര്യങ്ങളും കാരണങ്ങളും ഉണ്ട്. പക്ഷേ, അതിനേക്കാൾ പ്രധാനം ലേഖനത്തിലെ ഇതരവിഷയങ്ങളായതുകൊണ്ട് അതിൽ ശ്രദ്ധയൂന്നുന്നു.

ചേകന്നൂരിന്റെ ആശയങ്ങളിലെ പുരോഗമനപരതയ്ക്കു തെളിവായി സക്കാത്തിനു നല്കിയ പ്രാധാന്യമാണ് ലേഖകൻ ചൂണ്ടിക്കാണിക്കുന്നത്. സക്കാത്ത് പ്രബലമായി നില്ക്കേണ്ട സാമൂഹ്യവ്യവസ്ഥിതി ഏതാണ്? ദരിദ്രർ ഉള്ളത്, ദാരിദ്ര്യം സ്ഥായിയായത്. അത് ക്ഷേമരാഷ്ട്രത്തിനു നിരക്കുന്നില്ല. ഇരുപതും മുപ്പതും ശതമാനം ആദായനികുതി പിരിച്ചെടുത്ത് അതുപയോഗിച്ച് ക്ഷേമപ്രവർത്തനം നടത്തുന്ന ഭരണകൂടത്തിനുമുന്നിൽ സക്കാത്തിനെന്തു പ്രസക്തി?

സക്കാത്ത് കർശനമായും പാലിക്കണം എന്ന ചേകന്നൂരിന്റെ ഊന്നൽ വിമോചന ദൈവശാസ്ത്രവാദികൾ ചെയ്യുന്നതുപോലെ സാമൂഹ്യപുരോഗതിയും കീഴാളവിഭാഗങ്ങളുടെ ഉന്നമനവും ലക്ഷ്യംവെച്ചുകൊണ്ട് മതകല്പനകളെ പുനർവ്യാഖ്യാനിക്കലായിരുന്നില്ല എന്നു പ്രഖ്യാപിക്കുന്ന ലേഖകൻ, മറിച്ച് ചേകന്നൂർ ചെയ്തത് എന്താണ് എന്നു ലേഖനത്തിലൊരിടത്തും വ്യക്തമാക്കുന്നില്ല. ബന്ധിതരുടെ മോചനമാവണമല്ലോ വിമോചന ദൈവശാസ്ത്രക്കാർ പ്രസംഗിച്ചത് (ബന്ധനം ദാരിദ്ര്യത്തിന്റേതാകാം, വിദ്യാശൂന്യതയുടേതാകാം, സാമൂഹ്യ സ്വാതന്ത്ര്യരാഹിത്യത്തിന്റേതാകാം). ചേകന്നൂർ ചെയ്തതും അതുതന്നെ എന്ന് ലേഖകന്റെ മുൻവാക്കുകളിൽനിന്നു വ്യക്തമാകുന്നു. പക്ഷേ, അതല്ല ചേകന്നൂർ ചെയ്തത് എന്നു നിഷേധിച്ചുകൊണ്ട്, പിന്നെ എന്താണ് ചെയ്തത് എന്നു വ്യക്തമാക്കാതെ ലേഖകൻ വഴിമാറ്റിച്ചുവിടുന്നു.

'സാധാരണ രീതിയിലുള്ള വർഗീകരണങ്ങളിലൊന്നും ഒതുങ്ങുന്നതല്ല ചേകന്നൂർ ഉയർത്തിയ ആശയങ്ങൾ', ലേഖകൻ പറയുന്നു. ഖുർആനിനെ മാത്രമേ അംഗീകരിക്കാവൂ; ഹദീസുകളെ അംഗീകരിക്കാനാവില്ല എന്നായിരുന്നുവല്ലോ ചേകന്നൂരിന്റെ നിലപാട്. വർഗീകരണം വളരെ ലളിതം എന്ന് ഇതിൽനിന്നു വ്യക്തമാകുന്നു. മുഹമ്മദിലൂടെ ഇസ്ലാമിലേക്കുവന്ന അല്ലാഹുവിന്റെ വചനങ്ങൾ മാത്രമേ ചേകന്നൂർ അംഗീകരിക്കുന്നുള്ളൂ എന്ന ലളിതമായ സത്യത്തെച്ചൊല്ലിയാണോ ദീർഘവും കലുഷവുമായ തർക്കവിതർക്കങ്ങളും ഹത്യയും നടന്നത്!

ചേകന്നൂർ പക്ഷേ, സർവമതസത്യവാദം അംഗീകരിച്ചിരുന്നു എന്നതുകൊണ്ട് അദ്ദേഹത്തെ ഒരു കള്ളിയിൽ ഒതുക്കാൻ കഴിയില്ല എന്ന തോന്നലുണ്ടായി ലേഖകന്. ഇതര മതങ്ങളെ സാന്ത്വനിപ്പിക്കാൻവേണ്ടി ഒരുമാതിരിപ്പെട്ടവരൊക്കെ അന്യമതഗ്രന്ഥങ്ങൾ ശ്രേഷ്ഠങ്ങളാണെന്നു പറയാറുണ്ട്. അതു വെറുമൊരു നാട്ടുമര്യാദയാണ്. ചിലർക്ക് അതൊരു തന്ത്രവും. രാഷ്ട്രപതിമുതൽ രാക്കള്ളൻവരെ തരംപോലെ പ്രയോഗിക്കുന്ന ഈ സൗമനസ്യവാക്യത്തെ മുൻനിർത്തി ചേകന്നൂരിനെയോ മറ്റാരെയെങ്കിലുമോ വർഗീകരിക്കേണ്ടതില്ല.

ചേകന്നൂരിന്റെ വാദങ്ങളും നിലപാടുകളും കർശനമായിരുന്നുവെങ്കിലും പ്രായോഗികതലത്തിൽ അദ്ദേഹം പുരോഗമന സ്വഭാവിയായിരുന്നു എന്നും അങ്ങനെ ആവാനുള്ള കാരണം ചേകന്നൂർ ആശ്രയിച്ച ഒരേയൊരു ഗ്രന്ഥമായ ഖുർആൻ സ്വയമേവ പുരോഗമനാത്മകമായിരുന്നു എന്നതാണ് എന്നും സമർത്ഥിക്കാൻ ശ്രമിക്കുന്നു ലേഖകൻ. ഖുർആൻ

56 പച്ചക്കുതിര | സെപ്റ്റംബർ | 2013

NB: കഴിഞ്ഞലക്കം പച്ചക്കുതിരയിൽ വന്ന ചേകനൂർ മൗലവിയുടെ നവോത്ഥാന പ്രവർത്തനങ്ങളെ കുറച്ചുകാണിച്ചു കൊണ്ടുള്ള ലേഖനത്തിന് സാംസ്കാരിക കേരളത്തിൽനിന്ന് വന്ന പ്രതികരണങ്ങളിൽ ഒന്നാണ് കെ.ആർ. ഇന്ദിരയുടെ ഈ മറുപടി. എം.എസ്. റഷീദ് എഴുതിയ മൗലവി ചേകനൂർ വംശവെറിയനൊ എന്ന ലേഖനവും ഈ ലക്കം പച്ചക്കുതിര പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലേഖനങ്ങൾ വായിക്കുവാൻ പച്ചക്കുതിര സെപ്തംബർ ലക്കം കാണുക.

# ഇബ്രാഹിം മില്ലത്ത്
# മൃഗബലിയോ?

**ബഷീർ താനാളൂർ**

ധീരതയുടെ പര്യായമായിട്ടാണ് ഖുർആൻ ഇബ്രാഹിം നബിയെ വിശേഷിപ്പിക്കുന്നത്. തനിക്ക് നൽകപ്പെട്ട ദിവ്യസന്ദേശങ്ങളിലധിഷ്ഠിതമായ ഒരു സമൂഹത്തെ കെട്ടിപ്പടുക്കുന്നതിൽ അദ്ദേഹം വിജയിച്ചു. ദൈവം നല്കിയ നിർദ്ദേശങ്ങൾ യഥാവിധി പാലിക്കാൻ അദ്ദേഹത്തിന് സാധിച്ചു. ബഹുദൈവ ആരാധനകളിൽ നിന്നും മുക്തമായ ദൈവവിശ്വാസത്തിൽ നിലകൊള്ളുന്ന ദൈവിക വ്യവസ്ഥിതി പടുത്തുയർത്തി. ദൈവവിശ്വാസത്തിൽ അടിയുറച്ച നെടുംതൂണുകൾ ദൈവിക വ്യവസ്ഥിതിയിൽ നിന്നും തന്റെ പ്രബോധന കാലഘട്ടത്തിൽ അദ്ദേഹം സമൂഹത്തിൽ ഉയർത്തി. സുദൃഢവുമായ ഇസ്‌ലാം എന്ന വ്യവസ്ഥിതി മനുഷ്യർക്കുള്ള സന്മാർഗവും സങ്കേതവും അഭയസ്ഥാനവുമായി അദ്ദേഹം അവതരിപ്പിച്ചു. ബഹുദൈവ ആരാധനയുടെയും പൗരോഹിത്യത്തിന്റെയും കലർപ്പില്ലാതെ ശുദ്ധമാക്കി വെക്കാൻ ശ്രമിച്ചു. അതായിരുന്നു ഇബ്രാഹിം മില്ലത്ത്. വിശ്വാസികൾ അത് പിന്തുടരേണ്ടതാണ്. ഇസ്‌ലാമിക ചരിത്രത്തിൽ ഇബ്രാഹിം നബിയുടെ ഇത്തരം ധീരമായ ആദർശ നിലപാടുകൾ നിർണായകമാണ്. ആ നിലപാടുകൾ മുസ്‌ലിംകൾ തങ്ങളുടെ നിലപാടുകളാക്കി സ്വീകരിക്കുക തന്നെ വേണം.



തന്നെപ്പോലെ മകന്റെ ജീവിതവും ദൈവിക മാർഗ്ഗത്തിൽ സമർപ്പിക്കപ്പെടണമെന്നത് അദ്ദേഹത്തിന്റെ സ്വപ്നമായിരുന്നു. തന്റെ കൂടെ പ്രയത്നിക്കാൻ പ്രാപ്തനായപ്പോൾ അദ്ദേഹം മകനോട് ഇംഗിതം അറിയിക്കുകയും അവന്റെ ജീവിതവും ഇസ്‌ലാമിന് സമർപ്പിക്കുവാൻ സന്നദ്ധമാവുകയും ചെയ്തു. സ്വന്തം കുടുംബത്തെ ദൈവിക വ്യവസ്ഥിതിയിൽ ഉൾപ്പെടുത്തണമെന്ന സ്വപ്നവും അദ്ദേഹത്തിന് സഫലമായി. അദ്ദേഹത്തിന്റെ പ്രബോധനകാലത്ത് ഉയർത്തിയ ദൈവിക വ്യവസ്ഥിതിയിലേക്ക് ജനങ്ങൾക്ക് അറിയിപ്പ് നല്കിയാൽ ദൈവിക വ്യവസ്ഥിതിയുടെ ചുറ്റും അണിനിരക്കാൻ ഉറച്ച മനസ്സോടെ പ്രയാസങ്ങൾ സഹിച്ചുപോലും ജനങ്ങൾ എത്തിച്ചേരുമെന്ന് ദൈവം അദ്ദേഹത്തെ അറിയിച്ചു.

മകന്റെ ജീവിതം ഇസ്‌ലാമിക പ്രവർത്തനങ്ങൾക്ക് സമർപ്പിക്കണമെന്നും, ദൈവവിശ്വാസത്തിലധിഷ്ഠിതമായ ഒരു സമൂഹത്തെ കെട്ടിപ്പടുക്കണമെന്നും, സ്വന്തം കുടുംബത്തെ ഈ ആശയത്തിനരികത്ത് നിലനിർത്തണമെന്നും, ബഹുദൈവവിശ്വാസത്തിൽ നിന്നും ഇസ്‌ലാമിനെ ശുദ്ധമാക്കിവെക്കണമെന്നും ഇബ്രാഹിമിനുള്ള ദൈവികനിർദ്ദേശങ്ങളായിരുന്നു. അതദ്ദേഹം ഭംഗിയായി നിർവ്വഹിക്കുകയും ചെയ്തു.

വിശുദ്ധ ഖുർആൻ 7/157, 22/27, 22/26, 2/127, 14/35, 3/96, 2/130, 2/124 എന്നീ സൂക്തങ്ങളിൽ പ്രതിപാദിക്കപ്പെട്ട വിഷയങ്ങളുടെ ആകെത്തുകയാണ്

**നൂഹ് നബിയുടെ കാലം തൊട്ട് മനുഷ്യസമൂഹത്തിനായി നിർദേശിക്കപ്പെട്ട ദൈവീകവ്യവസ്ഥിതി (71/28) ഇസ്‌ലാം ആണെന്ന ആഹ്വാനത്തെ മക്കയിലെ ഒരു കെട്ടിടമാക്കി ചിത്രീകരിച്ചതുവഴി അറബികളുടെ ആറാം നൂറ്റാണ്ടിലെ എല്ലാ ആചാരങ്ങളും അന്ധവിശ്വാസങ്ങളും മുസ്‌ലിംകളുടെ തലയിൽ കെട്ടിവെക്കപ്പെട്ടു.**

മുകളിൽ പരാമർശിച്ചത്. ഖുർആനിക സത്യങ്ങൾ ഇതായിരിക്കെ മുസ്‌ലിംലോകം ഒന്നടങ്കം വെച്ചു പുൽത്തുന്നതും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നതുമായ കഥകൾ ഇതിൽ നിന്നെല്ലാം വ്യത്യസ്തങ്ങളാണ്.

സൂറത്ത് യാസീൻ 6, സബഅ് 44, സജദ 3 തുടങ്ങിയ സൂക്തങ്ങളിൽ വ്യക്തമാക്കുന്ന വസ്തതകൾക്ക് കടകവിരുദ്ധമായി ഇബ്രാഹിംനബി മക്കയിൽ വന്നിട്ടുണ്ടെന്നാണ് പ്രചരിപ്പിക്കപ്പെട്ടത്. അതുവഴി ആറാം നൂറ്റാണ്ടിലെ സകല വിശ്വാസങ്ങളും ആചാരങ്ങളും കെട്ടുകഥകളും ഖുർആനിക സൂക്തങ്ങളുടെ വ്യാഖ്യാനമായും പരിഗണിക്കപ്പെട്ടു. അതിനുവേണ്ടി ഹദീസുകൾ ഉണ്ടാക്കുകയും പ്രാചീന അറബികളുടെ മുഴുവൻ ആചാരങ്ങളും ഇസ്‌ലാമിന്റെ ഭാഗമായും ഖുർആന്റെ വ്യാഖ്യാനമായും കരുതപ്പെട്ടു. ഇത് വരുത്തിവെച്ച അപകടങ്ങൾ ചെറുതൊന്നുമല്ല. ഇബ്രാഹിം നബിയുടെ ധീരമായ ആദർശനിലപാടുകൾ നിങ്ങളുടെ കർത്തവ്യ നിർവ്വഹണമായി സ്വീകരിക്കണമെന്ന ആഹ്വാനം കേവലം 27 സെ.മീറ്റർ നീളവും 25 സെ.മീറ്റർ വീതിയുമുള്ള രണ്ട് കാൽപാദങ്ങൾ പൂജിക്കുന്ന പാദപൂജയിൽ എത്തി. പ്രബോധന പ്രവർത്തനത്തിൽ മകന്റെ പ്രയത്നം കൂടി സമർപ്പിക്കണമെന്ന അദ്ദേഹത്തിന്റെ ആഗ്രഹം മകനുമായി പങ്കുവെച്ചതിന്റെ ചിത്രീകരണ (37/102) ത്തെ കന്നുകാലികളെ കൊന്നൊടുക്കുന്നതിലും കലാശിച്ചു.

നൂഹ് നബിയുടെ കാലം തൊട്ട് മനുഷ്യസമൂഹത്തിനായി നിർദേശിക്കപ്പെട്ട ദൈവീകവ്യവസ്ഥിതി (71/28) ഇസ്‌ലാം ആണെന്ന ആഹ്വാനത്തെ മക്കയിലെ ഒരു കെട്ടിടമാക്കി ചിത്രീകരിച്ചതുവഴി അറബികളുടെ ആറാം നൂറ്റാണ്ടിലെ എല്ലാ ആചാരങ്ങളും അന്ധവിശ്വാസങ്ങളും മുസ്‌ലിംകളുടെ തലയിൽ കെട്ടിവെക്കപ്പെട്ടു. ഇങ്ങനെ ഖുർആനിക ആശയങ്ങളെ തകിടംമറിച്ചതുവഴി മുസ്‌ലിംകൾ ഖുർആൻ അവതരണത്തിന് മുമ്പുള്ള ആചാരങ്ങളും വിശ്വാസങ്ങളുമാണ് ഇസ്‌ലാം എന്ന പേരിൽ ഇപ്പോഴും നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. ജൂതമതത്തിൽ നിന്നും കടമെടുത്ത ആറാം നൂറ്റാണ്ടിലെ ആചാരാനുഷ്ഠാനങ്ങൾ അങ്ങനെ മുസ്‌ലിംകളുടെ കർമ്മാനുഷ്ഠാനങ്ങളായി മാറി. ജൂതർക്കെതിരാവണം എന്ന ഒരു ധ്വനിയിലൂടെ പലതും ജൂതരിൽനിന്ന് വ്യത്യസ്തമാക്കി കൊണ്ടുതന്നെ തുടർന്നു. മുഹറം പത്തിലെ ആശുറാഅ് നോമ്പ്, താടിവളർത്തൽ, ഖിബ്‌ല മാറ്റം, ഹജ്ജിന്റെയും ഉംറയുടെയും വേഷങ്ങൾ കറുത്തശില ചുംബിക്കൽ, രണ്ട് വിഗ്രങ്ങളുടെ പ്രതിഷ്ഠാസ്ഥലങ്ങളായ സഫാ, മർവ്വാ മലകൾക്കിടയിലെ ഓട്ടം, ശരണംവിളിയുടെ ശൈലി, മൃഗങ്ങളെ ബലി അറുക്കൽ, മാംസം ഭക്ഷിക്കൽ, പുരാതന ദേവാലയത്തെ പ്രദക്ഷിണം ചെയ്യൽ, ഇതെല്ലാം മുഹമ്മദ് നബി വരുന്നതിന് മുന് നിലനിന്നിരുന്നതും ഇന്നും മുസ്‌ലിംകൾ തുടരുന്നതുമായ ആചാരങ്ങളാണ്.

ശവമടക്കും അംഗസ്നാനവുമായി ബന്ധപ്പെട്ട കാര്യങ്ങളധികവും ജൂതമതത്തിൽ നിന്നു കടന്നുവന്നത് തന്നെയാണ്. ശവമടക്ക് കഴിഞ്ഞാൽ ശരീരം ശുദ്ധിവരുത്തൽ, അംഗസ്നാനത്തിന്റെ ഭാഗമായി വായ വൃത്തിയാക്കൽ, മൂക്കിൻദ്വാരം കഴുകൽ, തലമുടി വെള്ളംകൊണ്ട് തടവൽ, ഹജ്ജ് വേളയിൽ മുടിമുറിക്കൽ, സുന്നത്ത് കഴിക്കൽ, കട്ടവന്റെ കൈ വെട്ടൽ തുടങ്ങിയവയെല്ലാം ജൂതമതത്തിൽ നിന്നു അറബികളിൽ വന്നുചേർന്നതാണ്. യഥാർത്ഥത്തിൽ ഇവയൊന്നും ഖുർആനിക നിർദേശങ്ങളല്ല. ഇസ്‌ലാമിലില്ലാത്ത ജാഹിലിയ്യ കാലത്തെ ആചാരാനുഷ്ഠാനങ്ങളെ പുനസ്ഥാപിക്കാനല്ല, പകരം യഥാർത്ഥ ദൈവവിശ്വാസം പ്രചരിപ്പിക്കാനാണ് ഖുർആൻ അവതരിച്ചത്. മുഹമ്മദ് നബി ശ്രമിച്ചതും അതിനുവേണ്ടി മാത്രമാണ്. പക്ഷെ നബിക്ക് ശേഷം അദ്ദേഹത്തിന്റെ പേരിൽ കെട്ടിച്ചമച്ച ഹദീസുകളിലൂടെ ആറാം നൂറ്റാണ്ടിലെ എല്ലാ ആചാരങ്ങളും വിശ്വാസങ്ങളും തിരിച്ചുകൊണ്ടുവന്നു. തന്മൂലം യഥാർത്ഥ ഇസ്‌ലാം തകരുകയും അറേബ്യൻ സംസ്കാരം നിലനിർത്തുകയും ചെയ്തു. ഹദീസുകളും ഹദീസുകൾക്കനുസൃതമായി രൂപപ്പെടുത്തിയ ഖുർആൻ വ്യാഖ്യാനങ്ങളും നിലനില്ക്കുന്ന കാലത്തോളം ഈ അട്ടിമറി ഇവിടെ തുടരുക തന്നെ ചെയ്യും. ഖുർആന്റെ ആധുനിക വായനയിലൂടെ ഇസ്‌ലാമിക നവോത്ഥാനം സാധ്യമാവും വരെ ഈ ദുരവസ്ഥയിൽനിന്ന് മോചനം പ്രതീക്ഷിക്കേണ്ട.

# സ്വലാത്തിനെ പരിഹസിക്കുന്നവർ

**ഹുസൈൻ തിരൂർ**

നിലവിലുള്ള ആചാരനമസ്കാരമാണ് സ്വലാത്ത് എന്ന ഖുർആനിക പദംകൊണ്ട് ഉദ്ദേശിക്കുന്നതെന്നും, ആചാരനമസ്കാരമല്ല സ്വലാത്ത്കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് പറയുന്ന ഖുർആൻ വിശ്വാസികൾ ആചാരനമസ്കാരത്തെ തള്ളിക്കളയുന്നവരുമാണെന്നുമാണ് ചിലർ പറയുന്നത്. ഇതിന്റെ യാഥാർത്ഥ്യം പരിശോധിക്കേണ്ടതുണ്ട്.

അൽമാഇദ അമ്പത്തി ആറാം വചനത്തിൽ വിശ്വാസികളുടെ രക്ഷാകർത്താക്കൾ അല്ലാഹുവും അവന്റെ ദൂതനും മറ്റുവിശ്വാസികളുമാണെന്ന് വ്യക്തമാക്കിയ ശേഷം തുടർന്ന് അല്ലാഹു പറയുന്നു :-

وَمَن يَتَوَلَّ ٱللَّهَ وَرَسُولَهُۥ وَٱلَّذِينَ ءَامَنُوا۟ فَإِنَّ حِزْبَ ٱللَّهِ هُمُ ٱلْغَٰلِبُونَ ﴿٥٦﴾

“വമൻ യതവല്ലല്ലാഹ വറസൂലഹു വല്ലദീന ആമനൂ ഫഇന്ന ഹിസ്ബല്ലാഹി ഹുമുൽ ഗാലിബൂൻ"

“ ആരെങ്കിലും അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും വിശ്വാസികളുടെയും സുഹൃത്താവുകയാണെങ്കിൽ തീർച്ചയായും അല്ലാഹുവിന്റെ കക്ഷിക്കാണ് മേധാവിത്വം "

ഈ വചനത്തിൽ വിവരിക്കുന്നത് ആരൊക്കെയാണോ അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും വിശ്വാസികളുടെയും സുഹൃത്തുക്കളാകുന്നത് അവരെ തന്നെയാണ് അല്ലാഹുവിന്റെ പാർട്ടി എന്നു വിളിക്കുന്നത് എന്നാണ്. ആരുമായിട്ടാണ് ആശയസൗഹൃദം നിരോധിച്ചതെന്നും അതിന്റെ കാരണമെന്തെന്നും അറിയാൻ അടുത്ത വചനം കാണുക :-

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَتَّخِذُوا۟ ٱلَّذِينَ ٱتَّخَذُوا۟ دِينَكُمْ هُزُوًا وَلَعِبًا مِّنَ ٱلَّذِينَ
أُوتُوا۟ ٱلْكِتَٰبَ مِن قَبْلِكُمْ وَٱلْكُفَّارَ أَوْلِيَآءَ ۚ وَٱتَّقُوا۟ ٱللَّهَ إِن كُنتُم مُّؤْمِنِينَ ﴿٥٧﴾

“ യാഅയ്യുഹല്ലദീന ആമനൂ ലാ തത്തഖിദുല്ലദീന ദീനകും ഹുസുവൻ വലഇബൻ മിനല്ലദീന ഊതുൽകിതാബ മിൻഖബ്ലികും വൽകഫ്ഫാറ ഔലിയാഅ വത്തഖുല്ലാഹ ഇൻകുൻതും മുഅ്മിനീൻ"

“ ഓ മുഅ്മിനുകളെ, നിങ്ങൾ വേദം നൽകപ്പെട്ടവരെയും അവിശ്വാസികളെയും സുഹൃത്തുക്കളാക്കരുത്. അവർ നിങ്ങളുടെ തത്വശാസ്ത്രത്തെ തമാശയായും നേരംപോക്കായിട്ടുമാണ് എടുത്തിട്ടുള്ളത്. നിങ്ങൾ മുഅ്മിനുകളാണെങ്കിൽ അല്ലാഹുവിന്റെ കൽപനകളെക്കുറിച്ച് അതീവ ജാഗ്രതയും മുൻകരുതലുമെടുക്കുക "(5:57)

നിങ്ങളുടെ തത്വശാസ്ത്രത്തെ ഒരു നേരംപോക്കായും തമാശയായും കണക്കാക്കുന്ന വേദം നൽകപ്പെട്ടവരുമായി നിങ്ങൾ സൗഹാർദ്ദത്തിലേർപ്പെടരുതെന്നു ഈ വചനത്തിൽ പറയുന്നു. അടുത്ത വചനത്തിൽ എന്തിനെയാണ് അവർ നേരംപോക്കും തമാശയുമാക്കുന്നത് എന്ന് അല്ലാഹു പറയുന്നു.;-

وَإِذَا نَادَيْتُمْ إِلَى ٱلصَّلَوٰةِ ٱتَّخَذُوهَا هُزُوًا وَلَعِبًا ۚ ذَٰلِكَ بِأَنَّهُمْ قَوْمٌ لَّا
يَعْقِلُونَ ﴿٥٨﴾

“ വഇദാ നാദയ്തും ഇലസ്സ്വലാത്തി ഇത്തഖദൂഹാ ഹുസുവൻ വലഇ ബൻ ദാലിക ബിഅന്നഹും ഖൗമുൻ ലാ യഅ്ഖിലൂൻ"

“ നിങ്ങൾ അവരെ ദൈവീക വിധിവിലക്കുകളെ പിന്തുടരാൻ വിളിച്ചാൽ അവരത് തമാശയായി എടുക്കും. കാരണം അവർ അവരുടെ ബുദ്ധി ഉപയോഗിക്കുന്നവരല്ല (5:58)

ഇതിപ്പോൾ സുവ്യക്തമാണ്. അതായത് വേദക്കാരും നിഷേധികളും മുഅ്മിനുകളുടെ ആശയത്തെ നേരംപോക്കായേ കാണുകയുള്ളൂ. അതിലേക്കു അവരെ ക്ഷണിച്ചാൽ പരിഹസിക്കുകയും പുച്ഛിക്കുകയും ചെയ്യും. അമ്പത്തിയേഴാം വചനത്തിൽ ദീൻ എന്നു പറഞ്ഞതിനെ തന്നെയാണ് തുടർന്നു വരുന്ന വചനത്തിലെ

അസ്സ്വലാ എന്നു പറഞ്ഞിരിക്കുന്നത്.

ഇവിടെ പ്രത്യേകം എടുത്തു പറയേണ്ട ഒരു കാര്യമുണ്ട്. ഈ വചനത്തിന്റെ അർത്ഥം തെറ്റായി വ്യാഖ്യാനിച്ചതിന്റെ ഫലമായി വേദക്കാരെ മുഴുവൻ ശത്രുക്കളായി കാണുന്നു എന്നു തെറ്റായി വിശദീകരിക്കപ്പെട്ടിരിക്കുന്നു. ഈ വചനത്തിൽ പരാമർശിക്കുന്നത് വേദക്കാരെ മുഴുവനായിട്ടല്ല. അവരിൽ ചിലരെ മാത്രമാണ് പരാമർശിക്കുന്നത്. ഇവിടെ മിനല്ലദീന ഊതുൽ കിതാബ എന്നതിലെ മിൻ എന്ന പ്രയോഗത്തിൽ നിന്നു തന്നെ അത് വ്യക്തമാണ്. അവരിലെ ചിലരെ സൗഹൃദത്തിനു കൊള്ളില്ല എന്നു പറയാൻ കാരണം ഈ പ്രത്യശാസ്ത്രം (ദീൻ) അവരുടെ താല്പര്യങ്ങൾക്കു എതിരായി എന്നതു കൊണ്ടാണ് ഈ ദീനിനെ അവർ പരിഹസിക്കുന്നത്. അതുകൊണ്ടാണ് അവരെ സുഹൃത്തുക്കളാക്കുന്നതിനെ വിലക്കുന്നത്. സ്വലാത്തിനെ അതായത് ദീനിനെ കളിയാക്കുന്നതു കൊണ്ടാണ് അങ്ങനെ നിരോധിച്ചിട്ടുള്ളത്. ഇവിടെ സ്വലാത്ത് എന്നതിന് നമസ്കാരം എന്ന് അർത്ഥം കൽപിച്ചാൽ വേദം നൽകപ്പെട്ടവരേയും അവിശ്വാസികളേയും എങ്ങനെയാണ് നമസ്കരിക്കാൻ ക്ഷണിക്കുക? അതേ സമയം സ്വലാത്ത് എന്നതിനെ ദീൻ അഥവാ അല്ലാഹുവിന്റെ വിധിവിലക്കുകൾ എന്ന അർത്ഥത്തിലെടുത്താലേ മേൽ പറഞ്ഞ കാര്യം യോജിക്കുകയുള്ളൂ.

വേദത്തെ നിഷേധിക്കുന്നവരെ ആദ്യം തന്നെ ആചാരനമസ്കാരത്തിനാണോ വിളിക്കുക അതല്ല സമാധാനത്തിന്റെ സന്ദേശമായ ദൈവീക വിലക്കുകകളെ പിൻതുടർന്നു ജീവിക്കാനാണോ വിളിക്കുക എന്നു ചിന്തിക്കുക. സാമ്പ്രദായിക മതക്കാരിൽ ആദ്യം ശഹാദത്ത് ചൊല്ലി സുന്നത്തു കല്യാണം കഴിച്ച് നമസ്കാരരൂപവും ഖുർആൻ ഓതാനും അത്തഹിയ്യാത്തുമെല്ലാം പഠിപ്പിച്ചിട്ടല്ലേ ആചാരനമസ്കാരത്തിനു വിളിക്കുക. അപ്പോൾ ഇവിടുത്തെ സ്വലാത്തിനു വിളിക്കൽ ദൈവത്തിന്റെ ദീനിനെ പിന്തുടരാനുള്ള വിളിയാണ്.അതിനെ അവർ പരിഹസിക്കുകയും തമാശയായി എടുക്കുകയും ചെയ്യുന്നു.

മതഭീകരതാ വിരുദ്ധ വാരാചരണ വാർത്തകൾ

# ചേകനൂർ– അഭയ:
# അന്വേഷണം എങ്ങുമെത്താത്ത രണ്ട് കേസുകൾ:
# സ്വാമി വിശ്വഭദ്രാനന്ദ ശക്തിബോധി

ചേകനൂർ മൗലവിയുടെ കേസും സിസ്റ്റർ അഭയയുടെ കേസും അന്വേഷണ ഏജൻസികളെ സ്വാധീനിച്ച് ലക്ഷ്യത്തിലെത്താത്ത രണ്ട് കേസുകളാണെന്ന് സ്വാമി വിശ്വഭദ്രാനന്ദ ശക്തിബോധി അഭിപ്രായപ്പെട്ടു. ഖുർആൻ സുന്നത്ത് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ മാറിനിന്ന് വീക്ഷിച്ചിട്ടുണ്ട്. ഖുർആൻ പഠിക്കാൻ ശ്രമിച്ചിട്ടുണ്ട്. കുംഭമേളയിൽ പങ്കെടുത്തപ്പോൾ ലഭിച്ച നോട്ടീസാണ് ഖുർആൻ പഠിക്കുവാൻ പ്രേരിപ്പിച്ചത്. പരമതസ്ഥരെ വാളിനിരയാക്കുന്നവർക്ക് സ്വർഗ്ഗത്തിൽ ഉന്നത സ്ഥാനം വാഗ്ദാനം ചെയ്യുന്ന വിദ്വേഷത്തിന്റെ വേദപുസ്തകമാണ് ഖുർആൻ എന്നായിരുന്നു നോട്ടീസ്. ഖുർആൻ പരിഭാഷകൾ ശേഖരിച്ച് പരിശോധിച്ചപ്പോൾ ജിഹാദിനേക്കാൾ 'സൂക്ഷ്മത പാലിക്കുക' എന്ന ആഹ്വാനമാണ് ഖുർആനിൽ കാണാൻ സാധിച്ചത്. സൂക്ഷ്മത ഇല്ലെങ്കിൽ ജീവിതം താളംതെറ്റും. ഇത് എല്ലാ വേദങ്ങളുടെയും പ്രബോധനമാണ്. ഖുർആൻ ആഴത്തിൽ പഠിച്ചപ്പോൾ മുഹമ്മദ് നബിയുടെ ഇസ്‌ലാമും മുല്ലാമതവും തമ്മിൽ വലിയ അന്തരമുണ്ടെന്ന് മനസ്സിലായി. ദൈവത്തിന് മനസ്സിലാവുന്ന ഭാഷ സംസ്കൃതമാണെന്ന് ഹിന്ദുക്കളും അറബി മാത്രമേ മനസ്സിലാവൂ എന്ന് മുസ്‌ലിംകളും പറയുന്നു. ദൈവത്തിന് എല്ലാ ഭാഷയും അറിയാം, മനസ്സിലുള്ളത് വ്യക്തമായി അറിയുന്നവനാണ് ദൈവം. ഇബ്‌ലീസ് ദൈവത്തിന് വഴങ്ങാത്തവനല്ല. മനുഷ്യനെ വണങ്ങാത്തവനാണ്. മനുഷ്യനായ ആദമിനെ വണങ്ങാത്തതുകൊണ്ടല്ലേ ഇബ്‌ലീസ് ധിക്കാരിയായി മാറിയത്? അദ്ദേഹം തുടർന്നുപറഞ്ഞു.

## മതഭീകരതാ വിരുദ്ധ വാരാചരണ വാർത്തകൾ



ചേകന്നൂർ മൗലവിയുടെ തിരോധാനം എൻ.ഐ.എ

അന്വേഷിപ്പിക്കാൻ ശ്രമിക്കും: ഡോ. സുബ്രഹ്മണ്യസ്വാമി

ചേകന്നൂർ കേസ്: എൻ.ഐ.എ അന്വേഷ

ഏതറ്റംവരെയും പോകും–സുബ്രഹ്മണ്യം

ചേകന്നൂർ കേസ്: എൻ.ഐ.എ. അന്വേഷ

ഇടപെടും – സുബ്രഹ്മണ്യൻസ്വാ

ചേകന്നൂർ മൗലവികേസ് എൻ ഐ

അന്വേഷിക്കണം: ഡോ. സുബ്രഹ്മണ

ചേകന്നൂർ തിരോധാനം എൻ.ഐ.എ അന്വേഷിക്കണം സുബ്രഹ്മണ്യംസ്വാമി

ചേകന്നൂർ മൗലവിയുടെ മരണം ദേശീയ ഏജൻസി അന്വേഷിക്കണം: സുബ്രഹ്മണ്യൻ സ്വാമി

ചേകന്നൂർ കേസിൽ എൻ.ഐ.എ. അന്വേഷണത്തിനായി ഇടപെടുമെന്ന് സുബ്രഹ്മണ്യൻ സ്വാമി

ചേകന്നൂർ വധം: പ്രധാ

കാന്തപുരമെന്ന് സാലി

ചേകന്നൂർ മൗലവിയുടെ തിരോധാനം എൻ.ഐ.എ അന്വേഷണത്തിന് ശ്രമിക്കും: ഡോ. സുബ്രഹ്മണ്യസ്വാമി

കേരളത്തിന് അപമാനം: വി. മുരളീധരൻ

കന്നൂർ വധം എൻഐഎ

ന്വേഷിക്കണം: സുബ്രഹ്മണ്യൻ സ്വാമി

**വാർത്താ മാധ്യമങ്ങളിൽ നിറഞ്ഞുനിന്ന മതഭീകരത വിരുദ്ധ വാരാചരണം**

INDIAN EXPRESS

### Subramanian Swamy for NIA Probe into Chekannur Case

Express News Service

Kozhikode: Janata Party president Subramanian Swamy has said that he would make efforts to initiate an NIA probe into the murder of Chekannur Moulavi. He was speaking after inaugurating the anti-religious terrorism-observance week organised by the Quran Sunnath Society (QSS) in connection with the 20th death anniversary of Chekannur Moulavi. "I will study the case diary of Che-

#### KANTHAPURAM ACCUSED

K K Salim Haji, president of the Quran Sunnath Society, has alleged that Kanthapuram A P Abubacker Musliyar is the 'prime accused' in the Chekannur Moulavi murder case. He was delivering the presidential address at the function. Salim Haji added that he would go ahead with the case.

announced that it would vote for the NDA. Ahmadiyya and other Muslim communities are also ready to announce allegiance to the NDA and it is becoming a big organisation," Swamy said.

He urged everyone to be a nationalist. "It is not important whether you are a Hindu or a Muslim. What is important for everyone is to be an Indian first. India will become a super power, if Hindus, Muslims and other religious communities join

**(മതഭീകരതാവിരുദ്ധ വാരാചരണത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ച മുൻ കേന്ദ്രമന്ത്രി സുബ്രഹ്മണ്യ സ്വാമിയുടെ പ്രസംഗത്തിന്റെ വിശദരൂപം)**

# സുബ്രഹ്മണ്യ സ്വാമി പറഞ്ഞതും തേജസ് പത്രം എഴുതിയതും

കെ.എസ്.എസ്. ഭാരവാഹികൾക്കും ഇവിടെ സന്നിഹിതരായവർക്കും അസ്സലാമു അലൈക്കും. കെയിംബ്രിഡ്ജ് യൂണിവേഴ്സിറ്റിയുടെ പ്രസിദ്ധീകരണത്തിൽ ഹിന്ദുവിന്റെയും മുസ്ലിമിന്റെയും ഡി.എൻ.എയുടെ ഘടന ഒന്നാണെന്ന പരിശോധനാഫലം പ്രസിദ്ധീകരിച്ചിരുന്നു. അങ്ങനെ ഹിന്ദുക്കളും മുസ്ലിംകളും ഒരമ്മ പെറ്റ മക്കളും സഹോദരീ സഹോദരന്മാരുമാണെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിരിക്കുന്നു. ആ നിലക്ക് നാം ഒരുമിച്ച് നിൽക്കണം. ഇസ്ലാമിക ബാങ്കിംഗിനെ എതിർത്തപ്പോൾ എല്ലാവരും എന്നെ തെറ്റിദ്ധരിച്ചു. ഇസ്ലാമിക ബാങ്കും ഇന്ത്യൻ ബാങ്കും തമ്മിലെന്താ വ്യത്യാസം. ഇന്ത്യൻ ബാങ്ക് പലിശ വാങ്ങുകയും കൊടുക്കുകയും ചെയ്യുന്നു. ഇസ്ലാമിക ബാങ്ക് പലിശ വാങ്ങുന്നില്ല. ഇന്ത്യൻ ബാങ്കിൽ നിന്ന് വീട് വാങ്ങാൻ വായ്പയെടുക്കണമെങ്കിൽ ബാങ്ക് നമുക്ക് പൈസ തരും. അതിനുശേഷം ഇൻസ്റ്റാൾമെന്റായി മുതലും പലിശയും തിരിച്ചുപിടിക്കും. ഇസ്ലാമിക ബാങ്ക് നിങ്ങൾക്ക് പണം തരില്ല. ഏത് വീടാണ് വാങ്ങുന്നത്, അത് ചൂണ്ടിക്കാണിച്ച് കൊടുക്കുകയും അത് ബാങ്ക് നിങ്ങൾക്ക് വാങ്ങിത്തരികയും ചെയ്യുന്നു. എന്നിട്ട് ഒരു സർവീസ് ചാർജ്ജ് കൂടി ഈടാക്കി പണം തിരിച്ചുപിടിക്കുന്നു. നേരിട്ട് പണം നല്കുന്നതിനു പകരം വീട് വാങ്ങി തന്ന് സർവീസ് ചാർജ്ജ് ഈടാക്കി, ഇങ്ങനെ വളഞ്ഞ് മൂക്കുപിടിക്കേണ്ട വല്ല കാര്യവുമുണ്ടോ? സർവ്വീസ് ചാർജ്ജാണെങ്കിൽ സാധാരണ ബാങ്ക് വാങ്ങുന്നതിന്റെ ഇരട്ടി ഈടാക്കുകയും ചെയ്യുന്നു.

എന്റെ സുഹൃത്തും ഡൽഹി വഖഫ് ബോർഡ് സെക്രട്ടറിയുമായ കമൽ ഫാറൂഖ് ചോദിച്ചു "നിങ്ങൾ ഏക സിവിൽകോഡ് വേണമെന്ന് വാശിപിടിക്കുന്നത് എന്തുകൊണ്ടാണ്?" ഞാൻ തിരിച്ചുചോദിച്ചു. "ഏക സിവിൽകോഡ് പാടില്ലെന്ന് നിങ്ങൾ വാശിപിടിക്കുന്നത് വിശദീകരിക്കാമോ?" അദ്ദേഹം പറഞ്ഞു. "അത് ശരീഅത്ത് നിയമത്തിന് എതിരാണ്. അതുകൊണ്ടാണ് ഏകസിവിൽകോഡിനെ എതിർക്കുന്നത്''. ഞാൻ ചോദിച്ചു, നിങ്ങൾ അമേരിക്കയിലും ആസ്ത്രേലിയയിലും ഏക സിവിൽകോഡിന് വിധേയരായി കഴിയുന്നുണ്ടല്ലോ. അപ്പോൾ അദ്ദേഹം പറഞ്ഞു, അവിടെ ഏക സിവിൽകോഡിന് വിധേയരായി മാത്രമേ ജീവിക്കാൻ സാധിക്കൂ. അപ്പോൾ ഞാൻ പറഞ്ഞു, നടക്കില്ല എന്ന സ്ഥലത്ത് നിങ്ങൾക്ക് യാതൊരു പ്രശ്നമില്ല. പേടിയില്ലാത്ത ഇവിടെ നടത്തിയാൽ നടക്കും എന്നതുകൊണ്ട് നിങ്ങൾ ഏക സിവിൽകോഡിനെ എതിർക്കുന്നു. ഇത്രയൊക്കെയുള്ളൂ നിങ്ങളുടെ ശരീഅത്ത് ഭക്തി. അടുത്ത തെരഞ്ഞെടുപ്പിൽ എൻ.ഡി.എ അധികാരത്തിൽ വരുമെന്ന് കരുതി പലരും എന്നെ ഡിന്നറിനും മറ്റും ക്ഷണിക്കാറുണ്ട്. സൗദി അറേബ്യൻ അംബാസഡർ എന്നെ ഡിന്നറിന് ക്ഷണിച്ചപ്പോൾ ഞാനദ്ദേഹത്തോട് ചോദിച്ചു, സൗദി അറേബ്യയിൽ നിങ്ങൾ റോഡിന്റെ ആവശ്യങ്ങൾക്കോ മറ്റോ പള്ളികൾ പൊളിച്ചുനീക്കാറുണ്ടോ? ഞാനറിഞ്ഞത് മുഹമ്മദ് നബി നമസ്കരിച്ച ബിലാൽ മസ്ജിദ് പോലും റോഡിനു വേണ്ടി പൊളിച്ചുവെന്നാണ്. ഇതൊക്കെ മതസ്ഥാപനങ്ങളല്ലേ, ദേവാലയങ്ങളല്ലേ എങ്ങനെ പൊളിക്കാനാവും. അദ്ദേഹം പറഞ്ഞു, മസ്ജിദ് നമസ്കരിക്കാനുള്ള കേന്ദ്രമാണ് അല്ലാതെ ദേവാലയമല്ല. നമസ്കാരം റെയിൽവേ സ്റ്റേഷനിലും നടത്താം. ഞാനദ്ദേഹത്തോട് ചോദിച്ചു, ഒരു പൊതുആവശ്യത്തിന് വേണ്ടി ഒരു മസ്ജിദ് പൊളിക്കാമോ? അദ്ദേഹം പറഞ്ഞു. അതിൽ ഒരു തെറ്റുമില്ല. ബന്ധപ്പെട്ടവരുമായി ചർച്ചചെയ്ത് യോജിച്ച സ്ഥലത്തേക്ക് മാറ്റുന്നതിൽ ഒരു കുഴപ്പവുമില്ല. അപ്പോൾ ഞാനദ്ദേഹത്തോട് ചോദിച്ചു, ഭാരതത്തിൽ ഞങ്ങൾക്ക് ഒന്നുരണ്ട് പ്രശ്നങ്ങളുണ്ട്. മധുരയിലെ ക്ഷേത്രം, കാശിയിലെ ക്ഷേത്രം, അയോധ്യയിലെ ക്ഷേത്രം എന്നീ സ്ഥലങ്ങളിലെ പള്ളികൾ ഗവൺമെന്റ് ചിലവിൽ മറ്റ് യോജിച്ച സ്ഥലങ്ങളിലേക്ക് മറ്റുള്ളവരുമായി ചർച്ചചെയ്ത് മാറ്റിസ്ഥാപിക്കാൻ തയ്യാറായാൽ സൗദി അറേബ്യയിൽ നിന്ന് ഫത്വ നല്കാൻ തയ്യാറാവുമോ? സത്യത്തിൽ സൗദി മുസ്ലിംകളേക്കാൾ തീവ്രതയുള്ളവരാണോ ഭാരതത്തിലെ മുസ്ലിംകൾ. ഞാനിന്ന് വളരെ സന്തോഷവാനാണ്. നിങ്ങൾ കുറച്ചു പേരെങ്കിലും തീവ്രവാദത്തിനെതിരെ രാജ്യരക്ഷക്കായി ഒത്തുകൂടിയതിൽ വലിയ സന്തോഷമുണ്ട്. നമുക്ക് എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കണം. നമ്മൾ സഹോദരീസഹോദരന്മാരാണ്. എന്റെ മകളുടെ ഭർത്താവ് മുസ്ലിമാണ്. അവൻ എന്റെ

വീട്ടിൽ എന്നോടൊപ്പം താമസിക്കുന്നു. എന്റെ മരുമകനില്ലാത്ത പ്രശ്നം മുസ്ലിംകൾക്ക് ഉണ്ടാവേണ്ട കാര്യമുണ്ടോ?!

പ്രശ്നങ്ങൾ എല്ലാവർക്കും ഒരുപോലെയാണ്. ഹിന്ദുവിന്റെ പ്രശ്നം, മുസ്ലിമിന്റെ പ്രശ്നം എന്നൊന്നില്ല. അഴിമതി, വിലക്കയറ്റം, തൊഴിലില്ലായ്മ ഇതിനൊന്നും മതമില്ല. എല്ലാവരും ഒന്നിച്ചനുഭവിക്കുന്നു. നമ്മളെല്ലാവരും പ്രാഥമികമായി ഭാരതീയരാണ്. അത് കഴിഞ്ഞാണ് ഹിന്ദുവും മുസ്ലിമും ഒക്കെ. ശിവാജിയുടെ കാലത്ത് അദ്ദേഹത്തിന്റെ സേനാനായകൻ മുസ്ലിം ആയിരുന്നു. 1857ലെ ഒന്നാം സ്വാതന്ത്ര്യസമരം ഹിന്ദുക്കളും മുസ്ലിംകളും ഒന്നിച്ച് നടത്തിയ സമരമായിരുന്നു. അന്ന് ബഹദൂർഷാ സഫറിനെ നേതാവായി തെരഞ്ഞെടുത്തു. പ്രധാനമന്ത്രിയായി ഒരു ഹിന്ദുവിനെയും തെരഞ്ഞെടുത്തു. ഈ ഐക്യം കണ്ട് ഭയപ്പെട്ട് ബ്രിട്ടീഷുകാർ മുസ്ലിംകളെയും ഹിന്ദുക്കളെയും ഭിന്നിപ്പിക്കാൻ പല തന്ത്രങ്ങളും പയറ്റി. ആ കെണിയിൽ മുഹമ്മദലി ജിന്ന വീണു. അതിന്റെ ഫലമായി ഭാരതം വിഭജിക്കപ്പെട്ടു. ബ്രിട്ടീഷുകാർ അംബേദ്ക്കറെയും സ്വാധീനിച്ചു. പക്ഷെ അംബേദ്ക്കർ അതിൽ വീണില്ല. നിങ്ങൾ ഭാരതത്തിനുവേണ്ടി നിലകൊള്ളുകയാണെങ്കിൽ ആര് നിങ്ങളെ ഉപദ്രവിക്കുവാൻ വന്നാലും ഞാൻ നിങ്ങളോടൊപ്പമുണ്ടാവും. ചേകനൂർ മൗലവിയുടെ കേസിന്റെ കാര്യത്തിൽ ഞാൻ കേസ് പഠിച്ച് എൻ.ഐ.എയുടെ ശ്രദ്ധയിൽ പെടുത്തും. ഖുർആൻ സുന്നത്ത് സൊസൈറ്റി പോരാട്ടങ്ങളുമായി ധൈര്യപൂർവം മുന്നോട്ടുപോകണം. ഞാൻ ഇനിയും കോഴിക്കോട് വരും. ചേകനൂർ മൗലവിയുടെ കേസ് പരിശോധിച്ച് എൻ.ഐ.എയുടെ റിസൾട്ടുമായി നിങ്ങളെ അഭിമുഖീകരിക്കും. നന്ദി.



ചേകന്നൂർ അനുസ്മരണവേദിയിൽ വർഗീയത വിളമ്പി സുബ്രഹ്മണ്യൻ സ്വാമി

തേജസ് ദിനപത്രം പ്രസിദ്ധീകരിച്ച വാർത്ത

# ചിന്താസ്വാതന്ത്ര്യം നഷ്ടപ്പെട്ടാൽ മനുഷ്യൻ മൃഗമായി അധഃപതിക്കും– അക്ബർ സ്നേഹക്കൂട്

ഞാൻ ആദ്യമായാണ് ചേകനൂർ മൗലവിയുടെ ഒരു പരിപാടിയിൽ പങ്കെടുക്കുന്നതെന്നും മനുഷ്യനെ ചിന്തിപ്പിക്കാനാണ് ഖുർആന്റെ ഉദ്ബോധനമെന്നും ചിന്താസ്വാതന്ത്ര്യം നഷ്ടപ്പെട്ടാൽ മനുഷ്യൻ മൃഗമായി അധഃപതിക്കുമെന്നും അക്ബർ സ്നേഹക്കൂട് അഭിപ്രായപ്പെട്ടു. ചേകനൂർ അനുസ്മരണ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇരുട്ടിൽനിന്നും ഇരുട്ടിലേക്കും അവിടെനിന്ന് കൂരിരുട്ടിലേക്കും അധോഗമനം നടത്തിക്കൊണ്ടിരിക്കുന്ന ഒരു ജനതയെ വിശ്വമാനവിക ദർശനമായ ഖുർആനിലേക്ക് ശ്രദ്ധ തിരിക്കുകയാണ് ചേകനൂർ ചെയ്തത്. അന്ധകാരത്തിന്റെ ആയിരമായിരം ചങ്ങലകൾ മനുഷ്യരുടെ പിരടിയിൽ മതങ്ങൾ കെട്ടിവെക്കുന്നു. ഭാരതീയ ഉപനിഷത്തുക്കളിൽ നിന്നും എനിക്ക് ലഭിച്ച ചില സംശയങ്ങൾ ഉന്നയിച്ചതോടെ കേരളത്തിൽ കേഡർ സ്വഭാവത്തിൽ പ്രവർത്തിക്കുന്ന ഒരു മതസംഘടനയിൽനിന്നും പുറത്തേക്കുള്ള വഴി എൻ.എച്ച് 47 പോലെ എനിക്ക് തുറന്നുതന്ന അനുഭവമാണ് എനിക്കുള്ളത്. ഇപ്പോൾ ഇതാ ഞാൻ ഖുർആനിക സത്യങ്ങൾ ധീരമായി ചിന്തിക്കാനും ധീരമായി വായിക്കാൻ ധീരമായി ചോദിക്കാനും ശ്രമിക്കുന്നു. ഖുർആൻ മുമ്പോട്ടുവെക്കുന്നത് വെറും ഏകദൈവ സങ്കല്പമല്ല. മറിച്ച് ഏകത്വ ദർശനമാണ്. ദൈവിക ഗ്രന്ഥത്തിലെ ദൈവിക വചനങ്ങൾ സുതാര്യവും ലളിതവുമായിരിക്കണം. ഇന്നുള്ള പരിഭാഷകൾ ഖുർആനെ ആർക്കും ഗ്രഹിക്കാൻ സാധ്യമാകാത്ത വിധമാണ് എഴുതപ്പെട്ടിട്ടുള്ളത്. മതമെന്നത് ചരിത്രമായും സംസ്കാരമായും ബന്ധപ്പെട്ടുകിടക്കുന്നതാണ്. എന്നാൽ ദൈവികദർശനത്തിന് ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും പിൻബലമില്ലാതെ തന്നെ നിലനില്പുള്ളവയാണെന്നും അക്ബർ സ്നേഹക്കൂട് തുടർന്നുപറഞ്ഞു.

# ജൂലായ് 29: ഖുർആനിക സത്യങ്ങൾ തുറന്നുപറയുന്ന ദിവസം– ഡോ. അബ്ദുൽ ജലീൽ

ജൂലൈ 29, ചേകനൂർ മൗലവിയുടെ രക്തസാക്ഷിത്വ ദിനമായതിനാൽ ഈ ദിനം ഖുർആനിക ആദർശപ്രചരണത്തിനു വേണ്ടി ഇനിയും ഉപയോഗിക്കുമെന്ന് ഖുർആൻ സുന്നത്ത് വൈസ് പ്രസിഡന്റ് ഡോ. അബ്ദുൽ ജലീൽ പുറ്റേക്കാട് അഭിപ്രായപ്പെട്ടു. വിശുദ്ധ ഖുർആനുമയോ മുഹമ്മദ് നബിയുമായോ യാതൊരു ബന്ധവുമില്ലാത്ത മതമാണ് അഹ്ലുസുന്നത്ത് ജമാഅത്ത്. ഏതാണ്ട് 20 വർഷങ്ങൾക്ക് മുമ്പ് ചേകനൂർ മൗലവി പ്രചരിപ്പിച്ച ഖുർആനിക സത്യങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് ഖുർആൻ സുന്നത്ത് സൊസൈറ്റി മുന്നോട്ടുപോയിട്ടുണ്ട്. സുന്നി മുജാഹിദ് ജമാഅത്ത് വിഭാഗങ്ങൾ വളരെ ആദരപൂർവ്വം കൊണ്ടുനടക്കുന്ന അഞ്ചുനേരത്തെ നമസ്കാരം, മുഹമ്മദ് നബിയോ ഖലീഫമാരോ കേട്ടിട്ടില്ലാത്ത അഞ്ചുനേരത്തെ ബാങ്ക്വിളി, സ്വന്തം ശരീരത്തെയും സമൂഹത്തെയും അട്ടിമറിച്ചുകൊണ്ടുള്ള പകൽ പട്ടിണി കല്ലേറും കല്ല് ചുംബനവുമായി ജാഹിലീയ ആചാരങ്ങൾ നിറഞ്ഞ ഹജ്ജ്. ഇതൊക്കെയാണ് ഇന്നത്തെ ഇസ്ലാമിന്റെ മുഖമുദ്ര. ഇതിനു ഖുർആനുമായോ മുഹമ്മദ് നബിയുമായോ യാതൊരു ബന്ധവുമില്ല. ഇത്തരം ആചാരങ്ങൾ അനുഷ്ഠിക്കുന്നത് ഖുർആനിക ദൃഷ്ടിയിൽ ശിർക്കാണെന്നും അത് ഏറ്റവും വലിയ പാപമാണെന്നുമാണ് ചേകനൂർ മൗലവി സമർത്ഥിച്ചത്. ഈ അടുത്ത കാലത്ത് ഒട്ടേറെ ഖുർആനിക പണ്ഡിതന്മാരിലൂടെ ഒട്ടധികം ഖുർആനിക സത്യങ്ങൾ നമ്മൾ പഠിക്കുകയും അത് സമൂഹത്തെ പഠിപ്പിക്കുകയും ചെയ്യുന്നു. ഇന്ന് നമ്മൾ കാണുന്ന ഹിജ്റ കലണ്ടർ മുഹമ്മദ് നബിയുമായോ ഇസ്ലാമുമായോ യാതൊരു ബന്ധവുമില്ലാത്തതാണ്. സൂര്യവർഷത്തെ ആസ്പദമാക്കി ഉണ്ടാക്കിയ റോമാ കലണ്ടറായിരുന്നു അറേബ്യയിൽ ഉപയോഗിച്ചുകൊണ്ടിരുന്നത്. അഹ്ലുസുന്നത്ത് ജമാഅത്ത് എന്ന മതമുണ്ടാക്കി അബ്ബാസികളും അമവികളും ചാന്ദ്രമാസത്തെ ആസ്പദമാക്കിയുള്ള ഹിജ്റ കലണ്ടറിലേക്ക് മാറിയപ്പോൾ അവരുടെ മാസങ്ങളുമായി ബന്ധപ്പെട്ട ആത്മാവ് അവർക്ക് നഷ്ടപ്പെട്ടു. റമളാൻ എന്നാൽ കഠിനചൂട് എന്നാണർത്ഥം. എല്ലാ വർഷവും ചൂട് കാലത്ത് മാത്രം വന്നിരുന്ന റംസാൻ ചാന്ദ്രമാസത്തിലേക്ക് മാറിയതോടെ ചൂടുകാലത്തും തണുപ്പുകാലത്തും താളംതെറ്റി വന്നുകൊണ്ടിരുന്നു. കാലാവസ്ഥക്കോ കൃഷിക്കോ ഒന്നും ഉപയോഗിക്കാൻ പറ്റാത്തവിധം ഹിജ്റ കലണ്ടർ അധഃപതിച്ചു. ഇപ്പോൾ അറബികൾക്കുപോലും കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കാൻ അവർ റോമൻ കലണ്ടറിനെ ആശ്രയിക്കേണ്ട ഗതികേടാണുള്ളത്. അഞ്ചുനേരത്തെ ബാങ്കും നമസ്കാരവും നോമ്പും ഹജ്ജും നിലനിർത്തുന്നതിനുവേണ്ടി മുആവിയയാണ് ഹിജ്റ കലണ്ടർ നടപ്പിലാക്കിയത്. ഉമറുൽ ഫാറൂഖിന്റെ പേര് ഇതുമായി ബന്ധപ്പെട്ട് പറയുന്നുണ്ടെങ്കിലും അമവീ ഭരണത്തിലാണ് ഹിജ്റാ കലണ്ടർ നിലവിൽ വന്നത്. ചേകനൂർ മൗലവി അനുസ്മരണ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ഡോ. ജലീൽ പുറ്റേക്കാട്.

---

# അടഞ്ഞ വാതിലുകൾ അടുത്ത മനസ്സിന്റെ പ്രതീകങ്ങൾ: സുരേഷ്ബാബു

നമ്മുടെ വീടിന്റെയും ഗേറ്റിന്റെയും അടഞ്ഞ വാതിലുകൾ അടഞ്ഞുപോയ മനസ്സിന്റെ പ്രതീകങ്ങളാണെന്ന് എ.ഐ.വൈ.എഫ് സംസ്ഥാനസമിതി അംഗം സുരേഷ്ബാബു അഭിപ്രായപ്പെട്ടു. ജൂലായ് 29ന് ചേർന്ന ചേകനൂർ മൗലവി അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. അമ്പലത്തിന്റെയും പള്ളിയുടെയും എണ്ണവും ആസ്തിയും വർദ്ധിക്കുമ്പോഴും ഇവിടെ ആത്മീയത തളരുകയാണ്. രാജസ്ഥാനിൽ പോലും കാണാൻ കഴിയാത്ത മാർബിൾ സൗധങ്ങളാണ് ഇവിടെ ദൈവത്തിനും മനുഷ്യനുമായി ഉയർന്നുകൊണ്ടിരിക്കുന്നത്. കഴിഞ്ഞവർഷം ആന്ധ്രാപ്രദേശിൽ ഉദിച്ച സൂര്യപ്രകാശത്തിന്റെ ഫലമായി അവിടുത്തെ കർഷകൻ നട്ട നെൽച്ചെടികൾ പ്രകാശസംസ്ലേഷണത്തിലൂടെ കാർബോഹൈഡ്രേറ്റു അന്നജവും നെല്ലിന്റെ രൂപത്തിലായി അവിടുത്തെ കർഷകൻ കൊയ്തെടുത്ത് അരിയാക്കി ചാക്കിലാക്കി കോയമ്പത്തൂർ പാലക്കാട് കോഴിക്കോട് വഴി എന്റെ വീട്ടിലെത്തി അത് പാകം ചെയ്ത് ഭക്ഷിച്ചതിന്റെ ഫലമായി എന്റെ ശരീരത്തിന് ലഭിച്ച ഊർജ്ജമാണ് ഈ ശബ്ദമായി നിങ്ങൾക്ക് ലഭിക്കുന്നത്. മനുഷ്യരുടെ നിലനില്പിന് ഈ പ്രകൃതിയിലുള്ള എല്ലാം നിലനിൽക്കണം അതുകൊണ്ട് കൊല്ലരുതെന്ന് പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യണം. അഭിപ്രായവ്യത്യാസങ്ങ

ളുടെ പേരിൽ കൊല്ലുന്നതിലൂടെ ഭീകരത വളരുന്നു, അതുപാടില്ല. ചേകനൂർ മൗലവി അഭിപ്രായവ്യത്യാസങ്ങളുടെ പേരിൽ വധിക്കപ്പെട്ട പണ്ഡിനാണ്. കേസന്വേഷണ ഏജൻസികൾ അന്വേഷണം നടത്തുമ്പോഴൊക്കെ എവിടെ നിന്നൊക്കെയോ കൂച്ചുവിലങ്ങ് വരുന്ന അവസ്ഥയുണ്ട് സത്യം ഒരിക്കൽ മറനീക്കി പുറത്തുവരിക തന്നെ ചെയ്യും. അദ്ദേഹം തുടർന്നുപറഞ്ഞു.

# മാനിഫെസ്റ്റോ സർവ്വമത സത്യവാദമായിരിക്കണം: പി.കെ. അഹമ്മദ്

ഖുർആൻ സുന്നത്ത് സൊസൈറ്റി അവരുടെ മാനിഫെസ്റ്റോ ആക്കി ഉയർത്തി കാണിക്കേണ്ടത് ഖുർആനിലെ സർവ്വമത സത്യവാദമായിരിക്കണമെന്ന് പുരോഗമന കലാസാഹിത്യസംഘം പി.കെ. അഹമ്മദ് അഭിപ്രായപ്പെട്ടു. ചേകനൂർ അനുസ്മരണ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കർമ്മമാണ് മനുഷ്യജീവിതത്തിന്റെ സാഫല്യമെന്ന് കാണിച്ചുതരികയും വേദപ്രമാണങ്ങൾ വഴി അത് സ്ഥാപിക്കുകയും ചെയ്യുകവഴി ആത്മബോധം നഷ്ടപ്പെട്ട ഒരു തലമുറക്ക് ആത്മബോധം നല്കിയത് ചേകനൂർ മൗലവിയാണ്. വിയോജിക്കാനുള്ള അവകാശത്തിന് വേണ്ടി പൊറുതി മരിക്കുക എന്നതുപോലും ധാർമ്മിക അവകാശമായി കാണുന്ന ഒരു സംസ്കാരത്തിന്റെ മണ്ണിൽ ഇങ്ങനെ ഒരു വൈകുന്നേരം ഇതേദിവസം അപ്രത്യക്ഷനായൊരു മനുഷ്യന് എന്ത് സംഭവിച്ചു എന്ന് വ്യക്തമായി ഉത്തരംനല്കാൻ കഴിയാത്തവിധം നമ്മുടെ ധാർമ്മിക മണ്ഡലവും, നീതിപീഠത്തിന്റെ മണ്ഡലവും, ജനാധിപത്യത്തിന്റെ മണ്ഡലവും, പൗരാവകാശങ്ങളുടെ മണ്ഡലവും, ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ മണ്ഡലവും ലജ്ജിക്കേണ്ട അവസ്ഥയാണ് ചേകനൂർ തിരോധാനം ഇവിടെ ഉണ്ടാക്കിയിട്ടുള്ളത്. മൗലവിയുടെ ഘാതകർ നമുക്കുചുറ്റും നിറഞ്ഞുനില്ക്കുമ്പോഴും അവരെ നിയമത്തിന്റെ കരങ്ങൾ സ്പർശിക്കുന്നില്ല എന്നതും മാത്രമല്ല ആ ശക്തികൾ പൂർവ്വാധികം ശക്തിയോടെ രാജ്യദ്രോഹമായി, മനുഷ്യവിരുദ്ധമായി, കാലവിരുദ്ധമായി വളർന്നുകൊണ്ടിരിക്കുന്നുവെന്നത് വല്ലാത്തൊരു കാഴ്ചയാണ്.

പെൺമക്കളുടെ വിദ്യാഭ്യാസത്തോടെ മുസ്ലിം സമൂഹത്തിന്റെ സമീപനങ്ങൾ മാറുകയും എങ്ങനെയെങ്കിലും കെട്ടിച്ചയക്കുക എന്ന സമീപനത്തിൽ നിന്നും മാറി എത്രവേണമെങ്കിലും വിദ്യാഭ്യാസം നല്കി അവരെ വിദ്യാസമ്പന്നരാക്കി അവസ്ഥയിലേക്ക് സമൂഹം മാറി വിവാഹംപ്രായം 21-22 ഒക്കെ ആവണമെന്ന് ചിന്തിക്കുന്ന വേളയിൽ വിവാഹപ്രായം 16 ആക്കാൻ ഭരണകൂടത്തിന്റെ സ്വാധീനത്തിൽ മതപ്രഭുക്കന്മാർ ശ്രമിക്കുന്നത് തനി കാടത്തമാണ്. ഈ മതമേലാളന്മാർ മുസ്ലിം സമൂഹത്തോട് ചെയ്യുന്ന ഏറ്റവും വലിയ അപരാധമാണിത്. ചേകനൂർ മൗലവി പ്രചരിപ്പിച്ച സർവ്വമതസത്യവാദം ഇന്ത്യ മുഴുവൻ പടർന്നുപന്തലിക്കുമെന്ന് മനസ്സിലാക്കിയ പ്രതിയോഗികൾ അദ്ദേഹത്തെ കർമ്മശാസ്ത്രത്തിന്റെ കൊച്ചു ഇടനാഴികളിൽ തളച്ചിടാൻ ശ്രമിച്ചു. ചിന്താശേഷി കുറഞ്ഞ ആൾക്കൂട്ടത്തിന്റെ വൈകാരികമായ കർമ്മശാസ്ത്രത്തിൽ തളച്ചിടുന്നതിൽ പ്രതിയോഗികൾ വിജയിച്ചു എന്നതിന് തെളിവാണ് അദ്ദേഹത്തിന്റെ നമസ്കാരത്തെ കുറിച്ചുള്ള ഗ്രന്ഥങ്ങൾ. ഇസ്ലാമിക തീവ്രവാദത്തിന്റെ വേരുകൾ ഇസ്ലാമിക പ്രത്യയശാസ്ത്രങ്ങളിൽ തന്നെയാണ്. ഇത്തരം വിഷവിത്തുകൾ കൊച്ചുനാൾ മുതൽ മതപാഠശാലകളിൽ തന്നെ പഠിപ്പിക്കുന്നു. ചേകനൂർ മൗലവിയുടെ പ്രബോധനങ്ങളിൽ വിവാദമാകേണ്ടിയിരുന്നത് നമസ്കാരത്തിന്റെ സമയമെത്ര എന്നതല്ലായിരുന്നു, സർവ്വമത സത്യവാദത്തിലധിഷ്ഠിതമായ മിശ്രവിവാഹമായിരുന്നു. പക്ഷെ അതല്ല ഇവിടെ സംഭവിച്ചത്.

പുതിയ ഇസ്ലാം വളരെ ശക്തമായി ശക്തിപ്രാപിക്കുന്നുണ്ട്. ഇസ്ലാമിക മോഡേണിസം, ഇസ്ലാമിക ഫെമിനിസം, ഇസ്ലാമിക ഇക്കോളജി എന്നിവയിൽ അധിഷ്ഠിതമായി ലോകത്തോളം വലുതായ അവസ്ഥയിലേക്ക് പുതിയ ഇസ്ലാം വളരുന്നുണ്ട്. മാനവികത തന്നെയാണ് ഇസ്ലാം എന്ന മുഖമുദ്രയുമായി കടന്നുവരുന്ന പുതിയ ഇസ്ലാമിന്റെ സിയാവുദ്ദീൻ സർദാർ, ഫാത്തിമ മെർണിഡി, ആമിന വദൂദ് തുടങ്ങിയവരൊക്കെ എത്തിനില്ക്കുന്നത് ചേകനൂർ മൗലവി വർഷങ്ങൾക്ക് മുമ്പ് പറഞ്ഞ സത്യങ്ങളിൽ തന്നെയാണ്.

ഹജ്ജ് എന്ന ആചാരം ഇല്ലാതാവുകയും അവിടെ കൊല്ലപ്പെടുന്ന നിരപരാധികളായ മൃഗങ്ങളോട് സഹതപിക്കാനും തയ്യാറായാൽ അതുമാത്രം മതി ഖുർആൻ സുന്നത്ത് സൊസൈറ്റിയുടെ വളർച്ചക്ക്. സംഗീതം ഹറാമാണെന്ന രണ്ട് ഫത്വകൾ ഇന്നും നിലനില്ക്കുന്നു. ഒന്ന് മമ്പുറം ഫസൽ പൂക്കോയ തങ്ങളുടേത്. ഒന്ന് മൗദൂദിയുടേത്. കർമ്മശാസ്ത്രത്തിന്റെ കൊച്ചു ഇടനാഴിയിൽ ചേകനൂർ മൗലവിയെ കെട്ടിയിട്ട കാലത്ത് സർവ്വമത സത്യവാദത്തിന്റെ പന്തവുമായി ഇടതുപക്ഷം ചേകനൂർ മൗലവിയെ ഉയർത്തി കാട്ടിയിരുന്നെങ്കിൽ ഇങ്ങനെ ദുരന്തം അദ്ദേഹത്തിന് സംഭവിക്കില്ലായിരുന്നു. കേരളത്തിന്റെ പുതിയ നൂറ്റാണ്ടിൽ നവോത്ഥാനത്തിന്റെ തിരിതെളിയിച്ചത് ചേകനൂർ മൗലവിയാണ്. അദ്ദേഹം തുടർന്നുപറഞ്ഞു.

## മതമൗലിക വാദവും തീവ്രവാദവും ആവശ്യമാണ്: അൻസാരി

മതത്തിന്റെ മൗലികമായ തത്വങ്ങൾ അനുസരിച്ച് ജീവിക്കണമെന്ന് വാദിക്കലാണ് മതമൗലികവാദം. ആ തത്വങ്ങൾ തീവ്രമായി തന്റെ ജീവിതത്തിൽ നടപ്പാക്കണമെന്ന് വാദിക്കലാണ് മതതീവ്രവാദം. മതത്തിന്റെ മൗലികമായ തത്വങ്ങൾ സ്നേഹം ഭയം കാരുണ്യം സഹജീവി സ്നേഹം എന്നീ മാനവരാശിക്ക് സമാധാനവും സുരക്ഷിതത്വവും നല്കുന്നവയാണ്. അതിനാൽ മതമൗലികവാദവും മതതീവ്രവാദവും ആവശ്യാണെന്ന് സൈതലവി അൻസാരി അഭിപ്രായപ്പെട്ടു. തന്റെ സഹജീവിയെ കൊല്ലലും കേവലം ചില ആചാരങ്ങളും മൃഗങ്ങളുടെ രക്തം ഒഴുക്കുന്നതും വേഷപ്രച്ഛന്നരായി മന്ത്രങ്ങളുരുവിട്ട് സഊദി അറേബ്യയിൽ നടക്കലുമാണ് മതത്തിന്റെ മൗലികതത്വങ്ങളെന്ന് വാദിക്കുമ്പോഴാണ് മതമൗലിക വാദം എതിർക്കപെടേണ്ടത്. എല്ലാ മതങ്ങളും പറയുന്നത് നന്മകൾ തന്നെയാണ്. മനുഷ്യരെല്ലാം ഒരു പിതാവിന്റെയും മാതാവിന്റെയും സൃഷ്ടികളാണെന്ന് ഇസ്‌ലാം മതവും, തന്നെപ്പോലെ തന്റെ അയൽക്കാരനെയും സ്നേഹിക്കണമെന്ന് ക്രിസ്തുമതവും എല്ലാവരും സഹോദരീ സഹോദരന്മാരാണെന്ന് ഹിന്ദുമതവും പറയുന്നുണ്ടെങ്കിലും പ്രായോഗികതലത്തിൽ തലതിരിഞ്ഞ അവസ്ഥയിലാണ് പ്രതിഫലിച്ചുകാണുന്നത്. ശത്രുക്കളുടെ കഴുത്തും ശേഷം വിരലുകളും വെട്ടുക, അമുസ്‌ലിംകളെ കണ്ടേടത്ത് വെച്ച് കൊല്ലുക, ശഹാദത്ത് കലിമ ചെയ്യുന്നതുവരെ യുദ്ധം ചെയ്യണമെന്ന കല്പന ഇങ്ങനെ എഴുതിവെക്കപ്പെട്ട പരിഭാഷകളും പ്രമാണങ്ങളും ഉള്ളപ്പോൾ ഒരു ശരാശരി മുസ്‌ലിം തീവ്രവാദി ആയിട്ടില്ലെങ്കിലേ അത്ഭുതമുള്ളൂ. ഇത്തരം അസംബന്ധങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തുകൊണ്ട് ഇസ്‌ലാം സമാധാനത്തിന്റെ മതമാണെന്ന് പറയുന്നതുതന്നെ ഭ്രാന്തൻ സംസാരമാണ്.

ആറാം നൂറ്റാണ്ടിലെ അറബികളുടെ അന്ധവിശ്വാസങ്ങളാണ് ഇസ്‌ലാം എന്ന ലേബലിൽ ഇവിടെ അവതരിപ്പിക്കുന്നത്. അത് ഖുർആൻ കൊണ്ട് പ്രതിരോധിക്കേണ്ടതാണ്. കർമ്മശാസ്ത്ര ഗ്രന്ഥമെന്ന് പറയുന്നത് തന്നെ ശരിയല്ല. മന്ത്രങ്ങളും തസ്ബീഹുകളും പ്രാർത്ഥനകളുമാണ് ആ ഗ്രന്ഥത്തിലുള്ളത്. അതിൽ ഒരു കർമ്മവുമില്ല. കർമ്മശാസ്ത്ര ഗ്രന്ഥ പ്രകാരം ലോകത്തുള്ള എല്ലാവരും ദൈവസാമീപ്യം നേടാൻ പള്ളിയിൽ കയറി ഇരുന്ന് ദിക്റ് ചൊല്ലിയിരുന്നെങ്കിൽ ലോകം വട്ടപൂജ്യമായി മാറുമായിരുന്നു. ആറാം നൂറ്റാണ്ടിലെ അറേബ്യൻ ആചാരങ്ങളും വിശ്വാസങ്ങളും അംഗീകരിക്കാൻ വന്ന ഗ്രന്ഥമല്ല ഖുർആൻ എന്നുള്ള സത്യം നാം സമൂഹത്തെ ബോധ്യപ്പെടുത്തണമെന്നും അൻസാരി തുടർന്നുപറഞ്ഞു.

## മുടിയും വിയർപ്പും ഇപ്പോൾ പൊടിയും: മുതൂർ അബൂബക്കർ മൗലവി

മുടിയും വിയർപ്പും വിറ്റ് മതകച്ചവടം നടത്തുന്നവർ പ്രവാചകന്റെ ഖബറിനടുത്ത് നിന്ന് ശേഖരിച്ച പൊടിയുമായി രംഗത്ത് വന്നിട്ടുണ്ടെന്ന് മുതൂർ അബൂബക്കർ മൗലവി പറഞ്ഞു. പ്രവാചകന്റെ മുടി, വിയർപ്പ് എന്നിവക്ക് പുണ്യമുണ്ടെന്ന് പ്രചരിപ്പിച്ചത് ഹദീസുകളാണ്. ഇപ്പോൾ ഇതാ പൊടിയും. ഇത് സംസം വെള്ളവും ചേർത്താണ് വിതരണം ചെയ്യുന്നത് എന്നാണ് അറിയുന്നത്. മുടിയിട്ട വെള്ളത്തിൽ പൊടിയും കലർത്തി സംസം വെള്ളവും ചേർത്ത് സേവിക്കാൻ രസകരമായ ചികിത്സാ രീതി തന്നെയാണ്. ഏതായാലും കേരളീയർ ലജ്ജിച്ച് തലതാഴ്ത്തേണ്ട വങ്കത്തരങ്ങളാണ് ചില മുസ്‌ല്യാക്കന്മാരുടെ നേതൃത്വത്തിൽ ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഇത് സാംസ്കാരിക കേരളത്തിന് അപമാനകരമാണ്.

തങ്ങളുടെ ആചാരങ്ങളും വിശ്വാസങ്ങളും ഖുർആൻ വിരുദ്ധമായത് കൊണ്ട് ചീട്ടുകൊട്ടാരം പോലെ തകരുമെന്ന് ഭയപ്പെട്ടവരാണ് ചേകനൂർ മൗലവിയെ കൊലപ്പെടുത്തിയത്. എന്നാൽ ചേകനൂർ മൗലവിയെ ഇല്ലാതാക്കാൻ ആർക്കും സാധിച്ചിട്ടില്ല. ജീവിച്ചിരുന്ന ചേകനൂരിനേക്കാൾ ശക്തനാണ് മരണപ്പെട്ട ചേകനൂർ. പൗത്രന്മാർക്ക് സ്വത്തവകാശം നിഷേധിച്ചതിനെ ചോദ്യംചെയ്തപ്പോഴും, മതകല്പനത്തിൽ തമ്മിൽ തല്ലുന്നവർക്ക് സർവ്വമതസത്യവാദം കേൾപ്പിച്ചപ്പോഴുമാണ് ചേകനൂരിനെ കല്ലെറിഞ്ഞത്. ഇത്തരം ഒരാദർശം പറഞ്ഞതിന്റെ പേരിൽ ഒരാൾ കൊല്ലപ്പെട്ടു എന്ന ചിന്തയാണ് പലരേയും ഖുർആനിലേക്ക് എത്തിച്ചത്. "ദൈവമാർഗ്ഗത്തിൽ കൊല്ലപ്പെട്ടവർ മരിച്ചു എന്ന് നിങ്ങൾ പറയരുത്, അവർ ജീവിച്ചിരിക്കയാണ്" എന്ന ഖുർആനിക സത്യം ഇവിടെ പുലർന്നുകഴിഞ്ഞു. അതിന്റെ വ്യക്തമായ സത്യമാണ് ഈ നിറഞ്ഞുകവിഞ്ഞ ഈ സദസ്സ്. മുടി കച്ചവടം ചെയ്യുന്നവർക്ക് ഒത്താശ ചെയ്ത് ഭരണകൂടം സാംസ്കാരിക കേരളത്തെ അപമാനിക്കുകയാണ് ചെയ്യുന്നത് എന്നും മുതൂർ അബൂബക്കർ മൗലവി അഭിപ്രായപ്പെട്ടു. മുഹമ്മദ് നബിയെ എത്രമാത്രം താറടിച്ച് ചിത്രീകരിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെടാനെങ്കിലും നിങ്ങൾ ഹദീസുകൾ പഠിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.








ചേകന്നൂർ മൗലവിയുടെ 20ാം രക്ത സാക്ഷിത്വ ദിനവും മതഭീകരതാ വിരുദ്ധ വാരാചരണവും
ഉദ്ഘാടനം: ഡോ. സുബ്രഹ്മണ്യസ്വാമി (മുൻ കേന്ദ്രമന്ത്രി)
അസ്ഗറലി എൻജിനീയർ നഗർ

വ്യത്യസ്ത വായന ! വ്യത്യസ്ത സമീപനം !!
മലയാളത്തിൽ അദ്യമായി സുജൂദ്, മസ്ജിദ്
തുടങ്ങിയ വിഷയങ്ങളെ ഐതിഹ്യങ്ങളേയും മിത്തുകളേയും
മാറ്റിനിർത്തികൊണ്ട് ഖുർആന്റെ വെളിച്ചത്തിൽ മാത്രം
വിലയിരുത്തുന്ന ഗ്രന്ഥങ്ങൾ...










## ഖുർആൻ പ്രഭാഷണ CDകൾ ഇപ്പോൾ ലഭിക്കുന്നു










**Contact:**
**Jeevan Publications, Tirur. Ph: 9446297007**